N12<528622191 021
LS
ubTÜBINGEN

Ernst Kapp
Buchbinderei & Papierh.
Tübingen

# LIFE

OF

# Dr. H. GUNDERT

ഗുണ്ടൎത്ത് പണ്ഡിതരുടെ

# ജീവചരിത്രം

MANGALORE
BASEL MISSION BOOK & TRACT DEPOSITORY
1896

**Price: 4 Annas.** വില: ൪ അണ



Rev. Dr. H. Gundert.
ഹെൎമ്മൻ ഗുണ്ടൎത്ത്പണ്ഡിതർ.

# LIFE

OF

# Dr. H. GUNDERT

ഗുണ്ടൎത്ത് പണ്ഡിതരുടെ

# ജീവചരിത്രം

MANGALORE
BASEL MISSION BOOK & TRACT DEPOSITORY
1896

PRINTED AT THE BASEL MISSION PRESS, MANGALORE.

GR VI 106

4.

# മു ഖ വു ര.

---

൧൮൯൩-ാം വൎഷത്തിൽ കേരളജനത്തിന്നു പരിതാപയോഗ്യമായ ഒരു നഷ്ടം നേരിട്ടു. ദൈവരാജ്യത്തിലെ ഒരു മഹാനും സാക്ഷാൽ കേരളോപകാരിയുമായ ബഹുമാനപ്പെട്ട ദിവശ്രീ ഹെൎമ്മൻ ഗുണ്ടൎത്ത് പണ്ഡിതരവൎകൾ ൧൮൯൩ ഏപ്രിൽ ൨൫-ാംനു രാവിലെ നാലര മണിക്കു സ്വൎഗ്ഗയാത്ര ചെയ്തു. അദ്ദേഹത്തിന്റെ ജന്മനാടു കേരളമല്ലെങ്കിലും ഈ പണ്ഡിതശ്രേഷ്ഠൻ കേരളജനങ്ങളുടെ അഭ്യുദയത്തിന്നും മലയാളഭാഷയുടെ ഉൽകൃഷ്ടസ്ഥിതിക്കും വേണ്ടി ചെയ്ത അശ്രാന്തപരിശ്രമങ്ങളാൽ സാക്ഷാൽ മഹാനായ ഒരു കേരളീയൻ എന്ന ഖ്യാതിക്കു യോഗ്യനായിത്തീൎന്നതുകൊണ്ടു അദ്ദേഹത്തിന്റെ മരണം ജനസാമാന്യത്തിന്നും വിദ്വജ്ജനങ്ങൾക്കും പരക്കെ ശോചനീയമായ ഒരവസ്ഥയാകുന്നു. ഈ മഹാൻ തന്റെ ചരമവൎഷങ്ങൾ മുപ്പത്തുമൂന്നും കഴിച്ചതു സ്വദേശത്തായിരുന്നെങ്കിലും ഹിന്തുസ്ഥാനത്തിൽ പാൎത്ത ൨൫ സംവത്സരങ്ങൾക്കുള്ളിൽ എഴുത്തുകളാലും വചനത്താലും ഹിന്തുക്കളുടെ ഗുണത്തിന്നായി പ്രവൃത്തിച്ചതിന്നു പുറമെ സ്വദേശത്തേക്കു മടങ്ങിപ്പോയ ശേഷവും നിത്യപ്രവൃത്തി വേറേയായിരുന്നാലും കേരളം തനിക്കു അത്യന്തപ്രേമാസ്പദമായിരുന്നതുകൊണ്ടു അവസരം കിട്ടുമ്പോഴൊക്കെയും കേരളീയരുടെ സുഖാനുഭവങ്ങൾക്കായി നിൎവ്യാജവാത്സല്യപൂൎവ്വം താനായി അദ്ധ്വാനിക്കയും മറ്റുള്ളവരെ അതിശുഷ്കാന്തിയോടേ ഉത്സാഹിപ്പിക്കയും ചെയ്തുകൊണ്ടു തൻ ആയുഷ്കാലത്തിന്റെ വയോബലം മുഴുവനും ചിലവഴിച്ചതു ഹിന്തുദേശത്തിന്നു വേണ്ടിയായിരുന്നെന്നു മാത്രമല്ല ആജീവനാന്തം ആൎദ്രസ്നേഹപ്രത്യാശകളാലും വിചാരചിന്തകളാലും ആവസിച്ചതും കേരളദേശത്തായിരുന്നു എന്നും പറയേണ്ടിവരും.

ഈ പണ്ഡിതശിരോമണിയെ മുഖാമുഖമായി കണ്ട കേരളീയവൃദ്ധഗണങ്ങളിൽ പലരും അദ്ദേഹത്തെ ഇന്നും സ്നേഹപൂർവ്വം സ്മരിക്കാതിരിക്കയില്ല. വിദ്യാപാരഗന്മാൎക്കൊ ഗുണ്ടൎത്ത് പണ്ഡിതർ എന്ന നാമം അജ്ഞാതവുമല്ല. ഈ ദൈവപുരുഷൻ മലയാളത്തിൽ പരിഭാഷപ്പെടുത്തിയ വേദപുസ്തകഗ്രന്ഥങ്ങളെ പാരായണം ചെയ്കയും അദ്ദേഹം രചിച്ച ഗീതങ്ങളെ ഗായനം ചെയ്കയും ചെയ്യുന്ന കേരളക്രിസ്തീയസമുദായത്തിൽനിന്നും മലയാളഭാഷാതല്പരന്മാരിൽനിന്നും അദ്ദേഹത്തിന്റെ സ്മരണ ഒടുങ്ങിപ്പോകയില്ല നിശ്ചയം. എന്നിട്ടും ഈ പരോപകാരിയുടെ അപൂർവ്വമായ സാഹസപ്രയത്നങ്ങളാൽ നമുക്ക സാദ്ധ്യമായ്വന്നിരിക്കുന്ന നന്മകളെ നന്ദിപൂർവ്വം സ്മരിക്കുമാറു അദ്ദേഹത്തിന്റെ മഹച്ചരിതസംക്ഷേപം കേരളവാസികളുടെ ഉപകാരാൎത്ഥം രചിച്ച പ്രസിദ്ധമാക്കുന്നതു മലയാളികൾക്ക അധികാസ്വാദ്യമായി ഭവിക്കുമെന്നു വിശ്വസിക്കുന്നു.

### ഗുണ്ടത്ത് പണ്ഡിതരുടെ

# ജീവചരിത്രം.

---

## ഒന്നാം അദ്ധ്യായം.

### ഗുണ്ടത്ത് പണ്ഡിതരുടെ യൌവനകാലം.

ഹെർമ്മൻ ഗുണ്ടത്ത് പണ്ഡിതർ ൧൮൧൪ ഫിബ്രവരി മാസം ൧൪-ാം തിയ്യതി ജനിച്ചു. അച്ഛനായ ലൂദ്വിഗ് ഗുണ്ടത്ത് ഒരു വേദപുസ്തകസംഘത്തിൻെറ കരണീകരായിരുന്നു. അമ്മയുടെ പേർ ക്രിസ്ത്യാനേ എൻസ്ലൻ എന്നാകുന്നു. ഹെർമ്മൻ ദൈവഭക്തിയുള്ള ഈ അമ്മയച്ഛന്മാരുടെ മൂന്നാം കുട്ടിയായി ജനിച്ചു. അമ്മ അതിഭയങ്കരമായ ശാരീരികരോഗബലക്ഷയങ്ങളോടും ഓരോ മനോവേദനകളോടും കൂടേ ക്രിസ്തുവിനോടൊന്നിച്ചു ദൈവത്തിൽ ഒളിച്ചു കിടക്കുന്ന ആ വാസ്തവമായ പരമജീവനെ മേല്ക്കുമേൽ ആസ്വാദിച്ചുകൊണ്ടു അതിൽ നിത്യം പെരുമാറുന്ന ഒരു യേശുശിഷ്യ ആയിരുന്നു. അച്ഛനോ ദൈവഭക്തനായ ഒരു ഗുരുനാഥൻെറ മകനും വിശ്വാസത്തിൽ വേരൂന്നി പ്രത്യേകം തൻ കൎത്താവിന്നു വേണ്ടി വല്ലതും പ്രവൃത്തിപ്പാൻ എത്രയോ ഉന്മേഷത്തോടു കൂടേ പരിശ്രമിച്ച ഒരു ദൈവപുരുഷനുമായിരുന്നു. മൂന്നാം കുട്ടിയായ ഹെർമ്മൻ ജനിച്ച തലേകൊല്ലത്തിൽ ഗൎമ്മാനക്കാർ ഫ്രെഞ്ചുകാരുടെ ചക്രവൎത്തിയായ നപ്പോല്യൻെറ നുകത്തെ നീക്കി ലൈപ്സിഗ് എന്ന പോക്കളത്തിൽ വെച്ചു ആ സൎപ്പത്തെ തങ്ങളുടെ കാല്ക്കീഴ ചതച്ചുകളഞ്ഞിരുന്നു. അന്നു ഗൎമ്മാനക്കാരൊക്കയും സ്വാതന്ത്ര്യപരവശരായി ചമഞ്ഞു. സ്വദേശത്തിന്നു വേണ്ടി പോരാടുവാനോ ഔദാൎയ്യദാനങ്ങൾ കൊടുപ്പാനോ ഉള്ള ഒരു കാംക്ഷ എല്ലാരിലും നീളേ ജനിച്ചപ്പോൾ ഗുണ്ടത്ത് പണ്ഡിതരുടെ അച്ഛനും കുഡുംബത്തെ വിട്ടു യുദ്ധത്തിൽ ചേരുവാൻ ആഗ്രഹിച്ചു. മിത്രകളത്രങ്ങൾ തടസ്ഥം പറഞ്ഞതുകൊണ്ടു പോയില്ലതാനും. എന്നാൽ ഗൎമ്മാനർ ജയം പ്രാപിച്ച ശേഷം ജനിച്ച മകന്നു പുരാണ ഗൎമ്മാനരുടെ ഉദ്ധൎത്താവും ത്രാതാവും ആയിരുന്ന ഹെർമ്മൻ എന്ന യുദ്ധവീരൻെറ നാമം ഇടേണം എന്നു നിശ്ചയിച്ചു. ഇങ്ങിനേയാകുന്നു നമ്മുടെ പണ്ഡിതൎക്ക ഹെർമ്മൻ എന്ന പേർ കിട്ടിയതു. "ഇവൻ കൎത്താവായ യേശു ക്രിസ്തുവിൻെറ ഭടനായി യുദ്ധം ചെ

യ്യുന്ന ഒരു പരാക്രമി ആയിത്തീരേണമേ!" എന്നു അന്നു തന്നേ അമ്മ മനസ്സുകൊണ്ടു ദൈവത്തോടു അപേക്ഷിച്ചിട്ടുണ്ടായിരിക്കാം. ആദ്യകാലത്തു ഹെമ്മൻ നിത്യം അമ്മയച്ഛന്മാരുടെ സൂക്ഷ്മദൃഷ്ടിക്കും സംരക്ഷണെക്കും കീഴിലായിരുന്നു. ഇവരോ തങ്ങളുടെ മുറയെ എത്രയും ശുഷ്കാന്തിയോടേ നിവൃത്തിച്ചുപോന്നു. ൧൮൪൬, ൧൮൪൭ എന്നീ കൊല്ലങ്ങളിൽ ആ രാജ്യത്തിൽ കനത്തക്ഷാമം ഉണ്ടായതുകൊണ്ടു ചെറിയവനായ ഹെമ്മനും കുഡുംബകഷ്ടപ്രയാസങ്ങൾക്കു അനുഭോഗിയായിത്തീൎന്നു, അതും ശീലിച്ചു. അച്ഛന്നു കുഡുംബത്തെ രക്ഷിച്ചു പോററുവാൻ വളരേ പ്രയാസമായിരുന്നു. മേല്പറഞ്ഞപ്രകാരം ദൈവവാചനവ്യാപനത്തിന്നു വേണ്ടി പ്രയത്നം ചെയ്തതു കൂടാതെ ൧൮൫൬-ാം വൎഷംതൊട്ടു പുറജാതികളുടെ ഇടയിൽ നടക്കുന്ന മിശ്ശൻവേലയെ കൊണ്ടുള്ള വൎത്തമാനങ്ങളെ പ്രസിദ്ധമാക്കുന്ന ഒരു കടലാസ്സിൻെറ രചകനായി തീരുകയും ചെയ്തു. ഓരോ ചിത്രങ്ങളെക്കൊണ്ടു പൈതങ്ങളെ പോലും മിശ്ശൻവേലെക്കായി ഉത്സാഹിപ്പിപ്പാൻ നിത്യം ശ്രമിച്ചു. ഇങ്ങിനേ ഏകദേശം മുലപ്പാൽ മണക്കുന്നന്നു തന്നേ മിശ്ശൻവേലയെക്കൊണ്ടു കേട്ടിരുന്ന ആ കുട്ടി ഒടുക്കം ബോധകനായിത്തീൎന്നതു ആശ്ചൎയ്യമല്ല എന്നു വായനക്കാൎക്കു തോന്നാം. എന്നാൽ കാൎയ്യം അങ്ങിനേയല്ലയായിരുന്നു. "പാതിരിയായിത്തീരുവാൻ എനിക്കു മനസ്സില്ല, പടയാളിയായിത്തീരും താനും. ഞാൻ തോക്കു എടുക്കുകയും ചെണ്ട മുട്ടുകയും ചെയ്യും" എന്നു രണ്ടു വയസ്സുള്ള ഹെമ്മൻകുട്ടി പറഞ്ഞ വാക്കു അമ്മ ബഹുസങ്കടത്തോടേ ഒരു ദിനചൎയ്യപുസ്തകത്തിൽ എഴുതിവെച്ചിരുന്നു. "എത്രയും താല്പൎയ്യത്തോടേ അമ്മയോടൊന്നിച്ചു പ്രാൎത്ഥിക്കുന്നതു ജ്യേഷ്ഠന്നു വഴക്കമായിരുന്നെങ്കിലും ഹെമ്മനോ ഞാൻ നിൎബ്ബന്ധിച്ചാലും പ്രാൎത്ഥിപ്പാൻ മനസ്സില്ല. ഇവൻ എന്തൊരു തന്നിഷ്ടക്കാരൻ!" എന്നു അമ്മയച്ഛന്മാർ കൂടക്കൂടേ പറയേണ്ടിവന്നു. അദ്ദേഹത്തിൻെറ ഒന്നാം അദ്ധ്യാപകൻ യറമിയ പ്ലാത്ത് എന്ന ആളായിരുന്നു. അദ്ദേഹവും അമ്മയച്ഛന്മാരും കുട്ടിയോടു വേദകഥ രസം തോന്നത്തക്ക വിധത്തിൽ വിവരിക്കയും ദൈവപുരുഷന്മാരെക്കൊണ്ടു എല്ലായ്പോഴും ബഹുമാനിച്ചു സംസാരിക്കയും ദൈവഭക്തിയിൽ കുട്ടിയെ വളൎത്തുവാൻ ശ്രമിക്കയും ചെയ്തതുകൊണ്ടു ഗുണ്ടൎത്ത് പണ്ഡിതർ തൻെറ യൌവനകാലത്തു കൎത്താവിൽനിന്നു അകന്നു പോയിട്ടും വിശുദ്ധകാൎയ്യങ്ങളെ കൊണ്ടു ലഘുമനസ്സോടേ പരിഹസിക്കുന്നവരോടൊന്നിച്ചു ചേരുകയോ ശുദ്ധാശുദ്ധഭേദം മറന്നുകളകയോ ചെയ്വാൻ ഇടയാകാഞ്ഞതു ആ അനുഗ്രഹകരമായ ബാലശിക്ഷയുടെ ഫലമത്രേ എന്നു താന്തന്നേ ഒരിക്കൽ സ്വീകരിച്ചു. അസാധാരണപ്രാപ്തിവിശേഷതകളെ കൊണ്ടു ശോഭിച്ചുവന്ന ആ കുട്ടി

അഞ്ചാം വയസ്സിൽ ലത്തീൻഭാഷ തന്നാലേ പഠിപ്പാൻ തുടങ്ങി. ആറാം വയസ്സിൽ പിതൃനഗരമാകുന്ന സ്തുത്ഗാൎത്ത് പട്ടണത്തിലേ ഒരു ഹൈസ്കൂളിൽ ഒന്നാം തരത്തിൽ ചേൎന്നു. അവന്റെ അപൂൎവ്വമായ നിപുണത ഗുരുജനങ്ങളെ വളരേ ആശ്ചൎയ്യപ്പെടുത്തി. "കുട്ടികളിൽ സാധാരണയായി കാണുന്ന ദുശ്ശീലം എന്നിലും പ്രത്യക്ഷമായി വരികയും അഭിമാനവും കൎത്തൃത്വം നടത്തുന്ന ഭാവവും പൊങ്ങിവരികയും ചെയ്തു. പഠിപ്പിൽ എനിക്കു വല്ലതും രസമായി തോന്നിയേടത്തോളം മാത്രമേ ഞാൻ വിശ്വസ്തതയും ഉത്സാഹവും കാണിച്ചുള്ളു. ഓരോ വികൃതിപ്രവൃത്തികൾക്കു ഏകതടസ്ഥമായിരുന്നതു എന്റെ അമ്മയച്ഛന്മാരുടെ നിത്യദൃഷ്ടി ആയിരുന്നു. ആ സംവത്സരങ്ങളിലൊക്കയും അവർ എത്രയും ഭയത്തോടേ എന്നെ മേൽവിചാരം ചെയ്തു, ഇടെക്കിടേ പ്രബോധനത്താലും അപേക്ഷയാലും എന്റെ മനസ്സിനെ ആവശ്യപ്പെട്ട ഏക ലാക്കിലേക്കു തിരിപ്പാൻ ശ്രമിച്ചു. ചിലപ്പോൾ എന്റെ മനസ്സുരുകി ഞാൻ ഓരോ പാപങ്ങളെ ഏറ്റു പറകയും ചെയ്തു. ഞാൻ ഒരു ദിനചൎയ്യത്തെയും എഴുതുവാൻ തുടങ്ങി. ഞാൻ കേവലം കുട്ടികളുടെ കളിയിലും തമാശയിലും ലയിച്ചുകൊണ്ടിരിക്കേ ൧൮൨൭ മാൎച്ച് മാസത്തിൽ ദൈവഭക്തയായ ഒരു സഹോദരി മരിച്ചുപോയപ്പോൾ ഞാൻ ഒന്നു ഞെട്ടി മരണത്തെയും അടുത്തിരിക്കുന്ന സ്ഥിരീകരണത്തെയും ഓൎത്തിട്ടുണൎന്നു. അന്നുമുതൽ നല്ലൊരു കുട്ടിയായിത്തീരുവാൻ നിശ്ചയിച്ചു. എങ്കിലും ആ സമയം ലൌകികത്തിൽ അത്യന്തം ആസ്ഥ തോന്നിപ്പോയതുകൊണ്ടു വേദപുസ്തകപാരായണത്തിൽ വിരസമത്രേ ഉണ്ടായതു. ലോകചരിത്രവും ഓരോ നാടകങ്ങളും കെട്ടുകഥകളും മാത്രമേ അന്നു കണ്ണിന്നമൃതമായി തോന്നിയുള്ളു. എന്നാൽ പ്രാൎത്ഥിക്ക, തന്നെത്താൻ ശോധന ചെയ്ക, ഇത്യാദികൾ വിനോദമല്ല എന്നു അന്നും ഞാൻ കരുതി യേശുക്രിസ്തുവിനെ ദുല്ലഭമായി ഓൎത്തും കൊണ്ടിരുന്നു. അവൻ ഒടുക്കം എങ്ങിനേയെങ്കിലും എല്ലാം ശരിയാക്കും എന്നു ആശിച്ചുപോന്നു. എന്നാൽ ഒന്നാകുന്നു എനിക്കു ഇപ്പോൾ ആശ്ചൎയ്യം തോന്നുന്നതു. അതോ: അമ്മയച്ഛന്മാരുടെ ഭക്തികൊണ്ടു ഞാൻ ഓൎക്കുന്തോറും എന്റെ ജീവനിൽ എങ്ങിനേയെങ്കിലും ഒരു മാററം സംഭവിക്കേണമെന്നും അതിന്നായുള്ള തക്കസമയം ഇന്നത്രേ എന്നും കൂടക്കൂടേ എനിക്കു തോന്നിയതു തന്നേ" എന്നു ഗുണ്ടെത്ത് പണ്ഡിതർ പുരുഷനായി ഹൈസ്കൂളിൽ പഠിക്കുന്ന ആ സമയം തന്റെ അവസ്ഥയെ പററി എഴുതിയിരിക്കുന്നു.

൧൮൨൮-ാം കൊല്ലത്തിൽ പ്രയാസമേറിയ ഒരു പരീക്ഷയിൽ ജയിച്ച ശേഷം കൎത്തൃശുശ്രൂഷക്കാരായിത്തീരുവാൻ താല്പൎയ്യപ്പെടുന്ന ബാല്യക്കാരെ മെട്രിക്കുലേഷൻപരീക്ഷെക്കായി ഒരുക്കുന്ന ഒരു ശാലയിൽ ചേൎന്നു.

അപ്പോൾ കുഡുംബത്തെ വിട്ടു ദൂരേ പോകേണ്ടിവന്നതുകൊണ്ടു വിരഹതാപത്താൽ മനസ്സിളകുകയും ഉരുകുകയും ചെയ്താറേ ചങ്ങാതികളുടെ സ്നേഹത്തിൽ ഉപശാന്തി അന്വേഷിച്ചിട്ടും കണ്ടെത്തിയില്ല. സ്ഥിരീകരണവും ഒന്നാം തിരുവത്താഴവും കൊണ്ടു അധികഫലം ഉണ്ടായില്ലെങ്കിലും ൧൮൨൭-ാം കൊല്ലത്തിലേ പെന്തകോസ്ത് ദിവസത്തിൽ തിരുവത്താഴം എടുക്കുന്നതിന്നു മുമ്പേ ഇളമനസ്സോടേ തിരുവത്താഴത്തിൽ ചേൎന്നാൽ വലിയ ഉത്തരവാദിത്വം ഉണ്ടാകും എന്നു ഓൎത്തു. വിദ്യാൎത്ഥികൾ ഭ്രഷ്ടനാക്കിക്കളഞ്ഞ ഒരുത്തനോടു താൻ ഒന്നാമതു ഇണങ്ങിട്ടു മററുള്ളവരെയും അതിന്നായി ഉത്സാഹിപ്പിച്ചു. അതുനിമിത്തം ഓരോ പരിഹാസവും നീരസവും അനുഭവിക്കേണ്ടിവന്നു. തിരുവത്താഴത്താൽ സാക്ഷാൽ ഒരു അനുഗ്രഹം ലഭിച്ചതുകൊണ്ടു മകൻ മാനസാന്തരപ്പെട്ടു എന്നു അമ്മ ആശിച്ചപോൽ. എങ്കിലും ആ ആശ വ്യൎത്ഥമായിരുന്നു. പ്രപഞ്ച ആഡംബരമായകൾ അന്നു ആ ബാല്യക്കാരന്റെ കണ്ണിനെ അശേഷം മയക്കിക്കളഞ്ഞു. പ്രത്യേകിച്ചു കാവ്യം, നാടകം ഇത്യാദിയെല്ലാം അന്നു ഗുണ്ടെൎത്ത് പണ്ഡിതൎക്കു പുരുഷാൎത്ഥം ആയിത്തോന്നിയതുകൊണ്ടു ഒരു വിശ്രുതകവിയോ നാടകക്കാരനോ ആയിത്തീരുന്നതു ഏകഉദ്ദിഷ്ടം ആയിരുന്നു. അച്ഛൻ ആ സമയം മകന്നയച്ച ഒരു കത്തിൽ എഴുതിയതു താഴേ ചേൎക്കുന്നു: “നാടകശാലെക്കായി ശ്ലോകം ഉണ്ടാക്കുന്ന കവിതക്കാരനെക്കാൾ അധികം നികൃഷ്ടമായ ഒരു സൃഷ്ടി ഭൂമണ്ഡലത്തിൽ ഇല്ല. എന്റെ കാഴ്ചയിൽ ഇവനെക്കാൾ ഒരു വിറകുവെട്ടുന്നവന്നു അധികം വിലയുണ്ടു. ഭംഗി, സത്യം, നന്മ എന്നിവെക്കുവേണ്ടി നീ കാംക്ഷിച്ചാൽ എനിക്കു സന്തോഷം. പ്രപഞ്ചസക്തനും സ്വപ്നക്കാരനും ആയിത്തീരരുതേ! നിന്റെ ഗുരുനാഥൻ ഒരിക്കൽ ഞാൻ കേൾക്കേ നിന്നോടും വേറേ ഒരു ചങ്ങാതിയോടും, “ദോഷത്വങ്ങളിൽനിന്നു സൂക്ഷിച്ചുകൊൾവിൻ, ദോഷത്വമത്രേ ഏററവും വലിയ പാപമാകുന്നതു” എന്നു പറഞ്ഞു. ഞാനോ: പാപത്തിൽനിന്നു സൂക്ഷിച്ചുകൊൾക എന്നും പാപം എന്നതത്രേ ഏററവും വലിയ മൂഢത്വം ആകുന്നതു എന്നും നിന്നോടു പറയുന്നു.” അമ്മയും ദൂരത്തിരിക്കുന്ന മകന്നുവേണ്ടി നിത്യം പ്രാൎത്ഥിച്ചതു കൂടാതെ രോഗശയ്യമേൽ കിടന്നുകൊണ്ടിരിക്കേ മകൻ യേശുവിന്റെ അടുക്കലേക്കു തിരിച്ചു എത്തുവാൻ കത്തുമുഖാന്തരമായും പലപ്പോഴും ശ്രമിച്ചു. മകന്റെ വിദ്യാദാഹത്തെയും കവിതാകാംക്ഷയെയും അമ്മ ഒരിക്കലും തുച്ഛീകരിക്കാതെ ഒരു കത്തിൽ “ഇപ്പോൾ നീ പൂൎണ്ണമനസ്സോടേ ശില്ലറിന്റെ ഗീതങ്ങൾ (ഈ ശില്ലർ ഗൎമ്മാന്യയിലേ വിശ്രുതനായ ഒരു കവി ആയിരുന്നു.) പാടുന്നപ്രകാരം ഞാൻ കാണുന്നു. ഈ വക നീ പാടാത്ത കാലം വരും. ഇതിന്നായി ഞാൻ കാത്തിരിക്കുന്നു താനും. നീ ഇപ്പോഴും

യേശുഗീതങ്ങൾ പാടിയാൽ എനിക്ക അധികം സന്തോഷമുണ്ടാകുമാ യിരുന്നു. അതോ ഗീതങ്ങളുടെ ഭംഗിനിമിത്തമല്ല അതിനെ ഗായനം ചെയ്വാൻ ആവശ്യപ്പെടുന്ന ഭാവം നിമിത്തം അത്രേ" എന്നെഴുതിയിരുന്നു. ആ കൊല്ലത്തിൽ തന്നേ അമ്മ ശരീരസുഖക്കേടു കൂട്ടാക്കാതെ മകനെ കാണ്മാൻ ചെന്നു. സ്നേഹക്കെട്ടിനെയും യേശുവിനോടുള്ള സംബന്ധ ത്തെയും ഉറപ്പിക്കുന്നതു മാത്രമായിരുന്നു ഈ സന്ദൎശനത്തിന്റെ ഉദ്ദേശ മായിരുന്നതു. എന്നാൽ ഊക്കേറിയ ബന്ധനങ്ങളെക്കൊണ്ടു ദൈവത്തിൽ നിന്നും ദൈവവിശ്വാസത്തിൽ നിന്നും മേല്ക്കുമേൽ തെററി ഉഴന്നുനടന്ന ഈ ബാല്യക്കാരനെ ദൈവം താന്തന്നേ പിടിച്ചു സ്വാധീനമാക്കേണ്ടിവന്നു.

൧൮൩൦-ാം കൊല്ലത്തിൽ ഒരു ചങ്ങാതിയുടെ സൂക്ഷ്മക്കേടുകൊണ്ടു ഹെമ്മൻ ഗുണ്ടൎത്ത് ആസന്നമൃത്യുവായിത്തീരുവാൻ ഇടയുണ്ടായിരുന്നു. ആ സ്നേഹിതന്റെ കത്തി ഹെമ്മന്റെ നെഞ്ചോടു എത്രയും അടുത്തൊ രുസ്ഥലത്തു തറെച്ചു. കൂടക്കൂടേ കൎത്താവിന്റെ വിളികേട്ട ആ ബാല്യ ക്കാരൻ അന്നു ഞെട്ടിയുണൎന്നു സത്യക്രിസ്ത്യാനികളോടു സഹവാസം ചെ യ്തുകൊണ്ടു കൎത്താവിനെ അന്വേഷിപ്പാൻ തുടങ്ങി. എന്നാൽ ആ വൎഷ ത്തിൽ തന്നേ ഫ്രാഞ്ചുദേശത്തിൽ ഒരു മത്സരം ഉത്ഭവിച്ചതിനാലുളവായ അമളിയാൽ ഹെമ്മനും ഭ്രമിച്ചു. അതുകൊണ്ടു സ്വാതന്ത്ര്യസക്തി ശേഷ മുള്ള എല്ലാ വിചാരങ്ങളെയും വീണ്ടും വിഴുങ്ങിക്കളഞ്ഞു. അന്നു നവഗ ൎമ്മാന്യ, പോലർ എന്ന ജാതിക്കാരോടു ചെയ്യും സന്ധി മുതലായ കിനാ വുകളേക്കൊണ്ടു എരിവേറിയ ഭാഷയിൽ ഓരോലേഖനങ്ങളെ രചിച്ചു വൎത്തമാനക്കടലാസ്സുകളിൽ പ്രസിദ്ധമാക്കിപ്പോൽ. പ്രപഞ്ചസക്തി അന്നുമനസ്സിനെ മേല്ക്കുമേൽ മയക്കി ശക്തിയോടേ ആകൎഷിക്കുമളവിൽ അത്യന്തം വലുതായൊരു നൂതന ആപത്തു ഉദിച്ചുവന്നു. അതോ: ഇന്നോ ളം നാസ്തികശ്രേഷ്ഠനായ്വിളങ്ങുന്ന ദാവീദ് സ്ത്രൌസ്സ്പണ്ഡിതർ (Dr. Strauss) ഗുണ്ടൎത്ത് സായ്പ് പഠിച്ചിരുന്ന വിദ്യാലയത്തിന്റെ ഗുരുനാഥനാ യ്തീൎന്നതു തന്നേ. അദ്ദേഹത്തിന്റെ ആശ്ചൎയ്യമാൎന്ന പ്രാപ്തിയും ലാവണ്യാ ചാരവും ആ കുഞ്ഞിബാല്യക്കാരെ എല്ലാവരെയും അത്യന്തം ആകൎഷിച്ചു. അടിസ്ഥാനമില്ലാത്ത ഈ കുട്ടികളെ വിശ്വാസത്തിൽനിന്നു തെററിപ്പാൻ വിഷമമായിരുന്നില്ല. ഇവ്വണ്ണം ഹെമ്മൻ ഗുണ്ടൎത്തും കണിയിൽ കുടുങ്ങി അമ്മയച്ഛന്മാരും ആത്മഗുരുജനങ്ങളും ഉപദേശിച്ചും ജീവിച്ചും പോന്നി രുന്ന വിശ്വാസത്തെ ഉന്മൂലനം ചെയ്യുന്നതു ഉത്തമജ്ഞാനമായി വിചാ രിപ്പാൻ തുടങ്ങി. ദൈവത്തോടു മാത്രമല്ല, അമ്മയച്ഛന്മാരോടുമുള്ള ചേൎച്ചെക്കും അന്നു ഭംഗംവന്നു എന്നു അമ്മ അറിഞ്ഞു അതിദുഃഖത്തോ ടേ "അയ്യോ ഹെമ്മൻ തന്റേടക്കാരനും അലംബുദ്ധിയുള്ളവനും ആയി ത്തീൎന്നുവല്ലോ! അമ്മ ഭയത്തോടേ കഴിക്കുന്ന അപേക്ഷകൊണ്ടും ഇളകി

പ്പോകുന്നില്ല. ദൈവമേ! നീ എനിക്ക ഉപകരമായി എന്റെ കുട്ടികളോട സാദ്ധ്യകരമാകുംവണ്ണം സംസാരിക്കേണമേ”! എന്നു തന്റെ ദിനചൎയ്യപുസ്തകത്തിൽ എഴുതി.

൧൮൩൧-ാം വൎഷം ഒക്തോബർ മാസത്തിൽ ഗുണ്ടൎത്ത് പണ്ഡിതർ വീണ്ടും ഒരു പരീക്ഷ ജയിച്ച ശേഷം തൂബിങ്ങൻ എന്ന നഗരത്തിലേ സൎവ്വകലാശാലയിൽ ചേൎന്നു. ഗൎമ്മാനരാജ്യത്തിലേ മുറപ്രകാരം ഒന്നാം കൊല്ലത്തിൽ തന്നേ അവിടേനിന്നു തത്വജ്ഞാനം അഭ്യസിക്കേണ്ടിവന്നു. ഇതിന്നിടയിൽ മേല്പറഞ്ഞ സ്ത്രൌസ്സ് പണ്ഡിതർ ബെൎല്ലീൻപട്ടണത്തിൽ ചെന്നു ഗൎമ്മാനജാതിയുടെ ശ്രേഷ്ഠതത്വജ്ഞാനിയായ ഹേഗൽ (Hegel) എന്ന വേദാന്തിയുടെ സിദ്ധാന്തത്തെ അവലംബിച്ചു തൂബിങ്ങൻ സൎവ്വകലാശാലയുടെ ഗുരുനാഥനായി മടങ്ങിവന്നു. ഈ നവജ്ഞാനം വിശ്വാസരഹിതരായി ചമഞ്ഞ വിദ്യാൎത്ഥികളോട എത്രയും യുക്തിയോടും വാക്ചാതുൎയ്യത്തോടും കൂടേ കേൾപ്പിക്കയും പ്രതിയോഗികളെ പരിഹസിച്ചു നിന്ദിക്കയും ചെയ്തപ്പോൾ പഴയസുവിശേഷത്തെയും വിശ്വാസത്തെയും തള്ളിക്കളഞ്ഞ യുവാക്കൾ വേദാന്തമെന്ന നൂതനസുവിശേഷത്തെ നിൎവ്വിചാരവിശ്വാസത്തോടും കൌതുകഭക്തിയോടും കൂടേ സ്വീകരിച്ചു. മുക്തിയും സാധിച്ചു എന്നു അവൎക്ക തോന്നി. പാപമരണങ്ങളിൽനിന്നു ഉദ്ധരിപ്പാൻ ശക്തനാകുന്ന യേശു അല്ല, ഹേഗെൽ എന്ന വേദാന്തിയും പ്രപഞ്ചസക്തനായ (Goethe) ഗേഥെ എന്ന കവിതക്കാരനും അത്രേ മകനു ആദിത്യന്മാരായി ഉദിച്ചു ശോഭിക്കുന്നപ്രകാരം തോന്നുന്നതു എന്നു അമ്മയച്ഛന്മാർ കണ്ടാറേ ഗാഢഖേദം പൂണ്ടു ദൈവത്തോട മകന്റെ രക്ഷെക്കായി നിരന്തരം അപേക്ഷിച്ചുപോന്നു. മകന്നയച്ച ഒരു കത്തിൽ അച്ഛൻ “നീ അക്ഷരസേവയിൽ മട്ടുത്തു വാസ്തവമായ സത്യത്തിന്നായി കാംക്ഷിക്കുന്നതു ഞാൻ കണ്ടാറേ സന്തോഷിച്ചു. നീ മുമ്പേത്ത ശാലയിൽ പഠിക്കുമ്പോൾ സ്ത്രൌസ്സ് പണ്ഡിതരുടെ ഉപദേശം നിണക്ക അമൃതായി തോന്നി എന്നു ഞാൻ കണ്ടപ്പോഴോ നീ സൎവ്വവിദ്യാശാലയിൽ ചേൎന്നാൽ അവിടേനിന്നു സല്ഗുരുവിന്റെ ഉപദേശം കേട്ടും അനുസരിച്ചും കൊണ്ടു സുവിശേഷം തത്വജ്ഞാനത്തോടല്ല, തത്വജ്ഞാനം സുവിശേഷത്തോട ചേൎത്തു ഇണെക്കും എന്നു ആശിച്ചിരുന്നു. എന്നാൽ സ്ത്രൌസ്സ് പണ്ഡിതർ സൎവ്വവിദ്യാശാലയിലും വന്നു, മുമുക്ഷുക്കളായ ആത്മാക്കളെ വശത്താക്കി അവരെ ഹേഗെലിന്റെ രഥത്തോട കെട്ടിയതുകൊണ്ടു (സത്യമാകുന്ന സുവിശേഷത്തെക്കാൾ ഈവക തത്വജ്ഞാനം പ്രാണമയനായ മനുഷ്യന്നു അധികം രസവും എളുപ്പവുമായി തോന്നുന്നവല്ലോ) നീയും മറ്റന്മാരെപ്പോലേ ഈ രഥത്തെ വലിക്കുന്നവരുടെ കൂട്ടത്തിൽ ഒരുത്തനായിപ്പോയി എന്നു ഞാനിപ്പോൾ വ്യസനത്തോടേ

കാണുന്നു. ഹേഗെൽ നിൻെറ ബ്രഹ്മാവെന്നും ഗേഥെ നിൻെറ വിഷ്ണുവെന്നും വിചാരിച്ചിട്ടു അഹം, ലോകം, ഉഗ്രവൈരിയാകുന്ന പിശാചു എന്നിവർ ആക്രമിച്ചാലും കയർ പിടിച്ചു ഈ തേർ വലിക്കുന്നതിനാൽ രക്ഷ ഉണ്ടാകും എന്നു നീ ആശിക്കുന്നുവല്ലോ! എന്നാൽ നീ ഒരിക്കൽ മാനുഷജീവൻെറ സാക്ഷാലുള്ള വ്യവസ്ഥ കാണുകയും നിൻെറ ഉണ്മയായ സ്ഥിതി ബോധിക്കയും നിന്മേൽ വന്മഴ ചൊരിഞ്ഞു പുഴകൾ ഒഴുകി കാററുകൾ വീശുകയും ചെയ്യുമ്പോൾ നീ മണലിന്മേൽ കെട്ടപ്പെട്ട ഭവനത്തിൽ വസിക്കുന്നു എന്നു നിണക്കു ഗ്രാഹ്യമായിത്തീരും. ഇതിനെ വാത്സല്യമകനോടു ഒരു അച്ഛൻ പറയാതിരിക്കുമോ? ഒരിക്കലുമില്ല. ഇതാ നീ വഴിയിൽനിന്നു തെററിപ്പോയിരിക്കുന്നു. അച്ഛൻെറ സ്നേഹത്തിന്നു മാത്രമല്ല വിശുദ്ധാത്മാവിൻെറ ശബ്ദം കേൾപ്പാനായിട്ടും നിൻെറ ചെവി തുറന്നു വരേണ്ടതിന്നു ഞാൻ ദൈവത്തോടു അപേക്ഷിക്കുന്നു. ഇതിനാൽ ഞാൻ ഹേഗെൽ, ഗേഥെ എന്നീ മഹാന്മാരെ വിധിപ്പാൻ തുനിയുന്നില്ല. ഇവരും തങ്ങളുടെ കൎത്താവിന്നു നില്ക്കയും വീഴകയും ചെയ്യും. നിൻെറ കപ്പൽ വെള്ളത്തിൽ താണു ആടാതെ ഓട്ടവാൻ തക്കവണ്ണം നീ അതിനെ വിദഗ്ദ്ധത എന്ന നകാരംകൊണ്ടു നിറെച്ചാൽ വിരോധമില്ല. എന്നാൽ നകാരം വേറേ, ചരക്കു വേറേ എന്നോൎക്ക. തുറമുഖത്തിൽ പൊൻ മറുവിലയായി കൊടുക്കുന്നതു കേവിന്നു അത്രേ എന്നറിക. ചരക്കോ വിശ്വാസം, സ്നേഹം, പ്രത്യാശ എന്നീ മൂന്നത്രേ" എന്നു എഴുതി. ക്രിസ്താബ്ദം ൧൮൯൯ ജനവരി മാസത്തിൽ അമ്മ തൻപോരാട്ടം തീൎത്തു കൎത്താവിൻെറ സ്വസ്ഥതയിൽ പ്രവേശിച്ചപ്പോൾ അമ്മയുടെ ഹൃദയസ്ഥനാകുന്ന മകൻ "ഒരു ശുദ്ധ അജ്ഞാനിയായിത്തീൎന്നിരുന്നു." ഒരു വേദാന്തിക്കനുസാരമായി പ്രിയാപ്രിയങ്ങളെക്കൊണ്ടു ഇളകിപ്പോകാതെ തനിക്കു ഇഷ്ടം തോന്നുന്നതിനെ മാത്രം സ്വകാൎയ്യമായി പഠിക്കയും സ്വന്തവാസനെക്കു വിരോധമായി ലോകത്തിൻെറ ആഡംബരമായകളെ ആചരിച്ചു നടക്കയും ചെയ്തു. എന്നാൽ അന്നു പോലും ഒരിക്കലെങ്കിലും സ്ഥൂലമായ പാപങ്ങളിലകപ്പെട്ടുകയോ ദുൎന്നടപ്പു ആചരിക്കയോ ചെയ്യാതെ തൻെറ അച്ഛന്നു പണകാൎയ്യത്തിൽ തന്നെക്കൊണ്ടു യാതൊരു ഭാരവും ഉണ്ടാകരുതു എന്നു വെച്ചു താൻ പ്രവൃത്തിക്കയും അതിസൂക്ഷ്മത്തോടു കൂടേ ചെലവു കഴിക്കയും ചെയ്തു. ഗുണ്ടൎത്ത് പണ്ഡിതർ താൻ തന്നേ പിന്നേത്തതിൽ പറഞ്ഞപ്രകാരം, അദ്ദേഹം ക്രമേണ വേദാന്തത്തിൽ ഉന്മത്തനായി പോയതുകൊണ്ടു കളവിൻെറ ഗൎവ്വത്താൽ സാക്ഷാൽ ഭ്രാന്തനായിത്തീരും എന്നു അന്നു അദ്ദേഹത്തെക്കൊണ്ടു വിചാരിപ്പാനിടയുണ്ടായിരുന്നു. അവരുടെ ചങ്ങാതികളിൽ ചിലർ നിൎവ്വാണഗതിയിൽ അതിവേഗേന എത്തുമാറു

ആത്മഹത്യപോലും ചെയ്തു. എന്നാൽ ആ പൈശാചികതത്വജ്ഞാനം ആളുകളെ ഭ്രമിപ്പിച്ചുകൊണ്ടിരിക്കേ മുമ്പേത്ത ദൈവം ജീവനുള്ളവനായി അമ്മയച്ഛന്മാരുടെ പ്രാൎത്ഥന കേൾക്കുന്ന സമയം അണഞ്ഞുവന്നു.

---

## രണ്ടാം അദ്ധ്യായം.

## ഗുണ്ടത്ത്പണ്ഡിതരുടെ മാനസാന്തരം.

അമ്മയുടെ മരണത്താൽ മകന്റെ ഹൃദയത്തിന്നു യാതൊരു ഇളക്കവും വന്നപ്രകാരം ക്ഷണത്തിൽ കാണായില്ലെങ്കിലും അതും ദൈവത്തിന്റെ മറ്റോരോ വിളികളും ഹൃത്പരിണാമസന്നാഹത്തിന്നു സഹായമായ്ഭവിച്ചിരുന്നു. ദൈവവിയോഗത്താൽ ഹൃദയത്തിന്നു ശൈത്യം പിടിച്ചാലും കുറേ മനസ്സുറപ്പും വളരേ അത്യാസ്ഥിയും അന്നു ഇനിയും ശേഷിച്ചതുകൊണ്ടു സ്നേഹിതർമദ്ധ്യേ താൻ ഏററവും ശക്തനായിനിന്നു. "കുയിലിന്റെ പിന്നാലേ കാക്ക കൂടിയപോലേ" കാതലും ലാക്കും ഇല്ലാത്ത പലസ്നേഹിതർ തങ്ങളിൽവെച്ചു ശ്രേഷ്ഠനായ ഈ ഗുണ്ടത്ത്പണ്ഡിതരെ ശരണം പ്രാപിപ്പാൻ നോക്കി. എങ്കിലും "ഒരു കൊമ്പു പിടിക്കിലും പുളിങ്കൊമ്പു പിടിക്കേണം" എന്നു പറഞ്ഞപോലേ ഉറപ്പേറിയ ഒരു കൊമ്പു പിടിപ്പാൻ ആഗ്രഹിച്ചുകൊണ്ടിരിക്കുന്ന ഇവർ സഹായവും രക്ഷയും ഊന്നും എവിടേ എന്നു ഗുണ്ടത്ത്പണ്ഡിതരോടു അന്വേഷിച്ചപ്പോൾ അവൎക്കും സ്വന്തദാരിദ്ര്യഅരിഷ്ടതകളെക്കൊണ്ടു ബോധം വന്നു. ഉത്തരവാദം അതിഭയങ്കരമായിത്തീൎന്നു. വേദാന്തത്താൽ വിശ്വാസകപ്പലിന്നു ഛേതം വന്നു ചിലരൊക്കയും നിരാശാസാഗരത്തിൽ മുങ്ങിപ്പോയി. അത്യാസന്നത്തിൽ കിടക്കുന്ന ഇക്കൂട്ടർ നിശ്ചലമായ വല്ല പാറയെ ആകട്ടേ തരുഖണ്ഡത്തെ ആകട്ടേ അന്വേഷിപ്പാൻ തുടങ്ങി. ഒരു ഉററചങ്ങാതി സാക്ഷാൽ ആത്മഹത്യ ചെയ്വാൻ മുതിൎന്നു മനോരഥനിവൃത്തിക്കായി പോകുംവഴി ഗുണ്ടത്ത് പണ്ഡിതർ അദ്ദേഹത്തെ പിന്തുടൎന്നു പിടിച്ചു അവനോടു പോരാടി തോററു ഒടുക്കം കേണുനടക്കുമ്പോൾ തനിക്കുവേണ്ടിയല്ല, ചങ്ങാതിക്കുവേണ്ടി ഒന്നാം പ്രാവശ്യം വീണ്ടും മുമ്പേത്ത സ്വൎഗ്ഗസ്ഥപിതാവിനോടു പ്രാൎത്ഥിച്ചാറേ ആ പ്രാൎത്ഥനയെ പിതാവു ദയയോടേ കേട്ടു. "ഞാൻ ആ രാത്രിയിൽ സാക്ഷാൽ നിരാശപ്പെട്ട ദരിദ്രനും ഗതിയില്ലാത്തവനുമായി ദൈവത്തെ അന്വേഷിച്ചതുകൊണ്ടു വളരേ അററകുററംകൊണ്ടു നിറഞ്ഞ ആ പ്രാൎത്ഥന ദൈവം കേട്ടു മഴ പെയ്തു തോൎന്നു ആകാശവും തെളിഞ്ഞുവന്നു നക്ഷത്രങ്ങൾ മേലിൽനിന്നു മിന്നുന്നതും കാണായി. എന്റെ ഹൃദയത്തിലുള്ള ക്ഷോഭവും ചുഴലിയും ശമിച്ചാൽ എനിക്കു ലഭിച്ച രക്ഷ ഹിന്തുക്കളോടറിയിപ്പാൻ മുതിരും എന്നും അന്നുതന്നേ നിൎണ്ണയിച്ചു"

എന്നു സായ്പു താന്തന്നേ പറയുന്നു. പക്ഷേ വേദാന്തം എന്ന കുഴിയിൽ വീണതുകൊണ്ടായിരിക്കാം ഹിന്തുദേശത്തെക്കൊണ്ടുള്ള വിചാരം ആദ്യമായി മനസ്സിൽ ഉദിച്ചതു. എങ്കിലും അന്നു ആത്മികഹൃദ്രോഗം മാറാതെ പാപമരണത്തിൽനിന്നു ഉണരുവാൻ മാത്രം തുടങ്ങിയതേ ഉള്ളു. ആ സമയം തൊട്ടു മുമ്പേ തുച്ഛീകരിച്ച സദ്വിശ്വാസികളുടെ കൂട്ടായ്മയെ അന്വേഷിപ്പാൻ തുടങ്ങി. എങ്കിലും അവരുടെ കൂട്ടത്തിൽ ജ്ഞാനികളെ വളരേ കാണായ്കയാൽ അവരോടു പെരുമാറുവാൻ അല്പം ലജ്ജതോന്നി. ചതഞ്ഞും ഉടഞ്ഞും ഉള്ള മനസ്സോടേ ഏകാവശ്യമായതിനെ പുരുഷാൎത്ഥമായി അന്വേഷിക്കുന്നതിന്നു പകരം ആത്മരക്ഷയെയും അനേക ഉദ്ദേശങ്ങളിൽ ഒരു ഉദ്ദേശമായി കരുതിയതേ ഉള്ളു. രണ്ടു യജമാനന്മാരെ സേവിച്ചു കൂടാ എന്ന വേദോക്തം ആ ദിവസങ്ങളിൽ വായിച്ചപ്പോൾ അതു സായ്പിന്നു വളരേ അസഹ്യമായിത്തോന്നി. പ്രിയ ഗുണ്ടൎത്ത് പണ്ഡിതർ സ്വന്തവഴികളിൽ നടന്നുനടന്നുകൊണ്ടു മരണത്തോളം തളൎന്നു പോയാലും അരിഷ്ടപാപിയായി ദൈവമുമ്പാകേ നില്പാൻ അന്നു സാധിച്ചിരുന്നില്ല. രണ്ടു തോണിയിൽ കാൽവെപ്പാൻ ശ്രമിക്കുന്ന ആ സമയം പുരാതനവും നൂതനവുമായ ചങ്ങാതികൾ ഒക്കത്തക്ക സംശയഭാവം കാണിച്ചതുകൊണ്ടു സായ്പ് നിരാശയിൽ അകപ്പെട്ടു വിശ്വാസവും തള്ളിക്കളഞ്ഞു. എന്നാൽ മിക്കവാറും കൃമി എന്നപോലേ നിലത്തുകിടക്കുന്ന ആ സമയത്തിങ്കൽ തന്നേ കൎത്താവു തൻ കൈ ഓങ്ങി. ൧൮൩൮-ാം വൎഷത്തിലേ വസന്തകാലത്തു ശൈത്യം മാറി പ്രകൃതിയിൽ പുതിയജീവൻ ഉത്ഭവിച്ചുവരുന്ന ആ സമയത്തു തന്നേ ഗുണ്ടൎത്ത് പണ്ഡിതരുടെ ഹൃദയത്തിലും വിശ്വാസസ്നേഹങ്ങളുടെ തളിർ തെഴുത്തു മുമ്പേ ഏകദേശം ഉണങ്ങിപ്പോയിരുന്ന വൃക്ഷം തളിൎത്തു പച്ചലിച്ചു മനോഹരമായ ഓരോ ഫലങ്ങളെ പുറപ്പെടുവിപ്പാൻ ആരംഭിച്ചു. എന്നാൽ ഇവരുടെ കാൎയ്യത്തിലും ദൈവം തെരിഞ്ഞെടുത്ത വഴി മരണത്തിലൂടേ ജീവങ്കലേക്കു കടക്കുന്നതു ആയിരുന്നു. ഒന്നാമതു സന്നിജ്വരം എന്ന രോഗം പിടിച്ചു അത്യാസന്നത്തിലായി. പ്രാൎത്ഥിപ്പാൻ കഴിയാതെ മരണത്തിന്നായി കാക്കേണ്ടിവന്നു. അല്പം ആരോഗ്യം പ്രാപിച്ചശേഷവും ചില മാസങ്ങളോളം ചാകാതെചാകുന്ന സ്ഥിതിയിൽ കിടന്നു. ബലഹീന ശിശുവെന്നപോലേ യേശുക്രിസ്തുവിന്റെ സഹായത്തിന്നായി കെഞ്ചി യാചിപ്പാൻ ശീലിച്ചു. സൌഖ്യം വന്നശേഷം മുമ്പേത്ത സ്നേഹിതരിൽനിന്നു അകന്നു യേശുവിന്റെ പക്ഷത്തിൽ ഭംഗം വരാതവണ്ണം നില്പാൻ കൎത്താവു അവസരം നല്കി. പൂൎവ്വചങ്ങാതികളിൽ ഒരുത്തൻ ആത്മഹത്യ ചെയ്താറേ വിദ്യാൎത്ഥികളിൽ ഭൂരിപക്ഷം ഈ അധമപ്രവൃത്തി ചെയ്തവനെ ബഹുമാനിക്കുമാറു ശവസംസ്കാരത്തിന്നു ചെന്നപ്പോൾ

ഗുണ്ടെത്ത് പണ്ഡിതരും ഒരു അഞ്ചുപത്തു ക്രിസ്ത്യാനികളും അതിൽ ചേരാതെ വീട്ടിൽ ഇരുന്നു. അതിൻനിമിത്തം മുമ്പേത്ത ചങ്ങാതികൾ ഗുണ്ടെത്ത് പണ്ഡിതരെ പ്രത്യേകമായി പകെച്ചു ഹേമിപ്പാൻ തുടങ്ങിയപ്പോൾ സായ്പു നിനയാത്തവിധത്തിൽ ക്ഷണേന ഒരുവിയോഗം സംഭവിച്ചു. എങ്കിലും വെളിച്ചം സാക്ഷാൽ ഈ പണ്ഡിതരുടെ ഉള്ളിൽ ഉദിച്ചുവന്നതു ആ കൊല്ലം ജൂൻമാസം ൨൧-ാം നു- അത്രേ. "ഹൃദയശുദ്ധിയുള്ളവർ ധന്യർ, അവർ ദൈവത്തെ കാണും" എന്ന കൎത്തൃവചനത്തെ കൊണ്ടു ഒരു പ്രസംഗം കഴിക്കേണമെന്നു ആജ്ഞാപിക്കപ്പെട്ടപ്പോൾ സ്വന്തഹൃദയം അത്യന്തം അശുദ്ധവും ദൈവപരിജ്ഞാനം മിക്കവാറും അവ്യക്തവും ആകുന്നു എന്നു ബോദ്ധ്യമാകുന്നതുകൊണ്ടു ഉടനതന്നേ മുട്ടുകുത്തി മലിനമായ ഹൃദയത്തിൻെറ വിശുദ്ധീകരണത്തിന്നായും ഒരു ദിവ്യവെളിപ്പാടിന്നായും യാചിച്ചു. "യേശുക്രിസ്തൻ എന്നോടു സാക്ഷാൽ സംസൎഗ്ഗം ചെയ്യുംപ്രകാരവും ക്രൂശിന്മേൽ തൂങ്ങിയ കൎത്താവു ഞാൻ മേലാൽ അവൻെറ ആളായിരിപ്പാൻ തക്കവണ്ണം എന്നോടു സംസാരിക്കയും എന്നെ കൈക്കൊണ്ടു സൎവ്വ അകൃത്യങ്ങളും ക്ഷമിച്ചു തൻ രക്തംകൊണ്ടു തളിച്ചു ശുദ്ധീകരിക്കയും ചെയ്യുപ്രകാരവും അന്നു ഞാൻ ഒന്നാം പ്രാവശ്യം അനുഭവിച്ചു. എൻെറ കല്ലായ ഹൃദയത്തിന്നു പകരം എനിക്കു മാംസമായ ഹൃദയം ലഭിച്ചതുനിമിത്തവും അന്നുതൊട്ടു ചിലതിന്നൊക്കേയും ഭംഗം വന്നാലും ഞാൻ അവനിൽ വസിച്ചു അവൻെറ ആളായി ജീവനാൾ കഴിപ്പാൻ ഇടയായതു നിമിത്തവും ഞാൻ കൎത്താവിനെ പുകഴ്ത്തുന്നു" എന്നു ഗുണ്ടെത്ത് പണ്ഡിതർ താൻതന്നേ ൨൦ കൊല്ലം കഴിഞ്ഞ ശേഷം തൻെറ മാനസാന്തരത്തെക്കൊണ്ടു എഴുതിയിരിക്കുന്നു. മുമ്പേത്ത സഹവാസത്തിന്നു ഭംഗം വരികയും ഗുണ്ടെത്ത് പണ്ഡിതരെ ഒരു ഒന്നാന്തരം നാസ്തികൻ ആക്കുവാൻ ആശിച്ചു സ്രൈഊസ്സ് പണ്ഡിതൎക്കു നേരിട്ട ആശാഭംഗത്താൽ അദ്ദേഹം നീരസം കാണിക്കയും ചെയ്താലും കൎത്താവിൻെറ ആൎദ്രസ്നേഹവും മുൻനിനയാത്ത സഹോദരസ്നേഹവും അന്നേരം അനുഭവമായിത്തോന്നി. അന്നുമുതൽ അവർ സന്തോഷത്തോടേ കൎത്താവിന്നു വേണ്ടി സാക്ഷ്യം ചൊല്ലുവാനും തുടങ്ങി. ചെറിയ കുട്ടികളോടു കൂടേ ദൈവവചനം വായിക്കുമളവിൽ ശിശുഭാവം വീണ്ടും വിളങ്ങിച്ചു. അതുവരേ തത്വജ്ഞാനികളുടെ ഭാഷ ശീലിച്ച പണ്ഡിതർ അന്നു എളിയവരോടും സാധുക്കളോടും യോഗ്യമായവിധത്തിൽ സംസാരിപ്പാൻ പഠിച്ചു. മുമ്പേ വിലമതിക്കാത്ത സത്യക്രിസ്ത്യാനികളും ഗുരുനാഥരും ആയ ദൈവപുരുഷന്മാരോടും പെരുമാററം ചെയ്വാൻ തുടങ്ങിയതിനാൽ ആ അവസാനകൊല്ലത്തിൽ വളരേ അനുഗ്രഹം സമ്പാദിക്കയും ചെയ്തു.

---

## മൂന്നാം അദ്ധ്യായം.

### ഗുണ്ടത്ത് പണ്ഡിതർ ബോധകനായി തീൎന്നു.

മേല്പറഞ്ഞ മാനസാന്തരം സംഭവിച്ചുകൊണ്ടിരിക്കേ ഗുണ്ടത്ത് സായ്യിന്റെ ഗുരുനാഥനായ സ്ത്രൌസ്സ് പണ്ഡിതർ "യേശുവിന്റെ ജീവചരിത്രം" എന്ന പ്രഖ്യാതിപ്പെട്ട പുസ്തകം ചമെച്ചു. യേശുക്രിസ്തുവിനെകൊണ്ടുള്ള വിവരം വാസ്തവമായ ചരിത്രമല്ല എന്നും യേശുക്രിസ്തൻ എന്ന മഹാൻ പരീശരുടെ അസൂയയാലും ദ്വേഷ്യത്താലും ക്രൂശിന്മേൽ മരിച്ച ശേഷം യേശുവിന്റെ ആശ്രിതർ ഒരു മഹാത്മാവിന്റെ ആശ്രിതർ എന്നപോലേ തങ്ങളുടെ ഗുരുവിന്റെ മാഹാത്മ്യത്തെ കണക്കിന്നു മീതേ ഉയൎത്തി അവൻ പഴയനിയമത്തിലേ വാഗ്ദത്തങ്ങൾ നിവൃത്തിച്ചു എന്നു ബോധിപ്പിപ്പാൻ തക്കവണ്ണം ചിലതൊക്കയും ഊഹിച്ചു പറഞ്ഞതത്രേ എന്നും ഇപ്രകാരമത്രേ നാലു സുവിശേഷങ്ങളിൽ കാണുന്ന യേശുവിന്റെ ചരിത്രം ഉത്ഭവിച്ചുവന്നതു എന്നും സ്ത്രൌസ്സ് പണ്ഡിതർ തന്റെ പുസ്തകത്തിൽ വളരേ യുക്തിയും ഉപായവും പ്രയോഗിച്ചുകൊണ്ടു കാണിച്ചിരുന്നു. ഈ പുസ്തകം ഒരു കൊടുങ്കാറ്റു പോലേ എല്ലാം ഇളക്കുവാനും മണിയെയും പതിരിനെയും തമ്മിൽ വേൎതിരിപ്പാനും സഹായിച്ചു. ഇതിനാൽ ചിലർ ഞെട്ടി എന്തു വിശ്വസിക്കേണ്ടു എന്നു അറിഞ്ഞില്ല. മറ്റുള്ളവരോ യേശുവിനെയും അവന്റെ വിശുദ്ധ ഉപദേശത്തെയും വെറുത്തതുകൊണ്ടു ഇത്രവലിയൊരു സമൎത്ഥൻ തങ്ങളുടെ അവിശ്വാസത്തിന്നു പിന്തുണയായി നില്ക്കുന്നതു നിമിത്തം അത്യന്തം സന്തോഷിച്ചു. ഗുണ്ടത്ത് പണ്ഡിതരുടെ സഹപാഠിയായ ഒരു വിദ്യാൎത്ഥി "ഞാൻ സാധാരണയായി മതസംബന്ധമായ പുസ്തകങ്ങൾ വാങ്ങുന്നില്ലെങ്കിലും ഇതിനെ വാങ്ങാതിരിക്കയില്ല. കാരണം അതു സത്യമായിരിക്കേണം എന്നു വിശ്വസിപ്പാൻ എനിക്കു മനസ്സുണ്ടു" എന്നു പറഞ്ഞുപോൽ. സത്യവിശ്വാസികളോ അത്യന്തം ക്ലേശിച്ചെങ്കിലും തങ്ങളിൽ ജീവിക്കുന്ന കൎത്താവിനെ ഓൎത്തു ഒട്ടും പേടിച്ചില്ല. അവരിൽ ഒരുവരായ ഗുണ്ടത്ത് പണ്ഡിതരും ഇതിനാൽ അശേഷംപോലും കുലുങ്ങിപ്പോയില്ല. സത്യവിശ്വാസിയുടെ ഉണ്മയായ ജീവനെക്കൊണ്ടു സ്ത്രൌസ്സ് പണ്ഡിതൎക്കു ലേശം പോലും ബോധമില്ല എന്നു ഗുണ്ടത്ത് പണ്ഡിതർ നന്നായി അറിഞ്ഞു. ഈ പുസ്തകം നിമിത്തം വളരേ ചിന്തിച്ചതുമില്ല. എന്നാലും വിശ്വാസവും ജീവനും ഇല്ലാത്തവരെ അതു ഒരു സമയം വശീകരിപ്പാൻ മതി എന്നു ഓൎത്തിട്ടു മറ്റുള്ളവരോടൊന്നിച്ചു ദൈവം ഈ ദുരുപദേശത്തെ തട്ടിപ്പറവാൻ തക്കവണ്ണം വല്ലതും പ്രവൃത്തിക്കേണം എന്നു പ്രാൎത്ഥിച്ചു. ഈ പ്രാൎത്ഥനെക്കു ഒരു ഉത്തരവും ഉണ്ടായി. ൧൮൩൫-ാം

കൊല്ലം എപ്രിൽ മാസം ൧-ാം൹ പെട്ടന്നു ആശ്ചൎയ്യകരമായൊരു ശ്രുതി കേട്ടു—"എല്ലാപ്പോഴും ചിരിച്ചും കളിവാക്കു പറഞ്ഞുംകൊണ്ടു നടന്ന മേഗ്ലിങ്ങ് എന്ന വിദ്യാൎത്ഥി മാനസാന്തരപ്പെട്ടു എന്നും യോഹന്നാൻ ൧൨, ൨൬ എന്ന വാക്യത്തെ ആധാരമാക്കി പ്രസംഗിച്ചപ്പോൾ അവന്റെ ചങ്ങാതികൾ ഒക്കെയും ഞെട്ടി അത്യന്തം വിസ്മയിച്ചു എന്നും അവൻ ബാസലിലേക്കു ചെന്നു ബോധകനായിത്തീരുവാൻ പോലും നിശ്ചയിച്ചു എന്നും ഗുണ്ടൎത്ത് സായ്പ് കേട്ടപ്പോൾ പ്രൊഫസ്സർപണ്ഡിതർ തോററുപോയി, കൎത്താവായ യേശുക്രിസ്തനോ ഇനിയും ജീവിക്കുന്നു എന്നതിന്നെ ഈ അടയാളത്താൽ താന്തന്നേ സാക്ഷീകരിച്ചിരിക്കുന്നു എന്നു ഉള്ളിൽ നിശ്ചയിച്ചു.

എങ്കിലും മേഗ്ലിങ്ങ് എന്ന ചങ്ങാതിയെ പോലേ നേരേ ബാസലിലേക്കു ചെന്നു പഠിച്ചു വേദോപദേശകനായിത്തീരേണമെന്ന ആഗ്രഹം അന്നു തനിക്കുണ്ടായിരുന്നില്ല. ഈ പ്രവൃത്തിക്കു താൻ അയോഗ്യൻ എന്നത്രേ തന്നെക്കൊണ്ടു വിചാരിച്ചതു. ദൈവമോ വേറേ വഴിയായി ഈ കാൎയ്യം സാധിപ്പിച്ചു. മുമ്പേ ബഗ്ദാദിലും അനന്തരം ഹിന്തുദേശത്തിലും ഏകനായി കൎത്താവിന്നു വേണ്ടി പ്രവൃത്തിച്ച ഗ്രോവ്സ് (Groves) എന്ന ഇംഗ്ലീഷുബോധകൻ ആ സമയത്തു വിലാത്തിയിലേക്കു മടങ്ങിച്ചെന്നു കൎത്തൃശുശ്രൂഷക്കാരനും തന്റെ അളിയനുമായ ജോൎജ്ജ് മില്ലർ (George Müller) എന്ന കീൎത്തിപ്പെട്ട ആളോടുകൂടേ സ്വിത്സൎല്ലാണ്ടിൽനിന്നും ഗൎമ്മാനദേശത്തിൽനിന്നും മിശ്ശൻവേല ചെയ്വാൻ കൂട്ടുവേലക്കാരെ കിട്ടുമോ എന്നു അന്വേഷിച്ചുകൊണ്ടിരിക്കുമ്പോൾ ഗുണ്ടൎത്ത് പണ്ഡിതരെക്കൊണ്ടു കേൾപ്പാനിടയായി. സ്വന്തകുട്ടികളെയും ഹിന്തുക്കളെയും പഠിപ്പിക്കേണ്ടതിന്നു അദ്ദേഹം യോഗ്യനെന്നു വിചാരിച്ചു ട്ട്യൂബിങ്ങൻ എന്ന പട്ടണത്തിലേക്കു ചെന്നു ഗുണ്ടൎത്ത് സായ്പിനെ തിരഞ്ഞു, അദ്ദേഹത്തെ കണ്ടു ഹിന്തുദേശത്തിലേ പ്രവൃത്തിക്കായി ക്ഷണിച്ചു. ഗുണ്ടൎത്ത് സായ്പോ അതിന്നു മുമ്പേ തന്നേ തന്റെ ഉദ്യോഗത്തെ സംബന്ധിച്ചു ദൈവേഷ്ടം ഇന്നതെന്നു അറിവാന്തക്കവണ്ണം വളരേ പ്രാൎത്ഥിച്ച ശേഷം "എന്നെ ആർ ആദ്യം പ്രവൃത്തിക്കായി വിളിക്കുമോ അവരുടെ വിളി ഞാൻ കൎത്താവിന്റെ വിളിയായി വിചാരിച്ചു അനുസരിക്കും" എന്നു പ്രതിജ്ഞ ചെയ്തിരുന്നു. അതുകൊണ്ടു ഗ്രോവ്സ് സായ്പിന്റെ ക്ഷണനം ഉടന്തന്നേ സന്തോഷത്തോടേ സ്വീകരിച്ചു. അദ്ധ്യാപകനായിത്തീരുന്നതിൽ അത്യന്തം ആഹ്ലാദിച്ചു. എങ്കിലും ജാതികളോടു സുവിശേഷം അറിയിക്കേണ്ടതിന്നു താൻ കൊള്ളുമോ എന്നു സംശയിച്ചു. ഹിന്തുദേശത്തിൽ എത്തിയ ശേഷം അക്കാൎയ്യം തീൎച്ചപ്പെടുത്താം എന്നു വിചാരിച്ചു എത്രയും താഴ്മയോടു കൂടേ ഒരു വെറും ഗുരുനാഥനായി പുറപ്പെട്ടു. പുറപ്പെടുംമുമ്പേ ഒന്നാ

മത്തു സ്വിത്സൎല്ലാണ്ട് ദേശത്തിലേക്ക ചെന്നു പല ദൈവപുരുഷന്മാരെ കണ്ടു തന്റെ വിശ്വാസത്തിന്നു ശക്തികൂട്ടുവാൻ ശ്രമിച്ചു. എന്നാൽ മറെറാരു അനുഗ്രഹവും ശക്തീകരണവും ഉന്മേഷവും ആ സമയത്തു സാദ്ധ്യമായ്വന്നു. മാനസാന്തരപ്പെടുംമുമ്പേ ഒരിക്കൽ ആത്മഹത്യ ചെയ്വാൻ തുനിഞ്ഞ ഒരു ചങ്ങാതിയെ അന്നേരം കണ്ടു സുവിശേഷം അറിയിച്ചപ്പോൾ അദ്ദേഹം വിശ്വസിച്ചു മാനസാന്തരപ്പെട്ടു. അന്നു ഗുണ്ടൎത്ത് പണ്ഡിതർ: "സ്വന്തനാട്ടിൽ എന്റെ വേല ഫലിക്കുന്നില്ലെങ്കിൽ ഹിന്തുദേശത്തിൽ എങ്ങിനേ ഫലിക്കും എന്നു കൂടക്കൂടേ ഞാൻ സംശയിച്ചും വ്യസനിച്ചുംകൊണ്ടു പ്രാൎത്ഥിച്ചുപോന്നതുകൊണ്ടു ഈ മാനസാന്തരം എന്റെ പ്രാൎത്ഥനെക്ക ഉത്തരമായി വലിയ ഒരു കൃപയും വിശ്വാസത്തിന്നു പണയവുമായ്തീൎന്നു" എന്നു സ്വീകരിച്ചു. ആ കൊല്ലത്തിൽ ഗുണ്ടൎത്ത് പണ്ഡിതർ ദൈവികശാസ്ത്രത്തിൽ (Theology) സാധാരണമായ ഒരു പരീക്ഷ കൊടുത്തു എത്രയോ ബഹുമാനത്തോടേ ജയിച്ച ശേഷം വേറേ ഒരു പരീക്ഷയും കൊടുത്തു "തത്വജ്ഞാനപണ്ഡിതർ" (Doctor of Philosophy) എന്ന സ്ഥാനമേല്ക്കുയും ചെയ്തു. അച്ഛന്റെയും രാജാവിന്റെയും സമ്മതം കിട്ടിയ ശേഷം സൎവ്വവിദ്യാശാലയിലേ ചങ്ങാതികളോടും കുഡുംബക്കാരോടും ദുഃഖത്തോടുകൂടേ വിടവാങ്ങി ഒക്തോബർമാസം യാത്രയായി. ക്ഷണത്തിൽ ഹിന്തുദേശത്തിലേക്ക പുറപ്പെടുവാൻ താല്പൎയ്യപ്പെട്ടാലും ഒന്നാമത്തു ഇംഗ്ലണ്ട് ദേശത്തിൽ ആറുമാസത്തോളം താമസിക്കേണ്ടി വന്നു. ഇംഗ്ലീഷ്ക്കാരോടുള്ള പരിചയം ഹിന്തുദേശത്തിലേ വേലെക്ക വലിയ ഉപകാരമായ്ഭവിച്ചു. ഒടുക്കം ൧൮൩൫-ാം വൎഷം തിരുവെള്ളിയാഴ്ചയിൽ ബ്രിസ്തൽ എന്ന പട്ടണത്തിൽനിന്നു കപ്പൽ കയറി യാത്രയായി. തലവനായിരുന്നതു മേല്പറഞ്ഞ നോറിസ്സ് ഗ്രോവ്സ് (Norris Groves) തന്നേ. അദ്ദേഹം വിദഗ്ദ്ധനും ധനികനും എന്നു മാത്രമല്ല താൻ മാനസാന്തരപ്പെട്ട ശേഷം ലോകത്തിലെങ്ങും സുവിശേഷം അറിയിപ്പാൻ അത്യന്തം താല്പൎയ്യപ്പെടുന്ന ഒരു സത്യവിശ്വാസിയും ആയിരുന്നു. അദ്ദേഹം ൧൮൩൩ ഇൽ ഹിന്തുദേശത്തിൽ വന്നപ്പോൾ അപ്പോസ്തലന്മാരെ മാതൃകയാക്കി മിശ്ശൻവേല പുതിയവിധത്തിൽ ചെയ്വാൻ മുതിൎന്നിരുന്നു. സ്നേഹപരവശനായി പ്രവൃത്തിപ്പാനാഗ്രഹിച്ചാലും അദ്ദേഹത്തിന്നു സ്ഥിരതയും മട്ടും വളരേ ഉണ്ടായിരുന്നില്ല. സായ്പിന്റെ മദാമ്മ ഒരു സേനാപതിയുടെ മകൾ ആയിരുന്നെങ്കിലും അനേകകഷ്ടങ്ങളാൽ ക്രിസ്തുവിന്റെ കൂട്ടായ്മയിൽ വളൎന്നുകൊണ്ടു കൎത്താവിനെ വിശ്വസ്തതയോടേ സേവിപ്പാൻ താല്പൎയ്യപ്പെടുന്നവളായിരുന്നു. അതുകൂടാതെകണ്ടു സായ്പിന്റെ മച്ചുനനും മദാമ്മയും സ്വന്ത അനുജത്തിയും അവരോടൊന്നിച്ചു കപ്പൽയാത്ര ചെയ്തു. പിന്നേ ൧൯ വയസ്സുള്ള ഒരു ഇംഗ്ലീഷ്

സ്ക്കൂൾമാസ്റ്റർ ഈ കൂട്ടത്തോടു ചേൎന്നു ഗുണ്ടൎത്ത് പണ്ഡിതൎക്ക് തന്നെ പോലേ കണക്കു അറിയാമോ എന്നു കൂടക്കൂടേ പരിശോധിച്ചു കൊണ്ടിരുന്നു! ബാസലിൽ പഠിച്ച ഒരു ബോധകനും ബപ്തിസ്ത മിശ്ശങ്കാരരായ രണ്ടു കൈത്തൊഴില്ക്കാരും ഫ്രഞ്ചുഭാഷ സംസാരിക്കുന്ന രണ്ടു യുവതികളും ഒരുമിച്ചു ഉണ്ടായിരുന്നു. ഇവരിൽ യൂലിയ ഡിബോവ എന്ന യുവതിയെക്കൊണ്ടു പിന്നേത്തതിൽ അധികമായി കേൾപ്പാൻ സംഗതി വരും. വഴിയിൽ വെച്ചു അവർ ബങ്കാളി, തെലുങ്കു, ഹിന്തുസ്ഥാനി എന്നീ ഭാഷകൾ ശീലിച്ചു. കല്ക്കത്തയിൽ ചെന്നിറങ്ങേണം എന്നായിരുന്നു അവരുടെ മനോഗതം. എങ്കിലും ജൂലായി മാസം ൨-ാം തിയ്യതി മദ്രാസിൽ എത്തി കപ്പലിറങ്ങി, അവിടേ ചില ദിവസം താമസിപ്പാൻ നിശ്ചയിച്ചു. രണ്ടു മൂന്നു ദിവസം അവിടേ പാൎത്തശേഷം ഗ്രോസ്സ് സായ്പ് ഗുണ്ടൎത്ത് പണ്ഡിതരുടെ മുറിയിൽ ചെന്നു: “പ്രിയ തോഴാ, കല്ക്കത്തയിലേക്കു പോകാതെ ഇവിടേ തന്നേ താമസിച്ചാലോ? ബങ്കാളി, ഹിന്തുസ്ഥാനി എന്നീ ഭാഷകൾ ഇപ്പോൾ ഏകദേശം വശമായല്ലോ, ഇനിയും ചില ഭാഷകൾ പഠിച്ചാൽ നല്ലതല്ലേ? ഇവിടത്തെ ക്രിസ്ത്യാനികൾ എത്ര സ്നേഹം കാണിക്കുന്നു! ഇംഗ്ലീഷ് മേലദ്ധ്യക്ഷൻ വളരേ താഴ്മയുള്ള ഒരു സായ്പല്ലോ. തിരുനെല്വേലിയിലേ സഹോദരന്മാരും സമീപമാണ്. ഇതൊക്കേയും വിചാരിച്ചാൽ ഇവിടേ പാൎക്ക നല്ലു എന്നു എനിക്കു തോന്നുന്നു” എന്നു പറഞ്ഞു. ഈ ചഞ്ചലഭാവം കണ്ടാറേ ഗുണ്ടൎത്ത് പണ്ഡിതരുടെ നെഞ്ഞു ഏകദേശം പൊട്ടിപ്പോയാലും അദ്ദേഹത്തിന്റെ അഭിമതത്തിന്നു കീഴ്പെടാതെ നിൎവ്വാഹമില്ലാഞ്ഞു. അന്നു മുതൽ സായ്പ് തെലുങ്കും തമിഴും അഭ്യസിപ്പാൻ തുടങ്ങി. ഗ്രോസ്സ് സായ്പിന്റെ കുട്ടികളെ തത്വജ്ഞാനവും വേദശാസ്ത്രവും പഠിപ്പിക്കേണം എന്നു മുമ്പേ നിശ്ചയിച്ചിരുന്നെങ്കിലും മദ്രാസിൽ എത്തിയപ്പോൾ ൧൨ഉം ൧൰ഉം വയസ്സുള്ള ആ രണ്ടു പുത്രന്മാൎക്ക് പഠിപ്പാൻ ഒട്ടും മനസ്സില്ല എന്നു പണ്ഡിതർ കണ്ടു വളരേ വിഷാദിച്ചു. അതു നിമിത്തം ഒരു ദിവസം ഗ്രോസ്സ് സായ്പ് ഗുണ്ടൎത്ത് പണ്ഡിതരെ ഒരു കാൎയ്യം അന്വേഷിപ്പാൻ തിരുനെല്വേലിക്കു അയച്ചപ്പോൾ അദ്ദേഹത്തിന്നു വളരേ സന്തോഷം തോന്നി. ആ സ്ഥലത്തു റെയിന്യൂസ് (Rhenius) എന്ന ഗൎമ്മാന ബോധകൻ പ്രവൃത്തിച്ചിരുന്നു. അദ്ദേഹം നടത്തുന്ന മിശ്ശൻവേലെക്കായി ഗ്രോസ്സ് സായ്പ് ൧൮൦൦൦ ഉറുപ്പിക ദാനം ചെയ്തിരുന്നു. എന്നാൽ ചില ഏഷണിക്കാർ ഗ്രോസ്സ് സായ്പിനോടു ആ ബോധകനെക്കൊണ്ടും അദ്ദേഹത്തിന്റെ പ്രവൃത്തിയെക്കൊണ്ടും ദോഷമായി ചിലതൊക്കയും പറഞ്ഞതുകൊണ്ടു ഗുണ്ടൎത്ത് പണ്ഡിതർ ഒററകാരനായി ചെന്നു സകലവും പരിശോധിച്ചു വിവരം അറിയിക്കേണം എന്നു സായ്പ് കല്പിച്ചു. പണ്ഡി

തർ അവിടേ ചെന്നു ഒരു ഗമ്മാനനായകന്റെ മകനായ ആ ബോധകനെ കണ്ട ഉടനേ തന്നേ ഗ്രോസ്സ് സായ്പ് കേട്ടതു ഒക്കേയും ശുദ്ധ കളവാകുന്നു എന്നു അദ്ദേഹത്തിന്നു തോന്നി. ആ ബോധകന്റെ സ്നേഹം അനുഭവിച്ചപ്പോഴോ ക്ഷണത്തിൽ മനസ്സിന്നു സുഖം വന്നു. ആ സ്ഥലത്തു കൎത്താവിന്റെ പ്രവൃത്തി സക്ഷാൽ ഊക്കോടേ നടക്കുന്നു എന്നു സ്പഷ്ടമായി കണ്ടു. റിശേഷിച്ചു അദ്ദേഹം ചെയ്യുന്ന പ്രവൃത്തികൾ ഒരു ക്രമവും ഉദ്ദേശവും ഉണ്ടു എന്നു ദിവസേന കണ്ടപ്പോൾ ഉത്സാഹത്തോടേ അദ്ധ്വാനിക്കുന്ന ഈ ബോധകന്റെ വേല നിഷ്ഫലമായിപ്പോവാൻ പാടില്ല എന്നു വിശ്വസിച്ചു. ൧൮൩൭ മാൎച്ച്മാസം വരേ അവിടേ താമസിച്ച ശേഷം ഗ്രോസ്സ് സായ്പ് ഗുണ്ടൎത്ത് പണ്ഡിതരെ വീണ്ടും വിളിപ്പിച്ചു. ദുഃഖാന്വിതനായി റെയിന്യുസ് സായ്പിനോടു വിടവാങ്ങുന്ന സമയത്തിങ്കൽ മിശ്ശൻവേലെക്കായി തന്നെത്താൻ ജീവപൎയ്യന്തം ഏല്പിച്ചാൽ ഭാഗ്യം മാത്രമേയുള്ളു എന്നും ഇതിന്നായി താനും വിളിക്കപ്പെട്ടിരിക്കുന്നു എന്നും ഉള്ള കാൎയ്യത്തിൽ പൂൎണ്ണനിശ്ചയം വന്നിരുന്നു.

കല്പന അനുസരിച്ചു മദ്രാസിൽ ചെന്നപ്പോൾ ഗ്രോസ്സ് സായ്പിന്റെ ഭവനം "തന്നിൽത്തന്നേ ഛിദ്രിച്ചു പോയി" എന്നു കണ്ടു. എന്തു പ്രവൃത്തിക്കേണ്ടു എന്നതിനെക്കൊണ്ടു യാതൊരു നിശ്ചയവും ആൎക്കും ഉണ്ടായിരുന്നില്ല. ഗുണ്ടൎത്ത് പണ്ഡിതൎക്ക അതു ബഹുവിഷമമുള്ള ഒരു സമയമായിരുന്നു. ക്രമസഹിതമായ ഒരു പ്രവൃത്തി കിട്ടേണ്ടതിന്നു അത്യന്തം കാംക്ഷിച്ചു. ഒടുക്കം ചിറ്റൂരിൽ ചെന്നു കുടിയേറി പ്രവൃത്തിക്കേണം എന്നു കേട്ടപ്പോൾ അത്യന്തം സന്തോഷിച്ചു. ആ സ്ഥലത്തു സായ്പ് വളരേ അദ്ധ്വാനിച്ചു ഉപദേശത്താലും പ്രസംഗത്താലും നിത്യം പ്രവൃത്തിച്ചു കൊണ്ടിരിക്കേ ഒടുക്കം തന്റെ കുതിരക്കാരനിൽ ദൈവവചനം ഫലിച്ചു, അവനെ സ്നാനപ്പെടുത്തുവാനും സംഗതിവന്നു. ഗ്രോസ്സ് സായ്പിനോടുള്ള സംസൎഗ്ഗത്തിൽ മുമ്പേ അനുഭവിച്ച സ്നേഹം ക്രമേണ കുളിൎത്തു പോകുന്ന പ്രകാരം കണ്ടിട്ടു ഗുണ്ടൎത്ത് പണ്ഡിതൎക്ക അത്യന്തം സങ്കടം തോന്നി. രണ്ടു സംവത്സരങ്ങൾക്കകം സ്വന്തനാട്ടിൽനിന്നു ഒരൊററ കത്തുപോലും കിട്ടാതെപോയതും സായ്പിനെ വ്യസനിപ്പിച്ചു (കത്തുകളൊക്കേയും വഴിയിൽ വെച്ചു കാണാതെ പോയി കഷ്ടം!). അന്നു ഹിന്തുരാജ്യത്തെ ക്രമേണ തന്റെ രണ്ടാം സ്വദേശമായി വിചാരിപ്പാൻ തുടങ്ങി. ആ സമയത്തു ഇംഗ്ലീഷു ചങ്ങാതികളിൽ ചിലർ ഹിന്തുസ്ത്രീകളുടെയും പെൺകുട്ടികളുടെയും ഇടയിൽ അത്യുത്സാഹത്തോടേ പ്രവൃത്തിച്ചു വന്ന യൂല്യ ഡിബോവ എന്ന യുവതിയെ കല്യാണം കഴിക്കേണമെന്നു ആലോചന പറഞ്ഞു. എന്നാൽ സ്ഥിരമില്ലാത്ത ഈ സ്ഥിതിയിൽ ഇതിന്നായി ധൈൎയ്യം ഉണ്ടായിരുന്നില്ല. നാലഞ്ചു

സംവത്സരത്തേക്ക മാത്രമേ ഗ്രോസ്സ് സായ്പിനോടു കരാർ ചെയ്തിട്ടുള്ളൂ. അതു കഴിഞ്ഞശേഷം എന്തു ചെയ്യേണ്ടു എന്ന അറിഞ്ഞിരുന്നില്ല. അങ്ങിനേ ഇരിക്കേ ൧൮൩൮ ജൂൻ ൫-ാം തിയ്യതി റെയിന്യുസ് ഉപദേഷ്ടാവു അന്തരിച്ചു എന്ന വൎത്തമാനം ചിറ്റൂരിൽ എത്തി. ഗ്രോസ്സ് സായ്പ് അതു കേട്ടു ഉടനേ ഗുണ്ടെൎത്ത് സായ്പിനോടു അതു കൎത്താവിൻ വിളി എന്നു നിങ്ങൾക്ക തോന്നുന്നെങ്കിൽ നിങ്ങൾ തിരുനെല്വേലിയിലേക്ക ചെന്നു അവിടത്തേ സഹോദരന്മാൎക്ക സഹായിച്ചാൽ കൊള്ളാം എന്നു പറഞ്ഞു. ഗുണ്ടെൎത്ത് പണ്ഡിതർ അതു കേട്ടപ്പോൾ റെയിന്യുസ് സായ്പ് ഒരിക്കൽ തിരുനെല്വേലിയിൽ വെച്ചു: "ഗുരുക്കളായ നിങ്ങൾ ഒരു ബോധകനായിത്തീൎന്നതുകൊണ്ടു ഒരിക്കൽ സ്വാതന്ത്ര്യം പ്രാപിച്ചാൽ ഒന്നാം അവകാശം ഞങ്ങൾക്ക എന്നു ഓൎക്കേണം" എന്നു ചൊല്ലിയ വാക്ക ഓൎത്തു എന്നു മാത്രമല്ല, അയ്യോ റെയിന്യുസ് സായ്പിനോടൊന്നിച്ചു പ്രവൃത്തിപ്പാൻ കഴിഞ്ഞിരുന്നെങ്കിൽ എത്ര സന്തോഷം ഉണ്ടാകുമായിരുന്നു എന്നു വിചാരിച്ചു ഖേദിക്കയും ചെയ്തു. എന്നിട്ടും തിരുനെല്വേലിയിലേ സഹോദരന്മാരോടു "ഞാൻ സഹായത്തിന്നായി മാത്രമല്ല സ്ഥിരമായി നിങ്ങളോടൊന്നിച്ചു പ്രവൃത്തിപ്പാൻ അങ്ങു വരും" എന്നു അറിയിച്ചു. വിവാഹസ്ഥനായിത്തീൎന്നാൽ കൊള്ളാം എന്നും കൂടേ അവർ താല്പൎയ്യപ്പെട്ടിരുന്നതുകൊണ്ടു ഗ്രോസ്സ് സായ്പ് മുഖാന്തരമായി മേല്പറഞ്ഞ യുവതിയോടു അന്വേഷിക്കേണ്ടി വന്നു. അതിന്നു: "ജീവപൎയ്യന്തം മിശ്ശൻവേല ചെയ്വാൻ നേൎന്നിരിക്കുന്നെങ്കിൽ ഞാൻ വിശ്വാസത്തോടും നന്ദിഭാവത്തോടും കൂടേ സമ്മതിക്കും. വിവാഹസ്ഥയായിരിക്കുന്നതു എനിക്ക ഇപ്പോൾ പ്രയാസം തോന്നുന്ന ഈ തല്ക്കാലസ്ഥിതിയിൽനിന്നുള്ള ഒരു ഉദ്ധാരണം പോലേ തോന്നുന്നു" എന്നതു മദാമ്മയുടെ ഉത്തരം ആയിരുന്നു. ൧൮൩൮ ജൂലായി ൨൮-ാം തിയ്യതി കല്യാണവും കഴിഞ്ഞു. ൨ നാൾക്ക പിൻ ദമ്പതിമാർ ഒരു കൂലിവണ്ടിയിൽ കയറി തിരുനെല്വേലിക്ക പോകേണ്ടിവന്നു. ഈ സ്ഥിതി ഇരുവൎക്കും സന്തോഷകരമായിരുന്നെങ്കിലും വിരഹതാപം അല്പമല്ലയായിരുന്നു. വിശേഷാൽ സ്കൂൾകുട്ടികൾ വളരേ കരഞ്ഞു സായ്പിനോടും മദാമ്മയോടും പോകരുതേ എന്നു നിത്യം അപേക്ഷിച്ചു. ഗ്രോസ്സ് സായ്പോ "അയ്യോ ഗുണ്ടെൎത്ത് എന്ന വലകൈയും യൂലിയ ഡിബോവ എന്ന ഇടകൈയും പോയിപ്പോയശേഷം എന്റെ അവസ്ഥ മേലാൽ എന്തായിത്തീരും!" എന്നു പ്രലപിച്ചു പറഞ്ഞു പോൽ. ഗുണ്ടെൎത്ത് പണ്ഡിതരോ അന്നുമുതൽ സാക്ഷാൽ ഒരു ബോധകനായിത്തീൎന്നു.

## നാലാം അദ്ധ്യായം.

### കേരളനാട്ടിൽ ചെയ്ത പ്രവൃത്തി. (൧൮൫൯ വരേ).

൧൮൩൮ ജൂലായി മാസം ൩൦-ാം൹ സായ്പും മദാമ്മയും ചിറ്റൂരിലേ സഹോദരന്മാരോടൊന്നിച്ചു ഒരിക്കൽ കൂടേ പ്രാൎത്ഥന കഴിച്ചശേഷം അവിടേനിന്നു പുറപ്പെട്ടു തിരുനെൽവേലിയിലേക്കു യാത്രയായി. ദിവസേന കൂലിവണ്ടിയിൽ ചിലനാഴികയോളം യാത്ര ചെയ്തതിൽപ്പിന്നേ അങ്ങാടികളിൽ പ്രസംഗിക്കയും രാത്രിയാകുംവരേ ആളുകളോടു സംഭാഷണം കഴിക്കുകയും ചെയ്യും. തൃശ്ശിനാപ്പള്ളിയിൽ എത്തിയപ്പോൾ തിരുനെല്വേലിയിൽനിന്നു വന്ന കത്തുകൾ വായിച്ചു നോക്കിയാറേ അവിടത്തേ സഹോദരന്മാർ സ്വാധീനത ഉപേക്ഷിച്ചു ചൎച്ച് മിശ്ശനിൽ ചേൎന്നപ്രകാരം കേട്ടു വളരേ വ്യസനിച്ചു; എന്നിട്ടും ഊർതോറും പ്രസംഗിച്ചുകൊണ്ടു തിരുനെല്വേലിയിലേക്കു പുറപ്പെട്ടു. ആഗസ്ത് മാസം ൨൯-ാം തിയ്യതി അവിടേ എത്തി. ഇതുവരേ ചിലതൊക്കയും വീണ്ടും വീണ്ടും തുടങ്ങുകയും മതിയാക്കുകയും ചെയ്യുന്നവിധത്തിൽ കാൎയ്യം നടന്നതുകൊണ്ടു സായ്പിന്നു ഒരു സ്ഥിരമായ പ്രവൃത്തിയിൽ ചേരുവാൻ വളരേ ആഗ്രഹമുണ്ടായിരുന്നു. അതും ഒരു ശമ്മാനമിശ്ശനിൽ ആയാൽ കൊള്ളാം എന്നു വളരേ താല്പൎയ്യപ്പെട്ടിരുന്നു. ഇംഗ്ലീഷ്കാരുടെ പണം സായ്പിനെ ഒട്ടും ആകൎഷിച്ചിട്ടില്ല. മദ്രാസ്സിലേ ചില ഇംഗ്ലീഷ് യുവാക്കളെ യവനഭാഷ പഠിപ്പിച്ചാൽ ൫൦൦ ഉറുപ്പിക മാസപ്പടി കിട്ടും എന്നു കേട്ടപ്പോൾ ഇതിന്നായിട്ടല്ല ഹിന്തുദേശത്തിൽ വന്നതു എന്നോൎത്തു അതിനെ നിഷേധിച്ചു. എന്നാൽ തിരുനെൽവേലിയിലേ ഉപദേശിമാരുടെ വൈദികശാലയെ നടത്തേണമെന്നു ചൎച്ച് മിശ്ശൻകാർ സായ്പിനോടു വളരേ അപേക്ഷിച്ചപ്പോൾ സായ്പ് ആ മിശ്ശനിൽ ചേരാതെകണ്ടു ഒരു അതിഥിയെപോലേ പഠിപ്പിക്കാമെന്നു നിശ്ചയിച്ചു അതിന്നായി മുതിൎന്നു. അന്നു യേശുക്രിസ്തുവിന്റെ ജനനം വരേയുള്ള സംഭവങ്ങൾ അടങ്ങിയതായ ഒരു ലോകചരിത്രം തമിഴഭാഷയിൽ എഴുതിച്ചു തീൎത്തു. എന്നാൽ അതിന്നു മുമ്പേ തന്നേ ബാസൽ മിശ്ശനിൽ ചേരുവാൻ താല്പൎയ്യം തോന്നിയതുകൊണ്ടു സെപ്തെമ്പർ മാസം ൧-ാം തിയ്യതി മംഗലപുരത്തേക്കും ബാസലിലേക്കും ഓരോ കത്തുകളെഴുതി തന്നെ ആ മിശ്ശനോടു ചേൎപ്പാനും തമിഴ് ദേശത്തിൽ ഒരു പുതിയ മിശ്ശൻ തുടങ്ങുവാനും അനുവാദം ചോദിച്ചു. ഈ രണ്ടു കത്തുകൾ ആ സ്ഥലത്തിൽ എത്തുന്നതിന്നു മുമ്പായി തന്നേ മേഗ്ലിങ്ങ് പണ്ഡിതരുടെ ഒരു കത്തു ഗുണ്ടൎത്ത് പണ്ഡിതൎക്കു കിട്ടി. ആ കത്തുമുഖാന്തരം സായ്പിന്റെ ഉററ ചങ്ങാതിയായ മേഗ്ലിങ്ങ് പണ്ഡിതർ ഹിന്തുദേശത്തിലേ ബാസൽമിശ്ശന്റെ സാധാരണമായ കമ്മട്ടിയാരുടെ നാമത്തിൽ സായ്പിനെ അങ്ങോട്ടു

ചെന്നു പ്രവൃത്തിപ്പാൻ ക്ഷണിച്ചു. ഈ വിവരം ഗുണ്ടൎത്ത് പണ്ഡിതരെ അത്യന്തം സന്തോഷിപ്പിച്ചു എങ്കിലും ബാസലിലേ കമ്മട്ടിയാരുടെ മറുവടിക്കായി കാത്തിരിപ്പാൻ നിശ്ചയിച്ചു. ഒടുക്കം അവിടത്തേ തീൎപ്പും വന്നു. തമിഴ്ദേശത്തിൽ ഒരു പുതിയ മിശ്ശൻ തുടങ്ങുവാൻ പാടില്ല എന്നും കൎണ്ണാടകഭാഷ പഠിപ്പാൻ ഇഷ്ടമുണ്ടെങ്കിൽ തങ്ങളുടെ മിശ്ശനോടു സന്തോഷത്തോടേ ചേക്കാം എന്നും കമ്മട്ടിയാർ മറുവടിയായി എഴുതി. “അയ്യോ വീണ്ടും ഒരു പുതിയഭാഷ പഠിക്കേണമല്ലോ” എന്നു സായ്പ് വിചാരിച്ചു വ്യസനിച്ചു. എങ്കിലും ദൈവേഷ്ടമറിവാൻ വളരേ പ്രാൎത്ഥിച്ചു ശേഷം ഒടുക്കം അതിന്നായി മുതിൎന്നു. “ഓരോ പുതിയഭാഷ പഠിപ്പാനല്ലല്ലോ, കൎത്താവിന്റെ മുന്തിരിങ്ങാത്തോട്ടത്തിൽ അഭിനിവേശത്തോടേ സ്ഥിരമായി പ്രവൃത്തിപ്പാനത്രേ ഞാൻ ആഗ്രഹിക്കുന്നതു” എന്നു പറഞ്ഞു ഒക്തോബർ മാസം ൧-ാം തിയ്യതി പടിഞ്ഞാറോട്ടു പുറപ്പെട്ടു. ചില ദിവസം കഴിഞ്ഞതിൽ പിൻ തിരുവിതാംകോട്ടയിൽ എത്തി. അവിടേനിന്നു മലയാളഭാഷയെ ഒന്നാം പ്രാവശ്യം കേട്ടു. ചില ദിവസങ്ങൾക്കകം മലയാളം വായിപ്പാനും അത്യാവശ്യമുള്ളതു ബോധിപ്പാനും ശീലിച്ചു. ഈ ഭാഷ സായ്പിനെ ആശ്ചൎയ്യപ്പെടത്തക്കവിധത്തിൽ ആകൎഷിച്ചു. സ്വന്തഭാഷെക്കു പുറമേ ഈ മലയാളവും കൂടേ മുഖ്യമായ ഭാഷയായിത്തീരും എന്നു സായ്പ് അന്നു ഊഹിച്ചിരുന്നില്ല. ഒക്തോബർ മാസം ൨൩-ാം൹ കൊച്ചിയിൽനിന്നു മദാമ്മയോടൊന്നിച്ചു എത്രയോ പഴയ ഒരു പത്തമ്മാരിയിൽ കയറി പുറപ്പെട്ടു. വളരേ ലഘുഭാവക്കാരായ യഹൂദർ, മാപ്പിളമാർ, പോൎത്തുഗീസർ എന്നവരുടെ ഒരു കൂട്ടം അതിൽ ഉണ്ടായിരുന്നു. ഇവരുടെ ചിരിയും പരിഹാസവും ക്ഷണത്തിൽ മൌനമായ്പോയി. ൨൪-ാം൹ സൂൎയ്യൻ അസ്തമിച്ചു ശേഷം അതിഭയങ്കരമായ ഒരു കൊടുങ്കാറ്റു ഊതി, കോളും പിടിച്ചു. “അതു വരുന്നതു കണ്ട ഉടനേ ഞാൻ പത്തമ്മാരിയിലേ ആളുകളോടു പായി വേഗം താഴ്ത്തുവാൻ കല്പിച്ചു. എന്നാൽ അവർ മഹാ മടിയരായിരുന്നു; അവരുടെ ഉപേക്ഷയാൽ പായി കഷണം കഷണമായി കീറിപ്പോയി. തവക്ക കൂടാതെ ഞങ്ങൾ കാററിന്റെ ശീഘ്രതകൊണ്ടു പടിഞ്ഞാറോട്ടു ഓടി; ഒന്നിച്ചുള്ളവരൊക്കയും പൊട്ടിക്കരഞ്ഞു നിലവിളിച്ചു. യൂല്യ താഴേ കിടന്നുറങ്ങുകയായിരുന്നു. ഞാൻ അവളെ ഉണൎത്തി എങ്കിലും ആപത്തിന്റെ സ്വഭാവം മുഴുവനും അറിയിച്ചില്ല. ഇതിന്നിടയിൽ ആളുകളൊക്കയും ഞങ്ങളുടെ അടുക്കേ പാഞ്ഞു വന്നു: “നിങ്ങളുടെ ദേവനോടു പ്രാൎത്ഥിപ്പിൻ” എന്നു അപേക്ഷിച്ചു; ഞാൻ തമിഴ്ഭാഷയിൽ ഉറക്കേ പ്രാൎത്ഥിച്ചു; ഭയം, വിശ്വാസം, പുനരുത്ഥാനം എന്നിവററെ കുറിച്ചു ഒരു പ്രസംഗവും കഴിച്ചു. അതിന്റെ ശേഷം ഞാൻ ചുക്കാൻ പിടിപ്പാൻ ഭാവിച്ചാറേ യൂല്യ ഏക

ദേശം മോഹാലസ്യപ്പെട്ടു കിടക്കുന്നു എന്നു കണ്ടു, അവളുടെ അരികെ തന്നേ നിന്നു. തിരമാല ഇരുഭാഗത്തോട്ടും അലെച്ചാലും നാം ദൈവകയ്യിൽ ഇരിക്കുന്നല്ലോ എന്നു പറഞ്ഞു അവളെ ആശ്വസിപ്പിച്ചു. അനന്തരം ഒരു വലിയ ഓളം വന്നു പത്തമ്മാരിയിൽ വെള്ളം കയറി നിറഞ്ഞതു കണ്ടപ്പോൾ കഥ തീൎന്നു, ഞങ്ങൾ മുങ്ങിപ്പോകും എന്നു വിചാരിച്ചു. ഞാൻ ഭാൎയ്യയോടു "സമുദ്രം തൻ മരിച്ചവരെ തിരിച്ചു കൊടുക്കും" എന്നു പറഞ്ഞ നിമിഷത്തിൽ തന്നേ ഞങ്ങളുടെ മനസ്സിലേ ക്ഷോഭം ശമിച്ചു, ഉടനേ സമുദ്രത്തിലേ ക്ഷോഭവും നിന്നു എന്നു സായ്പ് അന്നേത്ത വൃത്താന്തത്തെ പറ്റി എഴുതിയിരിക്കുന്നു.

എങ്ങിനേ എങ്കിലും നവെമ്പർമാസം ൧-ാം തിയ്യതി പത്തമ്മാരി മംഗലാപുരത്തേ തുറമുഖത്തെത്തി നങ്കുരമിട്ടു. പിറേറദിവസം രാവിലേ തോണികയറി അവിടത്തേ അഴിയിലൂടേ ഓടി കരെക്കണെഞ്ഞിറങ്ങി. അവിടേ കാത്തുനിന്നിരുന്ന മേഗ്ലിങ്ങ്പണ്ഡിതർ സ്നേഹിതരെ ബഹുസന്തോഷത്തോടേ കൈക്കൊണ്ടു. സായ്പ് മൂന്നു സംവത്സരമായി സ്വന്തഭാഷ സംസാരിക്കായ്കകൊണ്ടു ആദ്യദിവസങ്ങളിൽ ജൎമ്മാനഭാഷ സംസാരിപ്പാൻ പ്രയാസം തോന്നി (മദാമ്മ ഫ്രഞ്ച്ഭാഷയായിരുന്നു സംസാരിച്ചിരുന്നതു).—രണ്ടു മാസത്തോളം മാത്രം അവിടേ താമസിച്ച ശേഷം ൧൮൩൯-ാം കൊല്ലം ജനുവരിമാസത്തിൽ കേരളദേശത്തിൽ ഒരു മിശ്ശൻ സ്ഥാപിപ്പാൻ കഴിയുമോ എന്നു അവിടേ ചെന്നു അന്വേഷിപ്പാൻ സായ്പിനോടു മേലധികാരികൾ താല്പൎയ്യപ്പെട്ടു. ചില സംവത്സരങ്ങൾക്കു മുമ്പേ റേനിയുസ് എന്ന ഉപദേഷ്ടാവു മിഖായേൽ എന്ന ഉപദേശിയെ അഞ്ചരക്കണ്ടിയിൽ ഒരു ഇംഗ്ലിഷ്സായ്പിന്റെ തോട്ടത്തിൽ പണി എടുക്കുന്ന അടിമകളോടു സുവിശേഷം അറിയിക്കേണ്ടതിന്നു അയച്ചിരുന്നു. അവരുടെ അവസ്ഥ അതിഭയങ്കരം; ആ സ്ഥലം സാക്ഷാൽ പിശാചിന്റെ ഒരു കോട്ടയായിരുന്നു എന്നു പറയാം; എന്നിട്ടും അവിടേ ഒരു വാതിൽ തുറന്നുവന്നിരിക്കുന്നെന്നും സുവിശേഷം കേൾപ്പാൻ പലൎക്കും താല്പൎയ്യമുണ്ടു എന്നും കൂടേ കേട്ടു. ഈ പ്രയാസനിലയിൽ മിഖായേൽ ബുദ്ധിമുട്ടി ഒരു സഹായത്തിന്നായി അന്വേഷിച്ചുകൊണ്ടിരിക്കയായിരുന്നു. അതു ദൈവത്തിന്റെ വിളി തന്നേ എന്നു അറിവാനായിട്ടു വേറേയൊരു സംഗതിയുമുണ്ടായിരുന്നു. ഹേബിക്ക്സായ്പിന്റെ പ്രസംഗം കേട്ടു വിശ്വസിച്ച സ്ത്രേഞ്ച് എന്ന ജഡ്ജിസായ്പ് അന്നു തലശ്ശേരിയിൽ പാൎത്തു. ഈ സായ്പ് വിലാത്തിയിലേക്കു പോകുന്നതിന്നു മുമ്പായി താൻ പാൎത്ത ഭംഗിയുള്ള വീടും പറമ്പും ഒക്കയും ബാസൽ മിശ്ശന്നു സമ്മാനമായികൊടുത്തിരുന്നു. അതുകൊണ്ടു മംഗലാപുരത്തിലേ സഹോദരന്മാർ ഗുണ്ടൎത്ത്പണ്ഡിതരെ അങ്ങോട്ടയപ്പാൻ നിശ്ചയിച്ചു. ഇല്ലിക്കുന്നിന്മേൽ

പാൎത്തുകൊണ്ടിരിക്കേ അഞ്ചരക്കണ്ടിയിലേ കാൎയ്യം ക്രമപ്പെടുത്താം എന്നു വിചാരിച്ചു. സായ്പു കേരളത്തിലെത്തി കാൎയ്യാദികൾ എല്ലാം അന്വേഷിച്ചറിഞ്ഞു വീണ്ടും മംഗലപുരത്തേക്കു മടങ്ങിച്ചെന്നു വിവരമൊക്കയും അറിയിച്ചു. ഹേബിക്സായ്പു ദാൎവ്വാറിൽനിന്നു മടങ്ങി എത്തി. അനന്തരം മാൎച്ചുമാസം ൧൬-ാം ൹ ബാസൽമിശ്ശൻെറ ആദ്യഫലമാകുന്ന ആറു ആളുകൾക്കു സ്നാനം കൊടുത്തു. അന്നു എല്ലാവരും ഒന്നിച്ചു സന്തോഷിച്ചശേഷം എപ്രിൽ മാസാരംഭത്തിൽ ഗുണ്ടൎത്ത് പണ്ഡിതർ ഭാൎയ്യാസമേതം കേരളദേശത്തിലേക്കു പുറപ്പെട്ടു. ഇപ്രകാരമാകുന്നു ഈ നാട്ടിൽ മിശ്ശൻവേല സാക്ഷാൽ ആരംഭിപ്പാൻ ഇടയായതു. ഇതിനെ ആരംഭിച്ച ഗുണ്ടൎത്ത് പണ്ഡിതരത്രേ; പിഞ്ചെന്ന ൨൦ സംവത്സരങ്ങൾക്കകം കേരളത്തിൽ മിശ്ശൻപ്രവൃത്തിക്കു അടിസ്ഥാനം ഇട്ടതു എന്നു പറയേണ്ടതു. പ്രധാനകാൎയ്യങ്ങളിൽ അന്നും ഇന്നും നേതാവായി ശോഭിക്കുന്നതും അദ്ദേഹമത്രേ.

തലശ്ശേരിയിൽ ഇറങ്ങിയ ഉടനേ സായ്പിൻെറ ആദ്യജാതൻ ജനിച്ചു. (ഈ ഹെൎമ്മൻ ഇപ്പോൾ അമേരിക്കദേശത്തിൽ ഉപദേഷ്ടാവും മൂത്തച്ചനുമായി ജീവനോടിരിക്കുന്നു.) അവൻെറ പിറവി വളരേ കഷ്ടപ്പാടുകളോടു കൂടേ ആയിരുന്നു. എന്നാൽ അധികം വലിയ കഷ്ടപ്രയാസങ്ങൾ മലബാർ മിശ്ശൻപ്രവൃത്തിയുടെ ആദ്യഫലങ്ങളും സായ്പിൻെറ ആത്മികക്കുട്ടികളും ആയ ഓരോ മക്കൾ ജനിച്ചുവരുന്നതിൽ അനുഭവിക്കേണ്ടിവന്നു. സായ്പു ഭാഷയിൽ കഴിച്ച അദ്ധ്വാനം എല്ലാററിലും വിഷമം കുറഞ്ഞതു എന്നു പറയാം അവർ രചിച്ച വ്യാകരണം, വലിയ നിഘണ്ടു, അനേകസ്കൂൾപുസ്തകങ്ങൾ, ഓരോ ചെറുപുസ്തകങ്ങൾ, ചോദ്യോത്തരം, ഗീതപുസ്തകം, തിരുവെഴുത്തുകളുടെ ഭാഷാന്തരം ഇത്യാദി കൃതികൾ സംശയംകൂടാതെ അതിശയമാൎന്ന പ്രവൃത്തികൾ ആകുന്നു. ഈ പുസ്തകങ്ങൾ സൂക്ഷ്മത്തോടേ വായിക്കുന്തോറും പാരായണക്കാർ സായ്പിൻെറ പ്രാപ്തിനിമിത്തവും ഓരോ ചെറിയ കാൎയ്യത്തിൽ കാണിച്ച സൂക്ഷ്മത നിമിത്തവും അത്ഭുതപ്പെടാതിരിക്കയില്ല. പ്രസംഗവും ദൈവാരാധനയും വേദപാരായണവും നടന്നുകൊണ്ടിരിക്കേ ഗുണ്ടൎത്ത് പണ്ഡിതർ ഭാഷാസംബന്ധമായി ചെയ്ത അദ്ധ്വാനസഹായങ്ങളെക്കൊണ്ടു നമ്മുടെ ഇടയിൽ ഇന്നോളം വ്യാപരിക്കുന്നു എന്നു പറവാൻ ധൈൎയ്യമുണ്ടു. എന്നാൽ ഈ പ്രവൃത്തി സായ്പിന്നു വെറും വിനോദവും ഉല്ലാസവും മാത്രമായിരുന്നു. വൃദ്ധനായിത്തീൎന്ന ശേഷം സായ്പു ഒരിക്കൽ "സ്വൎഗ്ഗത്തിൽവെച്ചു ഓരോ പുതിയ ഭാഷ പഠിപ്പാൻ എനിക്കു അവസരം കിട്ടിയാൽ എന്തൊരു സന്തോഷമായിരിക്കും" എന്നു പറഞ്ഞുപോൽ. പുറജാതികളോടു പ്രസംഗിപ്പാനും സായ്പു വളരേ താല്പൎയ്യം കാണിച്ചു. പ്രസംഗിക്കുന്ന

വിധം അപൂൎവ്വവും രസകരവുമായിരുന്നു. ക്രിസ്തീയമാൎഗ്ഗത്തിന്റെ ഉപദേശം സ്ഥലവും സമയവും വിചാരിയാതെ നിത്യം ഒരേ രീതിയിൽ ആവൎത്തിച്ചു പറഞ്ഞതു സായ്പിന്നു വഴക്കമല്ല. കേൾക്കുന്നവരുടെ താരതമ്യത്തിന്നൊത്തവണ്ണം അവർ നിത്യം നിറവിൽനിന്നു കോരി ഉണൎച്ചയോടും ശ്രദ്ധയോടും വിവേകത്തോടും കൂടേ സുവിശേഷം ആളുകൾക്കു ഹൃദയംഗമമാകുവാൻ ശ്രമിച്ചു. എന്നിട്ടും ഈ കാൎയ്യത്തിൽ ചിലപ്പോൾ തനിക്കു ശങ്കയും മന്ദതയും ഉണ്ടായിട്ടുണ്ടെന്നു തന്നെക്കൊണ്ടു സങ്കടം പറഞ്ഞിട്ടുമുണ്ടു. ൧൮൩൮-ാം വൎഷത്തിൽ ഹേബിൿസായ്പിന്റെ ശവസംസ്കാരസമയം സായ്പ് ഈരിയോൻ, മില്ലർ എന്ന ബോധകരോടൊന്നിച്ചു ശവകുഴിയുടെ മുമ്പിൽ നില്ക്കുമ്പോൾ “ഹേബിൿ അലറുന്ന സിംഹം ഇരയെ അന്വേഷിക്കുന്നതിനെപോലേ ആത്മാക്കളെ ആകൎഷിച്ചു. ഇവനോടു എന്നെയും മറ്റുള്ളവരെയും ഒപ്പിച്ചുനോക്കുമ്പോൾ ഞങ്ങൾ മൌനനായ്ക്കൾ അത്രേ” എന്നു ഏറ്റുപറഞ്ഞു. സംസ്കൃതം ഹിന്തുമതം ഇത്യാദി എത്ര പഠിച്ചാലും ആത്മാക്കളെ നേടുവാനുള്ള വാഞ്ഛയും പ്രാപ്തിയും വൎദ്ധിക്കയില്ല എന്നതും കൂടേ സായ്പിന്റെ അനുഭവമായിരുന്നു. എന്നാൽ ഏററവും വലിയ പ്രയാസം സായ്പ് രാപ്പകൽ ഉൽകൃഷ്ടസ്ഥിതിയിലേക്കു എത്തിപ്പാൻ ശ്രമിച്ച പല ആളുകളുടെ കള്ളസ്വഭാവവും ജഡികഭാവവും സ്ഥിരമില്ലായ്മയുമായിരുന്നു. ഒരിക്കൽ ഒരു കത്തിൽ “ഞാൻ സ്നാനപ്പെടുത്തിയ ക്രിസ്ത്യാനികളൊക്കയും പതിർ എന്ന പോലേ പാറിപ്പോയി. പലപ്പോഴും എല്ലാം ഇളകുന്നു എന്നും എല്ലാം പാഴതിലായിപ്പോയി എന്നും തോന്നുന്നു. അഞ്ചരക്കണ്ടിയിലേ ക്രിസ്ത്യാനികൾ മൂന്നു മാസത്തോളം എന്നോടും സുവിശേഷത്തിന്റെ ശാസനയോടും മത്സരിച്ചുനിന്നു” എന്നു വ്യസനത്തോടേ എഴുതി.

എന്നിട്ടും സന്തോഷത്തിന്നു കുറവു ഉണ്ടായിട്ടില്ല താനും. ൧൮൪൪-ാം വൎഷത്തിലെഴുതിയ ഒരു കത്തിൽ “ചില മാസങ്ങൾക്കു മുമ്പേ മാത്രം ക്രിസ്തുവിനെ കുറിച്ചുള്ള വചനം കേട്ട പൌൽചന്ദ്രൻ ഇപ്പോൾ സകല ക്രിസ്ത്യാനികളിൽവെച്ചു ശ്രേഷ്ഠനായ്തിളങ്ങുന്നു, അദ്ദേഹം എനിക്കു നിത്യം ഒരു പുതിയ കാഴ്ച എന്നപോലേ ഇരിക്കുന്നു. അവൻ കേൾക്കുന്നതു ഒക്കയും അവനിൽ വേരൂന്നുന്നു എന്നു മാത്രമല്ല, ആത്മിക ആഹാരം അവനിൽ ദഹിക്കയും എത്രയും ശ്രദ്ധയോടേ അതിനെ മേല്ക്കുമേൽ അംഗീകരിക്കയും ചെയ്യുന്നു; (ദൈവവചനം എന്ന) നല്ല വിത്തു വിതെപ്പാൻ പോലും തുടങ്ങിയിരിക്കുന്നു. പ്രിയ ഭാൎയ്യയോടും രണ്ടു നല്ല മക്കളോടും ഒന്നിച്ചു അവൻ ഏകാന്തത്തിൽ യേശുക്രിസ്തുവിന്റെ നുകത്തെ ചുമക്കുന്നു. മുമ്പേ ഒരിക്കലും കേൾക്കാത്ത വേദവാക്കുകളെ ഈ പൌൽ ദൈവാത്മാവിൻ ശക്തിയാൽ വ്യാഖ്യാനിക്കുന്നതു കേട്ടപ്പോൾ എന്റെ

ഹൃദയത്തിന്നു ഏറ്റവും തണുപ്പുവന്നു. സ്നാനം കഴിഞ്ഞശേഷം ഈ
സഹോദരനെ ഉത്സാഹിപ്പിപ്പാൻ ഒരിക്കലെങ്കിലും സംഗതിവന്നിട്ടില്ല.
ഈ ആത്മസ്നേഹത്തെയും വിശുദ്ധഎരിവിനെയും കണ്ടാൽ നാണിച്ചു
പോവാൻ സംഗതിയുണ്ടു. എന്നോടൊന്നിച്ചു യഹോവയെ വാഴ്ത്തുവിൻ!
കാരണം അവൻ നല്ലവൻ തന്നേ, അവന്റെ ദയ യുഗപൎയ്യന്തമുള്ളത
ല്ലോ. ഒരു വിലാത്തിക്കാരന്റെ ഹൃദയത്തിൽ എന്നപോലേ കൎത്താവി
ന്റെ കരുണ ഹിന്തുക്കളുടെ ഹൃദയത്തിലും വ്യാപരിക്കുന്നുവോ ഇല്ലയോ
എന്നു ചിലപ്പോൾ എനിക്കു സംശയം തോന്നിയിരുന്നു. ഈ സംശയം
ഇപ്പോൾ കേവലം നീങ്ങിപ്പോയി. കൎത്താവിന്റെ കരുണ യുഗാദിക
ളോളം ഒരേവിധമായി തന്നേ നില്ക്കുന്നു. മേലാൽ മെല്ലേ മെല്ലേ മാത്രം
നടക്കുന്നവരോടു അധികം ചോദിക്കാതെ ഞങ്ങൾക്കു ജയഘോഷം കഴി
പ്പാൻ തക്കവണ്ണം ആശ്വാസം ലഭിക്കുന്നതുകൊണ്ടു അധികം ദീൎഘക്ഷാന്തി
കാണിപ്പാൻ പഠിക്കേണം. അല്ലാത്ത പക്ഷം നകാരം ചാടിക്കളവാൻ
ഭാവിക്കുമ്പോൾ അതിനോടൊന്നിച്ചു അനുഗ്രഹവും സാരവും ആയതും
കൂടേ പോയിപ്പോയി എന്നു വ്യസനത്തോടേ കാണേണ്ടിവരും" എന്നെ
ഴുതി. — എന്നാൽ പൌൽ ചന്ദ്രൻ മാത്രമല്ല, പ്രഭുകുമാരനായ രാമവൎമ്മനും
പുറജാതികളുടെ ഇടയിൽ അനുഗ്രഹകരമായ പ്രസംഗവേല നടത്തിയ
അബ്രഹാം മൂളിയും അദ്ദേഹത്തിന്റെ ഭാൎയ്യയും മറ്റോരോ സ്ത്രീപുരുഷന്മാ
രും ഗുണ്ടൎത്ത് പണ്ഡിതൎക്കു സന്തോഷഹേതു ആയിരുന്നു എന്നു പറയാം.
കൂട്ടവേലക്കാരെക്കൊണ്ടും സായ്പിന്നു വളരേ ആശ്വാസമുണ്ടായിരുന്നു.
പ്രാണസ്നേഹിതന്മാരായ മേഗ്ലിങ്ങ്, വൈഗ്ലെ എന്ന സായ്പ്മാരോടൊ
ന്നിച്ചു മാത്രമല്ല, ഹേബിക്ക്, ഈരിയോൻ, ഫ്രീസ്സ്, മില്ലർ എന്നവരോടൊ
ന്നിച്ചും തികഞ്ഞ സ്നേഹഐക്യതകളോടു കൂടേ പ്രവൃത്തിച്ചു. ഗുണ്ട
ൎത്ത് പണ്ഡിതർ എഴുതിയ ഹേബിക്ക് സായ്പിന്റെ ജീവചരിത്രം വായിക്കു
മ്പോൾ ഗ്രന്ഥകൎത്താവു അതിൽ വിളങ്ങിച്ച സ്വന്തതാഴ്മ നിമിത്തം ആ
ശ്ചൎയ്യം തോന്നും. താൻ ചെയ്തതു നിസ്സാരം എന്നും ഹേബിക്ക് സായ്പ്
പ്രവൃത്തിച്ചതു സാരമേറിയതു എന്നും ഈ താഴ്മയുള്ള ദൈവപുരുഷന്നു
തോന്നി. വിശേഷിച്ചു ൧൮൫൦ തൊട്ടു ഹേബിക്ക് സായ്പ് കണ്ണനൂരിൽവന്നു
പ്രവൃത്തിപ്പാൻ തുടങ്ങിയ ശേഷം ഈ രണ്ടു സായ്പ്മാരും ജ്യേഷ്ഠാനുജന്മാ
രെന്നപോലേ ഒന്നിച്ചു പ്രവൃത്തിച്ചുപോന്നു. ഹേബിക്ക് സായ്പിന്നു ഹൃദ
യത്തിൽ വല്ലതും ഭാരംതോന്നിയാൽ ചിലപ്പോൾ രാത്രിയിൽ പോലും
കുതിരപ്പുറത്തു കയറി തലശ്ശേരിയിൽ വരികയും സായ്പിനോടു ഹൃദയം
തുറന്നു ആലോചിക്കയും ചെയ്ക പതിവായിരുന്നു. ആണ്കുട്ടികളെയും
പെണ്കുട്ടികളെയും ഒക്കെയും ഹേബിക്ക് സായ്പ് ഗുണ്ടൎത്ത് സായ്പിന്റെ
കൈയിൽ ഏല്പിച്ചു. വല്ല ബാല്യക്കാരന്നു ഒരു ഭാൎയ്യ വേണ്ടിവന്നാൽ

അവർ ഗുണ്ടെൎത്ത് പണ്ഡിതരുടെ മദാമ്മയുടെ അടുക്കൽ ചെന്നു അവരോടു ആലോചിച്ചിട്ടു ഒരു മണവാട്ടിയെ തെരിഞ്ഞെടുക്കും. ൧൮൩൮ൽ സഭയിൽ ആശ്ചൎയ്യമുള്ള ഒരു ഉണൎവ്വു സംഭവിച്ചപ്പോൾ ഈ രണ്ടു ദൈവപുരുഷന്മാരുടേയും മനസ്സും ഹൃദയവും ഒന്നായ്ചമഞ്ഞു. ഇരുവരെ കൊണ്ടും കേരളദേശത്തിന്നു എത്രയും വലുതായ കൃപലഭിച്ചു എന്നതിന്നു സംശയമില്ല. അവർ വിതെച്ച വിത്തു മിക്കവാറും വഴിയിലും പാറമേലും മുള്ളുകളിലും വീണാലും വചനം കേട്ടശേഷം അതിനെ ഹൃദയത്തിൽ കൈക്കൊണ്ടു അതു തൻ പ്രവൃത്തിയെ നടത്തുവാൻ സമ്മതികൊടുക്കുന്നവൎക്കും കുറവുണ്ടായിട്ടില്ല. ഈ ദിവസംവരേ കൎത്താവു ഗുണ്ടെൎത്ത് പണ്ഡിതർമുഖാന്തരം ഈ രാജ്യത്തിന്നു എന്തെല്ലാം സമ്മാനമായിതന്നു എന്നറിഞ്ഞു വിലമതിക്കുന്നവരും ഉണ്ടല്ലോ. ഇപ്രകാരം സന്തോഷസന്താപങ്ങളോടേ നടത്തിപ്പോന്ന വേലയെ താഴേ വിവരിക്കാം.

൧൮൩൯-ാം കൊല്ലം എപ്രിൽ മാസം ൧൨-ാം തിയ്യതി ഗുണ്ടെൎത്ത് പണ്ഡിതർ ഇല്ലിക്കുന്നിന്മേൽ എത്തിയിരുന്നു. ചില മാസത്തോളം അവിടേ പ്രവൃത്തിച്ച ശേഷം താൻ സുവിശേഷം അറിയിക്കേണ്ടുന്ന സ്ഥലത്തുനിന്നു കുറേ ദൂരത്താകുന്നു പാൎക്കുന്നതു എന്നു കണ്ടു ഇല്ലിക്കുന്നിന്മേലേ ബങ്കളാവു വിട്ടു തലശ്ശേരിയിൽ ചെന്നു താമസിച്ചു. ഒരു കൊല്ലം കഴിഞ്ഞാറേ സൌഖ്യക്കേടു നിമിത്തം വീണ്ടും ഇല്ലിക്കുന്നിന്മേൽ തന്നേ പാൎപ്പാൻ വേണ്ടി വന്നു. എന്നാൽ തലശ്ശേരിയിൽ പാൎക്കുമ്പോൾ നാട്ടുകാരോടു വളരേ പരിചയിപ്പാനിടയായി. കുന്നിന്മേൽ താമസമാക്കിയപ്പോഴും അനേകർ സാഹിബിനെ കാണ്മാൻ അവിടേയും വന്നു. ഇവരിൽ ൬൦ വയസ്സു പ്രായമുള്ള കുഞ്ഞി വൈദ്യർ സാഹിബിൽ വളരേ ആശ ജനിപ്പിച്ചു. അദ്ദേഹം ഈ ലോകവും അതിൽ ഉള്ളവയും മായ അത്രേ എന്നു കണ്ടറിഞ്ഞു വാസ്തവമായ ഒരു ഭാഗ്യത്തിന്നായി കാംക്ഷിച്ചു. ബിംബാരാധന, ജാതിഭേദം മുതലായവയൊക്കേയും നിസ്സാരം എന്നും ബോദ്ധ്യമായി. ക്രിസ്തീയവിശ്വാസമാൎഗ്ഗത്തെ പോലേ രക്ഷെക്കായി ഉതകുന്ന മതം മറെറാന്നുമില്ല എന്നു അദ്ദേഹം സമ്മതിക്കയും വളരേ സമയത്തോളം സാഹിബിനോടു ദീൎഘസംഭാഷണം കഴിക്കയും ചെയ്തെങ്കിലും സ്നാനപ്പെടാതെ അവിശ്വാസത്തിൽ മരിച്ചുപോയി. അദ്ദേഹത്തിന്റെ മകനും സ്നാനാൎത്ഥികളുടെ കൂട്ടത്തോടു ചേൎന്നു പഠിച്ചു, സ്നാനം ഏല്പാനുള്ള ദിവസവും കുറിച്ചു. എങ്കിലും സ്നാനപ്പെടും മുമ്പേ പോയ്ക്കളഞ്ഞു രക്ഷയില്ലാതെയായിപ്പോയി. കുറ്റ്യാടിയിലേ രാജാവു പോലും ശ്രുതി കേട്ടു ഇല്ലിക്കുന്നിന്മേൽ വന്നു. സാഹ്ബ് രാജാവോടും സുവിശേഷം ഘോഷിച്ചു. രാജാവോ സാഹിബിനെ കോവിലകത്തു വരാൻ ക്ഷണിക്കയും ചെയ്തു. എന്നാൽ എല്ലാടവും കാണുമ്പോലേ കേരളരാജ്യത്തിലും കുലീ

നരും ശാസ്ത്രികളും ദൈവരാജ്യത്തിൽ ക്ഷണത്തിൽ ചേരാതെ ഒന്നാമത്തു എളിയവരത്രേ പ്രവേശിച്ചതു. ഇവരിൽ മന്ദി എന്നു പേരുള്ള കുറേ പ്രായം ചെന്ന ഒരു തീയത്തി സായ്പിൻെറ ആദ്യഫലം ആയിരുന്നു. അവൾ ആദ്യം ഒരു ഇംഗ്ലീഷ് സായ്പിൻെറ വെപ്പാട്ടി ആയിരുന്നു. അതിൽ പിന്നേ ഒരു മകളോടു ഒന്നിച്ചു തലശ്ശേരിയിൽ താമസിച്ചു ദീനം പിടിച്ചാറേ അവൾ മുമ്പേ അറിയാത്ത സത്യദൈവത്തെക്കുറിച്ചു കേട്ടപ്പോൾ ആദ്യപ്രാൎത്ഥന കഴിച്ചു. ഈ ലോകത്തിലും അതിൻ ഭോഗമോഹങ്ങളിലും അവൾക്കു അന്നു മുതൽ വളരേ വെറുപ്പു തോന്നി. ഉപദേഷ്ടാവു യേശുക്രിസ്തുവിൻെറ ജീവചരിത്രത്തെ വിവരിച്ചപ്പോൾ അവളുടെ ഹൃദയം ഉരുകി. ഒടുക്കം അവൾ "കൎത്താവായ യേശുക്രിസ്തൻ എന്നെ കണ്ടെത്തി. അതുകൊണ്ടു എനിക്കിപ്പോൾ പൂൎണ്ണസൌഖ്യം ഉണ്ടു" എന്നു കണ്ണുനീരോടു കൂടേ ഏററു പറഞ്ഞു. ചിലപ്പോൾ ഈ അമ്മ ചോയി എന്ന ൩൦ വയസ്സുള്ള തൻെറ തിയ്യനെയും കൂട്ടിക്കൊണ്ടു വന്നു. അവനും സ്നാനപഠിപ്പിൽ ചേൎന്നെങ്കിലും "ജീവകാലം മുഴുവനും ഒരൊററ പാപമെങ്കിലും ചെയ്ത പ്രകാരം എനിക്കു ഓൎമ്മയില്ല" എന്നു ഈ സാധു ഒരിക്കൽ പറഞ്ഞപ്പോൾ സായ്പിന്നു അവനെക്കൊണ്ടുണ്ടായിരുന്ന ആശെക്കു വളരേ ഭംഗം വന്നു. അവൻ ഒരു നാൾ പഠിപ്പിന്നു വരായ്കയാൽ ഒരു ഉപദേശിയെ അവൻെറ വീട്ടിൽ അയച്ചാറേ "സുവിശേഷം സത്യം തന്നേ, എങ്കിലും സംബന്ധക്കാർ സമ്മതിക്കായ്കയാൽ സഭയിൽ ഇപ്പോൾ ചേൎന്നുകൂടാ" എന്നു പറഞ്ഞു. മന്ദിക്കു ൧൮൭൦-ാം കൊല്ലത്തിൽ സ്നാനം ലഭിച്ചു. അവൾ അവസാനത്തോളം (൧൮൯൦) വിശ്വസ്തയായ ഒരു യേശുശിഷ്യ ആയി തന്നേ പാൎത്തു. ഇവളുടെ ഒരു മകളായ മറിയ പിന്നേത്തതിൽ കണ്ണനൂരിലേ തിമോത്ഥ്യൻ ഉപദേശിയാരുടെ ഭാൎയ്യയായിത്തീൎന്നു. വളരേ കുട്ടികളുടെ അമ്മയായി ൧൮൯൦-ാം കൊല്ലത്തിൽ കൎത്താവിൽ നിദ്ര പ്രാപിച്ചു. അക്കൊല്ലം തന്നേ ജൂലായി മാസത്തിൽ വേറേ ഒരു സ്നാനവും നടന്നു. അഞ്ചരക്കണ്ടിയിലേ വേട്ടുവരുടെ ഒരു കുഡുംബം മിഖായേൽ ഉപദേശിയാരുടെ വീട്ടിൽ വെച്ചു ദൈവവചനം അല്പം പഠിച്ചു ശേഷം ഇല്ലിക്കുന്നിന്മേൽ വന്നു. മങ്കാതിയും കണ്ടപ്പനും ഒരു സഹോദരിയും രണ്ടു കുട്ടികളോടൊന്നിച്ചു അല്പസമയത്തോളം ഇല്ലിക്കുന്നിന്മേൽ പാൎത്ത ശേഷം കണ്ടപ്പനൊഴികേ മററെല്ലാവരും പൊയ്ക്കളഞ്ഞു. ഈ കണ്ടപ്പന്നോ സ്നാനത്തിൽ യോസേഫ് എന്ന പേർ കിട്ടി. അദ്ദേഹം ഉപദേശിയായിത്തീരുകയും പ്രയോജനമുള്ള ഒരു കൎത്തൃവേലക്കാരനായി പ്രവൃത്തിക്കയും ചെയ്തുപോന്നു. വേട്ടവർ നിമിത്തം സായ്പ് ചിലപ്പോൾ നന്ന നിരാശപ്പെട്ടിരുന്നതുകൊണ്ടു ഈ സ്നാനം സായ്പിന്നു ഒരു വലിയ ആശ്വാസമായിത്തീൎന്നു. അഞ്ചരക്കണ്ടി

യിൽ ആ കൊല്ലത്തിൽ ഇവിടേ വിവരിപ്പാൻ കഴിവില്ലാത്ത ഓരോ സംഭവങ്ങളും ക്രമക്കേടുകളും ഉണ്ടായ ശേഷം ഉപദേഷ്ടാവു ഒടുക്കം ഫേബിക്ക് സായ്പിന്റെ സഹായത്താൽ അവിടത്തേ പൈശാചിക ഭാവത്തെ അല്പം ശമിപ്പിച്ചു എന്നു മാത്രമല്ല, ൧൮൪൧-ാം കൊല്ലത്തിൽ പതിനാറു ആത്മാക്കൾക്കു സ്നാനം കൊടുപ്പാനും സാധിച്ചു. മുമ്പേ പുലയൻ ആയിരുന്ന ജ്ഞാനമുത്തു എത്രയും നല്ലൊരു സഭക്കാരനായി ഉപദേഷ്ടാക്കളെ സന്തോഷിപ്പിച്ചു. ൧൮൦-ാം വൎഷം ആഗുസ്ത് മാസത്തിൽ സായ്പിന്റെ രണ്ടാം മകനായ ശമുവേൽ ജനിച്ചു. ഫേബിക്ക് സായ്പിന്റെ പേർ ധരിച്ച ഈ മകൻ അച്ഛന്റെ അനന്തരവനായിത്തീൎന്നപ്രകാരം പിന്നേത്തതിൽ കേൾപ്പാൻ ഇടയുണ്ടാകും. പിറേറ വൎഷത്തിൽ കമ്മട്ടിയാർ ഫ്രീത്സ് സായ്പിനെ ഗുണ്ടൎത്ത് പണ്ഡിതരുടെ സഹായത്തിന്നായി അയച്ചു. ചെറിയ സായ്പ് ഗുണ്ടൎത്ത് സായ്പിന്റെ സഹായത്താൽ ഭാഷ പഠിപ്പാൻ തുടങ്ങി. ഇതിന്നിടയിൽ വീട്ടിലും ധാരാളം പണിയുണ്ടായിരുന്നു. ആൺകുട്ടികളെയും പെൺകുട്ടികളെയും ദിവസേന ഉപദേശിച്ചു വളൎത്തുവാനായിട്ടു വിശേഷാൽ ഗുണ്ടൎത്ത് മദാമ്മ സായ്പിന്നു എത്രയോ വിലയേറിയ തുണയായി ഉതകി. അവരുടെ ചുററിലും സ്ഥിരമായി പാൎത്ത കുട്ടികളെ കൂടാതെ പട്ടണത്തിൽനിന്നും പല കുട്ടികൾ വന്നു പഠിച്ചു. ഈ പ്രവൃത്തിയിൽ ഗുണ്ടൎത്ത് മദാമ്മ സാക്ഷാൽ ഒരു അമ്മയായി സഹായിച്ചെങ്കിലും കൂടക്കൂടേ വെളിച്ചത്തിൽ വന്ന ഓരോ ഘോരപാപങ്ങളെ കൊണ്ടു പ്രിയ മദാമ്മെക്കു എത്രയോ മനഃപീഡയും ആശാഭംഗവും വന്നിരുന്നെന്നു അവരുടെ ഓരോ കത്തുകളിൽനിന്നു തെളിയുന്നു. സായ്പ് സുവിശേഷക്രിസ്ത്യാനികൾക്കു വേണ്ടി ഒരു ദൈവാരാധന നടത്തി പോന്നു എന്നു മാത്രമല്ല, ഫ്രഞ്ച് ഉദ്യോഗസ്ഥരോടും അല്പം പെരുമാററം ചെയ്തുപോന്നു. മദാമ്മയുടെ സൌഖ്യം മേല്ക്കുമേൽ കുറഞ്ഞുപോയതുകൊണ്ടു അവർ മയ്യഴിയിലേ ഗവൎണ്ണർ സായ്പിന്റെ വീട്ടിൽ ചെന്നുപാൎത്തിട്ടു അവിടേ ചില ദിവസത്തോളം സ്വസ്ഥത അനുഭവിച്ചു. ആ വൎഷാവസാനത്തിൽ സായ്പ് ഒന്നാം പ്രാവശ്യം നീലഗിരിയിലേക്കു പോകേണ്ടി വന്നു. യാത്രയിൽ വഴിയിൽ വെച്ചു പലപ്പോഴും പ്രസംഗിച്ചുകൊണ്ടു പ്രയാസേന അവിടേ എത്തി. ഒരാഴ്ചയോളം മാത്രമേ സുഖം അനുഭവിപ്പാൻ കഴിഞ്ഞുള്ളൂ. നാടും കാററും എത്രയും ആശ്വാസം നല്കിയെങ്കിലും അവിടേയുള്ള ക്രിസ്ത്യാനികളെക്കൊണ്ടു വളരേ സന്തോഷം ഉണ്ടായില്ല. “ഇംഗ്ലീഷ് ക്രിസ്ത്യാനികളും നാട്ടുക്രിസ്ത്യാനികളും വിശ്വാസത്തെ തൊട്ടു നിത്യം വാദിക്കുന്നെങ്കിലും പൂൎണ്ണമനസ്സോടേ വിശ്വസിക്കുന്നവർ ചുരുക്കമത്രേ” എന്നു സായ്പ് അന്നു എഴുതി.

൧൮൪൭-ാം കൊല്ലം ഫിബ്രവരി മാസം ൮-ാം തിയ്യതി അൎദ്ധരാത്രി ഒരാൾ വാതിലിന്നു മുട്ടുന്നതു സായ്പ് കേട്ടു ജനവാതിൽ തുറന്നു നോക്കു മ്പോൾ പുതുതായി വിലാത്തിയിൽനിന്നു വന്നെത്തിയ ഈരിയോൻസായ്പ് കിളിവാതിലൂടേ മുറിയിലേക്കു ചാടിക്കടന്നു. എല്ലാവരും ഉറക്കുണൎന്നു സൂൎയ്യൻ ഉദിക്കുവോളം ഇമ്പമേറിയ സംഭാഷണം കഴിച്ചു. പിറേറ ആണ്ടിൽ ഫ്രെഡ്രിക്ക മില്ലർ, ക്രിസ്ത്യാൻ മില്ലർ എന്നീ സായ്പ്മാരും സഹാ യത്തിനായി എത്തി. ഈ ആശ്വാസം അത്യാവശ്യമായിരുന്നു. കാരണം ആ സമയത്തു സഭയിൽ പ്രത്യേകമായി വളരേ പ്രയാസങ്ങൾ നേരിട്ടി രുന്നു. “സ്നാനാൎത്ഥികളിൽ മിക്കപേരും ക്രേത്യരേപോലേയാകുന്നു എന്നു പറഞ്ഞാൽ കള്ളരും ദുഷ്ടജന്തുക്കളും അത്രേ; അതുകൂടാതെ പ്രതിയോഗി കളുടെ അവിശ്വാസത്തെക്കാൾ ക്രിസ്ത്യാനികൾ എന്നു പേർ ധരിക്കുന്ന വരുടെ മന്ദതയും ദുൎന്നടപ്പും എന്നെ അധികം അസഹ്യപ്പെടുത്തുന്നു” എന്നു സായ്പ് അന്നേരം ഒരു കത്തിൽ എഴുതി. സായ്പ് ആ സമയത്തു എഴുതിയ കത്തുകളും ദിനചൎയ്യവും വായിച്ചാൽ സായ്പിന്നു സഭക്കാരെ കൊണ്ടും സ്നാനാൎത്ഥികളെക്കൊണ്ടും നിത്യം ഉണ്ടായ ആശാഭംഗം നിമി ത്തം മനോവേദന തോന്നാതിരിക്കയില്ല. അഞ്ചരക്കണ്ടിയിലേ വേട്ടുവ രുടെ അശുദ്ധികൊണ്ടും തീരാത്ത കഷ്ടങ്ങൾ നേരിട്ടു. അവിടത്തേ ഉപ ദേശിയാരും വീണ്ടും വീണ്ടും ജഡമോഹത്തിന്നധീനനായി ഓരോ പാപ ങ്ങളിലകപ്പെട്ടു യേശുനാമത്തിന്നു വല്ലാത്ത അപമാനം വരുത്തി. അ വിടത്തേ പുലയർ യേശുക്രിസ്തുമൂലം സ്വാതന്ത്ര്യവും മനുഷ്യൎക്കു യോഗ്യ മായ നിലയും പ്രാപിച്ചതുകൊണ്ടു തിയ്യൎക്കും നായന്മാൎക്കും വളരേ മുഷി ച്ചൽ തോന്നി. ചിലപ്പോൾ സൎക്കാരുടെ സഹായത്താൽ മാത്രമേ ക്രിസ്ത്യാനികളെ അവരുടെ കയ്യിൽനിന്നു രക്ഷിപ്പാൻ സാധിച്ചുള്ളു. ൪൯—൪൪ എന്നീ കൊല്ലങ്ങളിൽ പ്രത്യേകമായി രണ്ടു സ്നാനാൎത്ഥി കളെക്കൊണ്ടു സായ്പിന്നു പറഞ്ഞുകൂടാത്ത സങ്കടം നേരിട്ടു. കുഞ്ഞി രാമൻ എന്നു പേരുള്ള ഒരു നായർ വന്നു കുടുമ മുറിച്ചു അനാഥകുട്ടിക ളോടൊന്നിച്ചു ഭക്ഷിച്ചതിനാൽ തന്റെ ജാതി കളഞ്ഞു. അദ്ദേഹം പ്രായം തികഞ്ഞ ആൾ ആയിരുന്നതുകൊണ്ടു സംബന്ധക്കാൎക്കു അദ്ദേ ഹത്തെ ബലാൽക്കാരേണ കൊണ്ടുപോകുവാൻ സാധിച്ചില്ല. എന്നാൽ ഈ സംബന്ധക്കാൎക്കു അദ്ദേഹത്തിന്റെ സമ്പത്തു വലിയ കാൎയ്യമായി തോന്നി. ഇതിനെ കൈവശപ്പെടുത്തേണ്ടതിന്നായിട്ടു അവർ ഒരു കള വുചെയ്തു. ഗുണ്ടെൎത്ത് പണ്ഡിതർ ഈ മുതൽ തിരിച്ചു കിട്ടേണ്ടതിന്നായിട്ടു അത്യന്തം ശ്രമിച്ചുവെങ്കിലും അതു പൊന്നാശനിമിത്തമല്ല കുഞ്ഞിരാമ ന്റെ ബലഹീനതനിമിത്തമത്രേ. ഒടുക്കം അവരെ സമാധാനപ്പെടുത്തി, പണത്തിൽ ഒരംശം കുഞ്ഞിരാമന്നു വേണ്ടി രക്ഷിച്ചു താനും അവന്റെ

സംബന്ധക്കാരോടു മദ്ധ്യസ്ഥം പറയുന്ന സമയത്തിൽ അജ്ഞാനത്തിന്റെ സ്നേഹമില്ലായ്മയും കള്ളസ്വഭാവവും കണ്ടപ്പോൾ എത്രയും വിഷാദിച്ചു. "പണകാൎയ്യത്തിൽ ഒരിക്കൽ ഇവിടേയുള്ള ആളുകളോടു പെരുമാറിയപ്പോൾ മാത്രമേ അവരെ തിരിച്ചറിയുന്നുള്ളു" എന്നും "ദയയും സ്നേഹവും ഉള്ള ഹിന്തുക്കളെക്കൊണ്ടു എന്നോടു ഇനി ആരും പറയേണ്ട" എന്നും സായ്പ് പറഞ്ഞു. എന്നാൽ ദൈവരാജ്യവൎദ്ധനെക്കായി വല്ലതും ഫലിച്ചാൽ, അഥവാ ഗുണ്ടൎത്ത് പണ്ഡിതരുടെ പണിപിണിപ്പാടുകളാൽ ഒരൊററ ആത്മാവിന്നു രക്ഷസാധിച്ചാൽ സായ്പ് ഒന്നും പറകയില്ലയായിരുന്നു. എന്നാൽ കുഞ്ഞിരാമൻ സ്നാനപ്പെട്ടു ദാവീദ് എന്നു പേരും കിട്ടി എങ്കിലും ക്രിസ്ത്യാനിയായിത്തീൎന്ന ശേഷവും ഒന്നിന്നും കൊള്ളാത്തവനായി തീൎന്നു കഷ്ടം. സമ്പാദിച്ച പണംകൊണ്ടു തന്റെ ദുൎമ്മോഹത്തെ ലാളിച്ചതിനാൽ ക്ഷണത്തിൽ സഭാഭ്രഷ്ടനായിത്തീൎന്നു. നടപ്പുദീനം പിടിച്ചു മരണത്തോടു അടുത്തപ്പോൾ സായ്പ് അവനെ മാനസാന്തരത്തിന്നായി പ്രബോധിപ്പിച്ചു. എന്നിട്ടും സൌഖ്യപ്പെട്ട ഉടനേ കാളിദേവിക്കു നേൎച്ച കഴിക്കുകയാകുന്നു ചെയ്യുന്നതു. പതിനൊന്നുകൊല്ലം കഴിഞ്ഞിട്ടു നികൃഷ്ടനായ ഈ മനുഷ്യൻ വീണ്ടുംവന്നു തിരികേ സഭയിൽ ചേരുവാൻ ആഗ്രഹിച്ചു. ഇതിന്നിടയിൽ അവൻ ഭിക്ഷക്കാരനായിത്തീൎന്നിരുന്നു. ഇനി കൈക്കൊള്ളുകയില്ല എന്നു അവനോടു തീൎച്ച പറഞ്ഞെങ്കിലും അവനും അപ്രകാരം തന്നേ "എന്തു ചെയ്താലും ഞാൻ പോകയില്ല" എന്നു തീൎച്ചയായി പറഞ്ഞു. ഒടുക്കം അവൻ ദീനക്കാരൻ ആയിപ്പോയെന്നു കണ്ടിട്ടു അവനെ ധൎമ്മശാലയിൽ ആക്കി. അവിടേ വെച്ചു അവൻ വേഗം സൌഖ്യപ്പെട്ടിട്ടും ആത്മിക ആഹാരത്തിന്നായി യാതൊരു താല്പൎയ്യവും കാണിച്ചില്ല; സമ്മതിച്ചാൽ അവൻ സുഖത്തോടേ ധൎമ്മശാലയിൽ താമസിക്കുമായിരുന്നു. ഒടുക്കം അവനെ പറഞ്ഞയച്ചശേഷം മുമ്പേത്ത ജീവൻ തന്നേ കഴിച്ചു പോന്നു. സംബന്ധക്കാരോ തീണ്ടൽ വരാത്ത വിധത്തിൽ അവനെ ഒരു ചെറിയ പുരയിൽ പാൎപ്പിച്ചു ജീവപൎയ്യന്തം പോററി രക്ഷിക്കയും ചെയ്തു. അപ്രകാരം തന്നേ ഒരു ആശാഭംഗം ക്രിസ്ത്യാനിയായിത്തീൎന്ന ഒരു മാപ്പിള്ളയെ ചൊല്ലിയും അനുഭവിക്കേണ്ടി വന്നു. ആദ്യം അവനെക്കൊണ്ടു ആശിപ്പാൻ വളരേ സംഗതിയുണ്ടായിരുന്നു. സംബന്ധക്കാർ അവനെ ഉപായത്താൽ പിടിച്ചു മുറിയിലിട്ടു അടെച്ചു പലപ്രകാരത്തിൽ ഉപദ്രവിച്ചെങ്കിലും അവൻ വിശ്വാസത്തിൽ സ്ഥിരമായിനിന്നു. ൮൦-ാം കൊല്ലത്തിൽ അവൻ വീണ്ടും മിശ്ശൻവീട്ടിൽ വന്നു. മുല്ലമാർ അവനെ ഭയങ്കരമായി ശപിച്ചു. അതു സാധിച്ചുവോ ഇല്ലയോ എന്നു അമ്മ അന്വേഷണം കഴിച്ചപ്പോൾ മകൻ "ഞാൻ യേശുവിൽ നിത്യജീവൻ പൂൎണ്ണമായി കണ്ടെത്തിയിരിക്കുന്നു"

എന്നു അമ്മെക്കു മറുവടി കൊടുത്തു. ൰൭-ാം കൊല്ലം ജനുവരിമാസം അവന്നു സ്നാനം കിട്ടി അവൻ കല്യാണം കഴിച്ചു. അനാഥശാലയിൽ ഗുരുവേല ചെയ്വാൻ തുടങ്ങി. എന്നാൽ വേഗം സങ്കടമുള്ളൊരു മാററം അവനിൽ സംഭവിച്ചു. അമ്മെക്കും സഹോദരിക്കും തന്റെ നിമിത്തം ഭ്രഷ്ട് വന്നു എന്നു കേട്ടപ്പോൾ ഒരു വലിയ പോരാട്ടം അവനിൽ നടന്നു. സാഹ്ബ്മാർ അവനോടു ഒന്നിച്ചു പ്രാൎത്ഥിച്ചു പോരാടിയപ്പോൾ ദുരാത്മാവു അവനെ വിടുകുന്നു എന്നു തോന്നിപ്പോയി എങ്കിലും മേയിമാസത്തിൽ അവൻ ഒന്നാം പ്രാവശ്യം തിരുവത്താഴത്തിൽ ചേരുവാൻ നിശ്ചയിച്ചു. തലേരാത്രിയിൽ രണ്ടു ക്രിസ്തീയബാല്യക്കാരെയും ഒരു സ്നാനാൎത്ഥിയെയും കൂട്ടികൊണ്ടു ആരുമറിയാതെ പോയ്ക്കളഞ്ഞു. തൊപ്പിയിടേണ്ടതിന്നായിട്ടു മാപ്പിളപ്പള്ളിയിലേക്കു പോയിരിക്കുന്നു എന്നു കേട്ടപ്പോൾ ഒരു ബോധകൻ അങ്ങോട്ടു പാഞ്ഞു ചെന്നു. മാപ്പിള്ളമാരോ അദ്ദേഹത്തെ തുപ്പി ഹാസ്യമാക്കി ആട്ടിക്കളഞ്ഞു. അവരിൽ ഒരു ക്രിസ്തീയബാല്യക്കാരന്റെ അമ്മ ഈ വൎത്തമാനം അറിഞ്ഞ ഉടനേ കോഴിക്കോട്ടിൽനിന്നു വന്നു മാപ്പിള്ളമാരെ ഒട്ടും പേടിക്കാതെ അവരുടെ പള്ളിയിൽ പ്രവേശിച്ചു മകനെ രക്ഷിച്ചു. അതുകൊണ്ടു മാപ്പിള്ളമാർ പിന്നേത്തതിൽ ബദ്ധപ്പെട്ടു ശേഷമുള്ളവൎക്കു സുന്നത്തു ചെയ്തു. അവരെ കുതിരപ്പുറത്തു കയററി പട്ടണത്തൂടേ നടത്തി. ആ സമയം മാപ്പിള്ളമാർ മിശ്ശൻവീട്ടിന്നു തീകൊടുക്കും എന്നുള്ള ശ്രുതി നടന്നു; അതുകൊണ്ടു ഒന്നാം മഴ പെയ്തപ്പോൾ ഈ ചൂടുള്ള ദിവസങ്ങൾ തീൎന്നു എന്നും കൎത്താവിന്റെ ആശ്വാസം വീണ്ടും ഇറങ്ങും എന്നുമുള്ള ആശ ഉദിച്ചുവന്നു. കുഞ്ഞിരാമൻ നിമിത്തമുള്ള യുദ്ധവും നടന്നുകൊണ്ടിരിക്കേ സാഹ്ബിന്നു മറിയ എന്ന ഒന്നാം മകൾ ജനിച്ചു. ഇവളുടെ രണ്ടാം ഭൎത്താവു (ഹെസ്സെ ഉപദേഷ്ടാവു) ഇപ്പോൾ വിലാത്തിയിൽ ഗുണ്ടൎത്ത് പണ്ഡിതരുടെ അനന്തരവനായിത്തീൎന്നിരിക്കുന്നു. അതിന്നു മുമ്പേ ജനിച്ച ഒരു മകൻ (ഫ്രെദ്രിൿ) മൂന്നു സംവത്സരത്തോളം അമ്മയച്ഛന്മാരെ വളരേ സന്തോഷിപ്പിച്ച ശേഷം ഒരു ആയമ്മയുടെ കയ്യിൽനിന്നു വഴുതി നിലത്തു വീണു ദീൎഘസമയത്തോളം കഷ്ടപ്പെട്ടതിൽ പിന്നേ മരിച്ചു പോയപ്പോൾ സ്കൂൾകുട്ടികളൊക്കയും കരഞ്ഞതു ചെറിയ ശമുവേൽ കണ്ടു: “ഇവർ ഒക്കയും കരയുന്നതു ആശ്ചൎയ്യം! അവൻ സ്വരക്ഷിതാവിന്റെ അടുക്കൽ എത്തിയിരിക്കുന്നുവല്ലോ” എന്നു പറഞ്ഞു. ആ കൊല്ലത്തിൽ ഓരോ കഷ്ടങ്ങളെകൊണ്ടു നുറുങ്ങിപ്പോയ ഹൃദയങ്ങൾക്കു ദൈവം പലവിധമായി വലിയ ആശ്വാസവും നല്കി. അഞ്ചരക്കണ്ടിയിലേ എത്രയോ ദരിദ്രയായ ഒരു സ്ത്രീ കൎത്താവിൽ പൂൎണ്ണവിശ്വാസത്തോടേ നിദ്രപ്രാപിച്ച ശേഷം നാം മുമ്പേ കേട്ടപ്രകാരം പൌൽചന്ദ്രൻ എന്നയാളും ക്രിസ്തീയസഭയോടു ചേൎന്നു. ൲൯൰൰ സെപ്തെമ്പർ മാസം ൨൭-ാം തിയ്യതി പൌൽചന്ദ്രൻ ഏകനായി

സ്നാനം ഏറ്റതിൽ പിന്നേ ചിലദിവസം കഴിഞ്ഞിട്ടത്രേ ലീഡിയ എന്ന ഭാൎയ്യെക്കും ഫിലിപ്പ്, സ്തേഫാൻ എന്ന മക്കൾക്കും സ്നാനം ലഭിച്ചതു. ഈ കുഡുംബത്തെക്കൊണ്ടു ഗുണ്ടെൎത്ത് പണ്ഡിതർ ആ കൊല്ലത്തിൽ എഴുതിയ ഒരു കത്തിൽ പറയുന്നതാവിതു: "സപ്തെമ്പ്രമാസം ൧൬-ാം തിയ്യതി ഞങ്ങളുടെ ഓൎമ്മയിൽനിന്നു ഒരിക്കലും പോയ്പോകുന്നതല്ല. പൌൽ ഞങ്ങളോടും ദൈവവചനത്തോടും പരിചയിച്ചിട്ടു രണ്ടു മാസം മാത്രമേ ആയുള്ളു. എന്നാൽ ദൈവാത്മാവു തന്നേ അവനെ എത്രയും സ്ഥിരമായും ശീഘ്രമായും നടത്തിയതുകൊണ്ടു അതു സാക്ഷാൽ ഒരു മാനസാന്തരമായിത്തീൎന്നു. വേദപുസ്തകഭാഷ അവന്നു എത്രക്ഷണത്തിൽ ബോധിക്കുന്നു. ദൈവവചനത്തെക്കൊണ്ടു അവൻ സംസാരിക്കുന്നതു ഞങ്ങൾ കേട്ടപ്പോൾ ആദിയിൽ വളരേ ആശ്ചൎയ്യപ്പെട്ടു. എന്നാൽ സംസ്കൃതഭാഷയിലേ നിപുണതയും അനേകഗ്രന്ഥങ്ങളോടുള്ള പരിചയവും അവന്നു ഇപ്പോൾ വളരേ ഉപകാരമായിത്തീൎന്നു. തന്റെ പാപംനിമിത്തം ഒരു നാൾ വ്യസനാക്രാന്തനായി സദ്ഗതികാണാതെ പരവശപ്പെട്ടു നടക്കുമ്പോൾ അവൻ ഭ്രാന്തനായിപ്പോയി എന്നുള്ള ശ്രുതി നീളേ പരന്നു. അനന്തരം അവൻ ബന്ധുക്കളോടും മറ്റും ഞാൻ ക്രിസ്ത്യാനിയായിത്തീരുന്നില്ലെങ്കിൽ നശിച്ചുപോകും എന്നു പറഞ്ഞു. ലോകത്തോടും ഒരു കഠോരയുദ്ധം ചെയ്തതിന്റെ ശേഷം സ്നാനത്തിന്നു ഹാജരായിനിന്നു. ഇത്ര ധൈൎയ്യത്തോടേ മുതിൎന്നതുകൊണ്ടു കൎത്താവിന്റെ പ്രസാദവും അനുഗ്രഹവും അവന്നു പല വിധത്തിൽ അനുഭവമായ്വന്നു സെപ്തെമ്പർ ൧൮-ാം തിയ്യതി വീണ്ടും സ്വന്തഭവനത്തിൽ തിരിച്ചു ചെന്നപ്പോൾ ഭാൎയ്യ ഭാവത്തിലും വേഷത്തിലും ഓരോ മാററങ്ങൾ കണ്ടപ്പോൾ വളരേ കരഞ്ഞാലും ഭൎത്താവു ചെയ്തതു ശരി എന്നു സമ്മതിച്ചു. ജ്യേഷ്ഠൻ ഒരു കത്തി എടുത്തു അനുജനെ ആക്രമിപ്പാൻ വന്നാറേ ശേഷമുള്ള കുഡുംബക്കാർ അദ്ദേഹത്തോടു കയൎത്തുകൊണ്ടു കൂക്കിവിളിക്കയും തടുക്കയും ചെയ്തു. ഭാൎയ്യയുടെ കുഡുംബക്കാർ മൂത്തമകനെ ഗൂഢമായി അപഹരിച്ചുകൊണ്ടുപോയ്ക്കളഞ്ഞു. എന്നാൽ ഭീഷണിവാക്ക് കേട്ടപ്പോൾ അവർ കുട്ടിയെ വീണ്ടും മടക്കിക്കൊണ്ടുവന്നു. (മേല്പറഞ്ഞ പ്രകാരം) ആ മാസം ൨൯-ാം നു തന്നേ ലീഡിയ അമ്മെക്കും ഫിലിപ്പ്, സ്തേഫാൻ എന്ന മക്കൾക്കും സ്നാനം കൊടുപ്പാൻ സംഗതിവന്നു. ലീഡിയ അമ്മയും ചോദ്യങ്ങൾക്കു നല്ല ഉത്തരം പറഞ്ഞു മറന്നുപോയ വായന വീണ്ടും പുതുതായി അഭ്യസിച്ചുവരുന്നു." മുമ്പറഞ്ഞ മാപ്പിള്ളക്രിസ്ത്യാനിയും നശിച്ചുപോയി എന്നല്ല, കുറഞ്ഞൊന്നു കഴിഞ്ഞിട്ടു അവനും മാനസാന്തരപ്പെട്ടു. ഒടുക്കം കോട്ടയത്തേ ചൎച്ച് മിശ്ശനിൽ ചേൎന്നു പ്രയോജനമുള്ള ഒരു ശുശ്രൂഷക്കാരനും നല്ലൊരു സഭക്കാരനും ആയിത്തീൎന്നതു സന്തോഷകാരണമായ്ഭവിച്ചു.

## അഞ്ചാം അദ്ധ്യായം.

### സ്വദേശയാത്ര. തുടരുന്നു.

സായ്പ് സ്വരാജ്യംവിട്ടു വരുമ്പോൾ ഉണ്ടായ വിരഹതാപം അല്പമല്ലയായിരുന്നു. ഹിന്തുദേശത്തിലേക്കു ഗുണ്ടത്ത് പണ്ഡിതർ വന്നശേഷമോ ഏകദേശം കേരളീയൻ ആയിത്തീൎന്നാലും സ്വന്തനാടിനെ മറന്നുകളഞ്ഞു എന്നല്ല, കേരളത്തിലും ഉണ്മയായ ഗൎമ്മാനക്കാരനായി അത്രെ പാൎത്തതു. സ്വദേശപ്രിയത്തിന്നു യാതൊരു കുറവുമുണ്ടായിട്ടില്ല. അതിവാഞ്ഛയോടെ സംബന്ധക്കാരുടെ കത്തുകൾക്കായും വൎത്തമാനക്കടലാസ്സുകൾക്കായും കാത്തിരുന്നു. കുഡുംബത്തിലും സ്വദേശസഭയിലും സ്വരാജ്യത്തിലും നടക്കുന്ന സംഭവങ്ങളൊക്കയും അത്യന്തം വിശിഷ്ടമായി തോന്നി. വൃദ്ധനായ അച്ഛനെ ഇനിയൊരിക്കൽ കാണ്മാൻ അത്യന്തം ആഗ്രഹിച്ചു. അച്ഛൻ തന്നേ വന്നു കാണ്മാൻ മകനെ ഒരിക്കൽ ക്ഷണിച്ചപ്പോൾ മകൻ മിശ്ശൻവേല ഒന്നാം മുറയായി വിചാരിച്ചതുകൊണ്ടു ഞെട്ടിപ്പോയി. ഒരിക്കൽ മടങ്ങിപ്പോയാൽ പക്ഷേ അവിടേ തന്നേ പററിപ്പോകും എന്നു ശങ്കിച്ചു സ്വദേശഗമനത്തെക്കൊണ്ടുള്ള വിചാരം വീണ്ടും വീണ്ടും അകററി. ഈ കാൎയ്യത്തിലും സ്വന്തഇഷ്ടപ്രകാരം ചെയ്വാൻ യാതൊരു ധൈൎയ്യവും ഉണ്ടായിട്ടില്ല. അതു കൂടാതെ ഒരു കത്തിൽ “മിശ്ശൻപ്രവൃത്തി ചെയ്വാനുള്ള മുതിൎച്ചെക്കു ആരും ഭംഗം വരുത്തരുതു; ഇവിടത്തെ ഋതുഭേദങ്ങളും പിശാചും മനഃസ്ഥിരതെക്കു ഇളക്കം വരുത്തുവാൻ വേണ്ടുവോളം ശ്രമിക്കുന്നുവല്ലോ” എന്നു എഴുതി. ഗൎമ്മാനദേശഗമനത്തെക്കാൾ സ്വൎഗ്ഗീയസ്വദേശഗമനത്തിൽ അധികം സന്തോഷം ഉണ്ടെന്നു കാണിച്ചു. മററൊരു കത്തിൽ “ഞങ്ങളുടെ ചെറിയ ഫ്രെദ്രിക്ക് ഒരു വലിയ യാത്ര ചെയ്തു എന്നു നിങ്ങൾ കേട്ടുവല്ലോ. സമുദ്രത്തിലൂടേ ഗമിക്കുന്നതിനെക്കാൾ അവനെ പിഞ്ചെല്ലുവാൻ എനിക്കു പലപ്പോഴും വാഞ്ഛ ഏറെയുണ്ടു. വിലാത്തിയിലേക്കു പോയാൽ വീണ്ടും തിരിച്ചുവരേണ്ടിവരും. സ്വൎഗ്ഗയാത്ര ചെയ്താലോ എവിടേ എത്തി എന്നും അവിടേ എന്തിന്നായി വസിക്കുന്നെന്നും അങ്ങു സ്ഥിരമായി വസിക്കുമെന്നും അറിയാതെയിരിക്കയില്ല. ഇഹത്തിൽ പാൎത്തു പ്രവൃത്തിക്കുന്നതിൽ എനിക്കു വളരേ സന്തോഷം തോന്നുന്നു. നിങ്ങളെ കാണ്മാനും വാഞ്ഛിക്കുന്നു. ഇഹത്തിൽവെച്ചു നിങ്ങളെ ദൎശിക്കുന്നതിൽ ഏററവും വലിയ സന്തോഷം തോന്നുന്നതുകൊണ്ടു അതിന്നായി പ്രാൎത്ഥിപ്പാൻ എനിക്കു ഏകദേശം ധൈൎയ്യമില്ല. ഭാൎയ്യയുടെ അമ്മയും ഇഹം വിട്ടുപോയി എന്നു ഞാൻ കേട്ടു. എന്നാൽ അതുനിമിത്തം ദുഃഖിപ്പാൻ എനിക്കു പാടില്ല. മീത്തലുള്ള ജയശാല മേല്ക്കുമേൽ നിറഞ്ഞുവരുന്നു

വല്ലോ. പ്രവാചകന്മാർ, അപ്പോസ്തലന്മാർ, രക്തസാക്ഷികൾ എന്നിവരെക്കൊണ്ടു മാത്രമല്ല, നമ്മെപ്പോലേ നിസ്സാരദിവസങ്ങളിൽ ജീവിച്ചു ഇപ്പോഴുള്ള തലമുറയോടും ഈ യുഗത്തിൻ ആത്മാവോടും പോരാടിക്കൊണ്ടു കുട്ടികളായി ആകട്ടേ പ്രായം ചെന്നവരായി ആകട്ടേ വിശ്രാമത്തിൽ ചെന്നെത്തുന്നവരെക്കൊണ്ടും അതു നിറയുന്നുവല്ലോ. ഹാ കുഞ്ഞാടിനെ പിഞ്ചെന്ന നിങ്ങൾ എല്ലാവരും പ്രവേശിച്ച വാതിൽ അനുഗ്രഹിക്കപ്പെടുക!" ദീൎഘസമയത്തോളം സ്വദേശഗമനത്തെക്കൊണ്ടു എന്തു ചെയ്യേണ്ടു എന്നറിയാതെകണ്ടു സംശയിച്ച ശേഷം ഗുണ്ടെൎത്ത് മദാമ്മയുടെ സുഖക്കേടു നിമിത്തം ഒടുക്കം പോകതന്നേ എന്നു നിശ്ചയിക്കേണ്ടി വന്നു. കമ്മട്ടിയാരുടെ സമ്മതത്തോടു കൂടേ ൧൮൬൩ നവെമ്പ്ര ൨൧-ാം നു തലശ്ശേരിയിൽനിന്നു കപ്പൽ കയറി മംഗലപുരത്തിൽ ചെന്നിറങ്ങി. അവിടേ ഒരാഴ്ചയോളം താമസിച്ച ശേഷം ബൊംബായിലേക്കു യാത്രയായി. വഴിയിൽവെച്ചു റോമക്കാരനായ കപ്പിത്താൻ സുവിശേഷസത്യം പൈദാഹത്തോടു കൂടേ കേട്ടു വിശ്വസിക്കയും ചെയ്തു. ൧൮൬൪-ാം കൊല്ലത്തിന്റെ ആരംഭത്തിൽ കുഡുംബത്തോടു കൂടേ മേഗ്ലിങ്ങ് പണ്ഡിതരോടൊന്നിച്ചു ബൊംബായിൽനിന്നു പുറപ്പെട്ടു. രണ്ടു സായ്പ്മാരും കപ്പലിലുണ്ടായിരുന്ന യാത്രക്കാരോടും കപ്പൽക്കാരോടും ദിവസേന സുവിശേഷം അറിയിച്ചുപോന്നു. ഒരു റോമബിഷോപ്പും കപ്പലിൽ ഉണ്ടായിരുന്നു. അദ്ദേഹം ഗുണ്ടെൎത്ത് പണ്ഡിതരോടു ലത്തിൻഭാഷയിൽ വളരേ സംഭാഷണം കഴിച്ചു. സ്കൂളിൽ പോകുന്ന ഒരു കുട്ടി എന്ന പോലേ അദ്ദേഹം ഗുണ്ടെൎത്ത് പണ്ഡിതരുടെ വാക്കു കേട്ടുകൊണ്ടിരുന്നു. സ്വന്തഅഭിപ്രായം ഇന്നതെന്നു പറയാതെ എപ്പോഴും മൌനമായിരുന്നതേ ഉള്ളൂ. സായ്പ് എരിവു കാണിച്ചാൽ ഉടനേ വാങ്ങിപ്പോകുകയത്രേ ചെയ്തതു. യാത്രയിൽ വളരേ കഷ്ടവും നേരിട്ടിരുന്നു. ഒടുക്കം ഫിബ്രവരി ൧൪-ാം നു വിലാത്തിയിൽ ചെന്നു ചേരുകയും ചെയ്തു.

മാൎച്ച് ൨൯-ാം തിയ്യതി കമ്മട്ടിയാർ സായ്പിനെ സ്നേഹപൂൎവ്വം കൈക്കൊണ്ടു. സായ്പോ ആ നാളുകളിൽ സ്വന്തനാട്ടിലും സ്വിത്സൎല്ലാണ്ട് ദേശത്തിലും ഉള്ള വിശ്വാസികളെ മിശ്ശൻപ്രവൃത്തിക്കായി തളരാതെകണ്ടു ഉത്സാഹിപ്പിച്ചു പോന്നു. ൧൦ മാസം മാത്രം വിലാത്തിയിൽ താമസിച്ചുള്ളൂ എന്നു വന്നാലും ൭൦ഇൽ ചില്വാനം സ്ഥലങ്ങളിൽ മിശ്ശൻ പ്രാൎത്ഥന നടത്തിയിരുന്നു. ഒരു ഗ്രാമത്തിൽ കൊയിത്തുകാലം നിമിത്തം രാവിലേതോറും അഞ്ചു മണിക്കു ഒരു ദൈവാരാധന കഴിച്ചുപോന്നു. സായ്പ് പ്രസംഗിക്കുന്ന വിധം എല്ലാവൎക്കും ഒരു പോലേ രസമായിത്തോന്നീട്ടില്ല. ഈ കാൎയ്യത്തിലും സമ്പ്രദായരീതി പ്രമാണമാക്കാതെ എല്ലാം സ്വന്തവ്യക്തിക്കൊത്തവണ്ണമത്രേ ചെയ്തു പോന്നതു. കളിവാക്കു എന്നു

തോന്നുന്ന ഒരു ചുരുങ്ങിയ പ്രോക്തംകൊണ്ടു ഘനമേറിയ സത്യങ്ങളെ കേൾപ്പിച്ചാൽ അതു ചിലൎക്കു ബോധിച്ചില്ല. മറ്റു ചിലൎക്കു അതിൽ ഇടൎച്ചപോലും തോന്നി. വലിയ ജയഘോഷം കൊണ്ടാകട്ടേ കൎണ്ണാമൃതമായി തോന്നുന്ന മനോഹരമായ വൎണ്ണനങ്ങളെക്കൊണ്ടാകട്ടേ കേൾവിക്കാരെ രസിപ്പിച്ചു ഉത്സാഹിപ്പിപ്പാൻ ശ്രമിച്ചിട്ടില്ല. മിശ്ശൻ വേലയെക്കൊണ്ടു രസമോ ഭംഗിയോ തോന്നുന്നതല്ല, സാക്ഷാൽ ഉള്ളതു കേൾപ്പാൻ ആഗ്രഹിക്കുന്നവൎക്കോ ഒരിക്കലും ആശാഭംഗം വന്നിട്ടുമില്ല. ഇൻസ്പെക്ടർ സാഹ്ലിൻെറ അപേക്ഷപ്രകാരം അന്നു ഒരു സഭാചരിത്രത്തെ എഴുതുവാൻ തുടങ്ങി. സ്വദേശത്തിലേ ഗ്രന്ഥകുടിയിൽനിന്നു പോൎത്തുഗീസ്സ ലന്ത ഭാഷകളിലേ പുരാണമായ ഓരോ ആധാരങ്ങളെ ആരാഞ്ഞു അതിന്നായി പ്രയോഗിച്ചു. പ്രത്യേകമായി ബ്ലുംഹൎത്ത് എന്ന ഉപദേഷ്ടാവിൻെറ വീട്ടിൽ പാൎത്തിട്ടു അദ്ദേഹത്തിൻെറ അപൂൎവ്വമായ വിശ്വാസപ്രവൃത്തികളെ ദൎശിക്കുന്നതിനാൽ സാഹ്ലിന്നും മദാമ്മെക്കും വളരേ അനുഗ്രഹം ലഭിച്ചു. “ഇദ്ദേഹം അധികാരത്തോടുകൂടേ പ്രസംഗിക്കുന്നതു കൂടാതെ ഊൎദ്ധ്വലോകശക്തികളെക്കൊണ്ടു ദീനക്കാരെ സൌഖ്യമാക്കുകയും ചെയ്യുന്നു. അതു കൎത്താവിൻെറ ശക്തി തന്നേ. അതിൽ വല്ലവൎക്കും നീരസം തോന്നുന്നെങ്കിൽ അവൎക്കു ദൈവത്തിൻെറ തെരിഞ്ഞെടുപ്പിലും പ്രസാദത്തിലും ഇഷ്ടം തോന്നുന്നില്ല എന്നേവരൂ” എന്നു ഗുണ്ടൎത്ത് പണ്ഡിതർ അന്നു എഴുതി. സ്വദേശത്തു പാൎക്കുമ്പോൾ രാജാവു താന്തന്നേ സാഹ്ലിനെ ഒരിക്കൽ കോവിലകത്തേക്കു ക്ഷണിച്ചു മിശ്ശൻവേലയെക്കൊണ്ടു ഒരു സംഭാഷണം കഴിച്ചു. തമ്പുരാൻ കഴിച്ച അനേകചോദ്യങ്ങൾക്കു സാഹ്ല് കൊടുത്ത ഉത്തരങ്ങളൊക്കയും തമ്പുരാൻ താല്പൎയ്യത്തോടേ കേട്ടു. എന്നാൽ വിശ്രാമസമയം എത്രയും ക്ഷണത്തിൽ കഴിഞ്ഞു. വിലാത്തിയിൽ എത്തിയ ആ കൊല്ലത്തിൻെറ അവസാനമാസത്തിൽ തന്നെ വീണ്ടും ഹിന്തുദേശത്തിലേക്കു അയപ്പാൻ കമ്മട്ടിയാരോടു ചോദിച്ചപ്പോൾ മേധാവികൾ “ഈ വിശ്രാമം പോരാ” എന്നു അഭിപ്രായപ്പെട്ടാലും സാഹ്ലിൻെറ വിശ്വാസം കണ്ടിട്ടു അവർ സാഹ്ലിൻെറ ഇഷ്ടത്തിന്നു സന്തോഷത്തോടേ സമ്മതിക്കേണ്ടിവന്നു.

---

## ആറാം അദ്ധ്യായം.

## രണ്ടാം പ്രാവശ്യം തലശ്ശേരിയിൽ ചെയ്ത പ്രവൃത്തി.

൧൮൪൨ ജനവരി ൨-ാം നു മസ്സേൽ എന്ന ഫ്രാഞ്ച് തുറമുഖത്തുനിന്നു തീക്കപ്പൽ കയറി. കുട്ടികൾ എന്നിയേ ഹിന്തുദേശത്തിലേക്കു മടങ്ങി വരുമ്പോൾ വഴിയിൽവെച്ചു അമ്മയച്ഛന്മാരുടെ വിചാരം നിത്യം കുട്ടികളെ

കൊണ്ടു ആയിരുന്നു. സഹഗാമികളായ ഇംഗ്ലിഷ്കാരോടു സുവിശേഷമറിയിപ്പാൻ വളരേ തഞ്ചം ഉണ്ടായില്ല. ഗൎവ്വം, ഇളമനസ്സ, മന്ദത എന്നീ ലക്ഷണങ്ങൾ പ്രത്യേകമായി അവരിൽ കണ്ടതുകൊണ്ടു സായ്പിന്നു ഇംഗ്ലിഷ്, മലയാളം, കൎണ്ണാടകം എന്നീ ഭാഷകളെ കൂട്ടവേലക്കാരോടു ഒന്നിച്ച അഭ്യസിപ്പാൻ മാത്രമേ കഴിഞ്ഞുള്ളൂ. ഫിബ്രുവരി ൨൭-ാം തിയ്യതി ഒരു ഞായറാഴ്ച രാവിലേ അവർ തലശ്ശേരിതുറമുഖത്തു എത്തി. “ഞങ്ങൾ പുഴയെ കടന്നു വന്നപ്പോൾ ഇല്ലിക്കുന്നിന്മേൽ വലിയ ഇളക്കം ഉണ്ടായി, ഈരിയോൻസായ്പ് ഞങ്ങളുടെ വരവറിയിപ്പാൻ ചില കുട്ടികളെ പുഴവക്കത്തു നിൎത്തിയിരുന്നതുകൊണ്ടു ഞങ്ങൾ എത്തിയ വൎത്തമാനം ക്ഷണത്തിൽ കുന്നിന്മേൽ മുഴുവനും പരന്നുപോയി. ഹാ എന്തൊരു സന്തോഷകരമായ സന്ദൎശനം! ഞാൻ എല്ലാവരോടും എന്റെ കുട്ടികളുടെ സലാം അറിയിച്ചപ്പോൾ ചിരിച്ചും തുള്ളിച്ചാടിയുംകൊണ്ടിരുന്നു. കുന്നിൻമുകളിൽ എത്തിയപ്പോൾ ഇതാ സ്ത്രീകളും പെങ്കുട്ടികളും കൂടേ വന്നുകൂടി. എത്രയും വേഗത്തിലും ക്ഷേമാരോഗ്യങ്ങളോടു കൂടേയും വീണ്ടും തിരിച്ചവന്നതുകൊണ്ടു സഭക്കാർ ഒക്കയും ആശ്ചൎയ്യപ്പെട്ടു. വൈകുന്നേരത്തു ഞാൻ സങ്കീ. ൧൧൬ ആധാരമാക്കി സഭക്കാരെ പ്രബോധിപ്പിക്കയും എല്ലാവരോടും കൂടേ ഒരു പ്രാൎത്ഥന കഴിക്കയും ചെയ്തു. എന്റെ ഹൃദയത്തെ നിറെക്കുന്ന ഹല്ലെലൂയ എന്ന സ്തോത്രഗാനത്തിന്നു ഒരിക്കലും ഒരു കുറവു വരരുതു. കാഴ്ച വളരേ ഇല്ലാത്ത എന്റെ ദിവസേനയുള്ള പ്രവൃത്തിയെ ഞാൻ ഇപ്പോൾ വീണ്ടും ആരംഭിപ്പാൻ പോകുന്നു എന്നു ഞാൻ അവരോടു പറഞ്ഞു.”

ഗുണ്ടൎത്ത് പണ്ഡിതർ വിലാത്തിയിലേക്കു പോയപ്പോൾ ശേഷമുള്ള ഉപദേഷ്ടാക്കന്മാൎക്കു തങ്ങൾ അനാഥരായിപ്പോയി എന്നു തോന്നിയിരുന്നു. എന്നാൽ അഭ്യാസമില്ലാത്ത ഈ നൂതനവേലക്കാരുടെ അല്പവിശ്വാസത്തെ ലജ്ജിപ്പിപ്പാനായിട്ടു സായ്പ് ഇല്ലാത്ത സമയം എത്രയും ആശ്ചൎയ്യമുള്ള അനുഗ്രഹവൎഷങ്ങൾ മീത്തൽനിന്നു വൎഷിച്ചു. അന്നു ചില സന്തോഷകരമായ മാനസാന്തരങ്ങൾ സംഭവിച്ചു. ഇല്ലിക്കുന്നിന്മേൽ പുതുതായി ഒരു കല്ല്അച്ച സ്ഥാപിച്ചിരുന്നു. അതിൽനിന്നു അച്ചടിച്ച പ്രസിദ്ധമാക്കിയ ഒരു ചെറുഗ്രന്ഥത്തിൽനിന്നു മനോഹരമായ ഒരു ഫലം ഉത്ഭവിച്ചു വന്നു. ൧൮൪൯ നവെമ്പ്ര ൧-ാംനു അച്ചടിച്ച പ്രസിദ്ധം ചെയ്ത ആ ഒന്നാമത്തേ ചെറിയ പുസ്തകം വായിച്ച ഒരു സന്ന്യാസി പിറേറ കൊല്ലം ഒരു ദിവസം മിശ്ശൻവീട്ടിൽ വന്നു, പാപമോചനത്തിന്റെ വഴിയെ പററി അധികം സ്പഷ്ടമായി അറിവാൻ താല്പൎയ്യപ്പെട്ടു. അവൻ ഗോവിന്ദൻ എന്ന ആനപാപ്പാറു ആയിരുന്നു. തന്റെ ആന ചത്തുപോയപ്പോൾ അതു തന്റെ പാപത്തി

ൻെറ ഫലമത്രേ എന്നു അവൻ വിചാരിച്ചു. പാപപരിഹാരം കിട്ടുവാനായിട്ടു ഗോകൎണ്ണത്തേക്കു ഒരു തീൎത്ഥയാത്ര ചെയ്വാൻ പുറപ്പെട്ടു. പോകുംവഴി ഒരു കൂട്ടം ആളുകളെ കണ്ടു. അവരിൽ ഒരുത്തൻ ഒരു ചെറുപുസ്തകം വായിക്കുന്നതും ശേഷമുള്ളവർ അതിൻെറ സാരാംശത്തെപ്പററി സംഭാഷിച്ചുകൊണ്ടിരിക്കുന്നതും അവൻെറ ദൃഷ്ടിയിൽപെട്ടു. ഗോവിന്ദൻ അരികെ ചെന്നു. "എല്ലാമനുഷ്യരും ഒരുപോലെ പാപികൾ ആയാലും വ്യത്യാസം കൂടാതെ എല്ലാവൎക്കും യേശുക്രിസ്തുവിലെ ദൈവകൃപയാൽ പാപമോചനവും നിത്യജീവനും കിട്ടുവാൻ കഴിയും" എന്നു വായിച്ചു കേൾപ്പിക്കുന്നതു കേട്ടപ്പോൾ അത്യന്തം ഇളകിപ്പോയി. "ഈ പുസ്തകം എവിടെനിന്നു കിട്ടി" എന്നു ചോദിച്ചപ്പോൾ തലശ്ശേരിക്കു സമീപമുള്ള ഇല്ലിക്കുന്നിന്മേൽ ചില സായ്പ്മാർ സ്ഥാപിച്ച ഒരു അച്ചുകൂടത്തിൽ അച്ചടിച്ചതാകുന്നു എന്നും ഈ പാതിരിമാർ പലരെയും കൈകൊണ്ടു അവരുടെ ജാതിയെ വഷളാക്കിക്കളയുന്നതുകൊണ്ടു നീ അങ്ങോട്ടു പോകേണ്ട എന്നും ഈ കൂട്ടർ പറഞ്ഞു എങ്കിലും ഗോവിന്ദൻ അവരുടെ വാക്കു കേൾക്കാതെ ചെന്നു യേശുക്രിസ്തുവിങ്കൽ വിശ്വസിച്ചു. ൧൮൪൩-ാം കൊല്ലത്തിലെ പെന്തെക്കോസ്ത് ദിവസത്തിൽ സ്നാനം ഏററു. അന്നു അവന്നു തോമാസ് എന്നു പേർ കിട്ടി. ഇവനെ ഗുണ്ടൎത്ത്സായ്പു അന്നു കണ്ടതു ഒന്നാം പ്രാവശ്യം ആകുന്നു. കണ്ടിട്ടു വളരെ സന്തോഷം തോന്നി. ഏപ്രീൽമാസത്തിൽ സായ്പ് ഈ തോമാസിനോടും പൌൽ ചന്ദ്രനോടും കൂടെ തോമാസിൻെറ അമ്മയും ഭാൎയ്യയും ജ്യേഷ്ഠനും പാൎക്കുന്ന പുന്നൂരിലേക്കു പ്രസംഗയാത്ര ചെയ്തു. അവിടെ വളരെ പേർ വചനം കേട്ടു. ആ ദേശക്കാരെല്ലാം തോമാസിനോടു പരിചയമുള്ളവരായിരുന്നതുകൊണ്ടു അവൻ താന്തന്നേ അവൎക്കു ജീവനുള്ള ഒരു പ്രസംഗമായിത്തീൎന്നു. ഈ തോമാസ് എത്രയും നല്ലൊരു വേലക്കാരൻ ആയി കാണപ്പെട്ടു. സാവധാനശീലവും ഗംഭീരഭാവവും പ്രതിയോഗിയെ ഒരു കളിവാക്കുകൊണ്ടു മൌനമാക്കുവാൻ കഴിയുന്ന വിശേഷമായ ഒരു പ്രാപ്തിയും ഹിന്തുക്കളുടെ ഹൃദയത്തിൽ രഹസ്യമായി കിടക്കുന്നതു എന്തെല്ലാം എന്നതിനെക്കൊണ്ടുള്ള പരിജ്ഞാനവും അവൻെറ പ്രധാനലക്ഷണങ്ങൾ ആയിരുന്നു. സംബന്ധക്കാരെ നേടുവാൻ അന്നു സാധിച്ചില്ല. അതുകൊണ്ടു ആ മൂന്നു പ്രസംഗികൾ കുറെ ലജ്ജയോടെ തിരിച്ചുവന്നാലും ഉൾദേശങ്ങളിൽ യാതൊരു സുവിശേഷിയും എത്താത്ത ദിക്കിൽ നല്ല വിത്തു വിതെപ്പാൻ അവസരം കിട്ടിയതുകൊണ്ടു വളരെ സന്തോഷിച്ചു. തലശ്ശേരിയിലേക്കു മടങ്ങി വന്ന ശേഷം തോമാസ് അച്ചുകൂടത്തിൽ ഉത്സാഹത്തോടെ പ്രവൃത്തിച്ചതു കൂടാതെ തെരുവീഥികളിലും അങ്ങാടികളിലും പ്രസംഗിച്ചുകൊണ്ടിരുന്നു. കുറ

ഞ്ഞൊന്നു കഴിഞ്ഞശേഷം ഈ സഹോദരനെ ഉപദേശിയാക്കി. അനന്തരം അവൻ തലശ്ശേരിയിൽ ചെന്നു പ്രസംഗിപ്പാൻ തുടങ്ങിയപ്പോൾ ശത്രുക്കൾ ക്രുദ്ധിച്ചു. അവിശ്വാസിയായ തുക്കിടി സായ്പു അദ്ദേഹത്തെ കോടതിക്കു വിളിപ്പിച്ചു. "ഏതു അധികാരത്തിന്മേൽ ഈ ആളുകളെ ഇവിടെ കലഹിപ്പിക്കുന്നു" എന്നു ചോദിച്ചാറെ തോമാസ് അപ്പോസ്തലന്മാരെപ്പോലെ: "ഞങ്ങൾ കണ്ടും കേട്ടും ഉള്ളവ പറയാതിരിപ്പാൻ കഴിയുന്നതല്ല" എന്നു സാക്ഷ്യം ചൊല്ലി. തുക്കിടി സായ്പ് "പാതിരിമാരുടെ കല്പനപ്രകാരമോ ചെയ്യുന്നതു?" എന്നു ചോദിച്ചാറെ "അതേ എന്നും അല്ല എന്നും പറയാം; ഞാൻ അതു സായ്പുമാരുടെയും എന്റെയും കൎത്താവിന്റെയും ആജ്ഞപ്രകാരം അത്രേ ചെയ്യുന്നതു" എന്നു ഉത്തരം പറഞ്ഞു. ഉദ്യോഗസ്ഥൻ കോപിച്ചു "അങ്ങാടിയിൽ വെച്ചു മേലാൽ പ്രസംഗം ചെയ്യരുതു" എന്നു കല്പിച്ചതുകൂടാതെ ബോധകന്മാരോടു: "ഇയാളെ തീൎച്ചയായും വിലക്കേണം" എന്നു നിഷ്കൎഷിച്ചു ആജ്ഞാപിക്കയും ചെയ്തു. എന്നാൽ ബോധകന്മാർ "ഈ പ്രവൃത്തി മേലാൽ കലശൽ കൂടാതെ അതിസൂക്ഷ്മത്തോടു കൂടേ നടത്തുവാൻ ശ്രമിക്കാം" എന്നു വാക്കു കൊടുത്തതേ ഉള്ളു. അതിൽ പിന്നേ അങ്ങാടിയിൽ പ്രസംഗിപ്പാനായിട്ടു തോമാസിനോടൊന്നിച്ചു സായ്പ്മാരും കൂടേ പോയി. ഈ ഘോഷകൻ ഈ പ്രവൃത്തി തങ്ങളെക്കാൾ എത്രയും നിപുണതയോടേ ചെയ്യുന്നു എന്നു അവർ ലജ്ജയോടും സന്തോഷത്തോടും കൂടേ കണ്ടു. നാട്ടുവേലക്കാരുടെ ഈൎഷ്യ തോമാസിന്റെ നേരേ അല്പം പൊങ്ങി വന്നതുകൊണ്ടു തോമാസിനെ ഏകാഗ്രതയിലും താഴ്മയിലും കാക്കുവാൻ വേണ്ടി ബോധകർ ദൈവത്തോടു താല്പൎയ്യത്തോടേ യാചിച്ചു. വിശേഷിച്ചു ഗുണ്ടൎത്ത്പണ്ഡിതരും തോമാസും മേലാൽ ഒന്നിച്ചു പുറജാതികളുടെ ഇടയിൽ പ്രസംഗം കഴിച്ചു ക്രിസ്തുവിന്റെ നാമത്തിന്നുള്ള നിന്ദ ധാരാളമായി അനുഭവിച്ചു. ആ സമയത്തു ഗുണ്ടൎത്ത്പണ്ഡിതർ ആഴ്ചതോറും ചോമ്പാലിലേക്കും ചിലപ്പോൾ വടകരയിലേക്കും പോക പതിവായിരുന്നു. ൧൮൪൭ ജൂൻ ൧൭-ാം തിയ്യതി പൌൽ ചന്ദ്രന്റെ അളിയനായ സീലാസിനെയും കുഡുംബത്തോടു കൂടേ സ്നാനപ്പെടുത്തി. പിശാചു വളരേ ഒച്ചപ്പെടുത്തിയാലും പൌലായ്യന്റെ അമ്മ അത്യന്തം സന്തോഷിച്ചു. മുകയരുടെ ഇടയിൽ ആകപ്പാടേ സുവിശേഷം വളരേ ഫലിച്ചു. ആ കൊല്ലത്തിൽ പൌലായ്യന്റെ ഇളയമ്മയാകുന്ന സാറയെയും സഭയിൽ ചേൎപ്പാൻ കൎത്താവു കൃപ നല്കി എങ്കിലും ആ കൊല്ലത്തിലേ മുഖ്യമായ സംഭവം കണ്ണനൂരിൽ തുടങ്ങിയ ഒരു ആത്മിക ഉണൎച്ച അത്രേ. ജൂലായിമാസത്തിൽ ഇല്ലിക്കുന്നിലേ സഭക്കാരുടെ അതിഭയങ്കരമായ പാപങ്ങൾ ഒക്കെയും വെളിച്ചത്തിൽ വന്നു. ബോധകന്മാർ അഴിനിലയിലായി

നാട്ടുക്രിസ്ത്യാനികളുടെ നടപ്പവസ്ഥയെക്കൊണ്ടു സംശയിപ്പാൻ തുടങ്ങി. ഈ സമയത്തു മേല്പറഞ്ഞ ഉണൎച്ച ഹൃദയങ്ങളെ തണുപ്പിക്കുന്ന ഒരു ആശ്വാസമായി ഭവിച്ചു. ആളുകളിൽ ഒരു ആശ്ചൎയ്യമുള്ള പാപബോധം കാണായിവന്നു! പുലൎച്ചതൊട്ടു അൎദ്ധരാത്രിയോളം ആളുകൾ വന്നു തങ്ങളുടെ പാപങ്ങളെ ഏററു പറഞ്ഞു കണ്ണുനീരോടു കൂടേ പാപമോചനത്തിൻ ആശ്വാസത്തിന്നായി അപേക്ഷിച്ചു. കഠിനരും കൂടേ ക്രമേണ ഇളകിപ്പോയി. പലൎക്കും വിശേഷാൽ പുതുതായിവന്നവൎക്കും സാക്ഷാൽ സമാധാനം ലഭിച്ചു. ചിലർ അനുതപിച്ചാലും സത്യവിശ്വാസത്തിങ്കലേക്കു എത്തിയില്ല. മററു ചിലർ അനുതപിക്കുന്നതിന്നു പകരം അനുതാപികളുടെ നേരേ കോപിക്കയത്രേ ചെയ്തതു. എന്നാൽ ആകപ്പാടേ ആ സമയം അനുഗ്രഹകരമായ ഒരു സമയമായിരുന്നു. "അജ്ഞാനം എന്താകുന്നെന്നു ആ ദിവസങ്ങളിൽ ഞങ്ങൾ ധാരാളമായി കണ്ടു. ക്രിസ്ത്യാനികളും യേശുവിന്റെ കീഴിൽ വേല ചെയ്യുന്ന വിശ്വാസികളും പിശാചിന്റെ ഉപായതന്ത്രങ്ങളിൽ എത്രത്തോളം കുടുങ്ങിപ്പോകാം എന്നു കണ്ടിട്ടു ഞങ്ങൾക്കു ബഹു ആശ്ചൎയ്യം തോന്നി. ഇവരിൽ ദൈവം കാണിച്ച തന്റെ ദീൎഘക്ഷാന്തി നിമിത്തം ഞങ്ങൾ അത്യന്തം വിസ്മയിച്ചു. ഈ ഉണൎച്ച പുറജാതികളുടെ ഇടയിലും ഫലിച്ചു. ഒക്തോബർ, നവെമ്പർ എന്നീ മാസങ്ങളിൽ ഒരു ചെറിയ കൂട്ടത്തെ സ്നാനപ്പെടുത്തി സഭയിൽ ചേൎപ്പാനും സാധിച്ചു. ഈ സമയം മയ്യഴിയിലേ മീഖാ എന്ന മുകയൻ പാപസേവയെ വെടിഞ്ഞാറേ ഭാൎയ്യയും കുട്ടികളും കണ്ണുനീരോടു കൂടേ അവനെ വിട്ടു പോയിക്കളഞ്ഞെങ്കിലും അവൻ യേശുവിൽ വിശ്വസിച്ചു സഭയിൽ ചേരുകയും ചെയ്തു. സായ്പിന്റെ കുഡുംബത്തിലും ഈ ആദ്യസമയത്തിൽ സുഖദുഃഖാദികൾ ഇടകലൎന്നു അനുഭവമായി വന്നു. വിലാത്തിയിൽനിന്നു മടങ്ങിവന്ന ഉടനേ ഒരു രണ്ടാം ഫ്രെഡ്രിക്ക് ജനിച്ചു. എങ്കിലും ൧൮൪൬ മാൎച്ച് ൭-ാം തിയ്യതി വിലാത്തിയിൽ ഉള്ള ഒരു മകൾ കഴിഞ്ഞുപോയി എന്ന സങ്കടവൎത്തമാനം കേട്ടാറേ "സ്തോത്രം! സ്തോത്രം! കണ്ണുനീർ വരുന്നില്ല. ഞങ്ങൾ ഒന്നിച്ചു പ്രാൎത്ഥിച്ചും സ്തുതിച്ചും കൊണ്ടു തുല്യമായ ഒരു യാത്രെക്കായി ഒരുക്കുന്നുണ്ടു" എന്നു ഗുണ്ടൎത്ത് പണ്ഡിതർ അന്നു അയച്ച സാരമേറിയ ഒരു കത്തിന്റെ ആരംഭത്തിൽ എഴുതിയിരുന്നു.

൧൮൪൭ ഒക്തോബർ മാസത്തിൽ സായ്പ് ചില ഉപദേശിമാരോടു ഒന്നിച്ചു വടക്കിൽ പ്രസംഗയാത്ര ചെയ്തുകൊണ്ടിരിക്കേ ഒരു ഉത്സവസ്ഥലത്തു സുവിശേഷം അറിയിക്കുമ്പോൾ തനിക്കും കൂട്ടുവേലക്കാൎക്കും വലിയ ആപത്തു നേരിട്ടു. ആളുകൾ പിശാചുകൾ എന്നപോലേ ശത്രുത്വം കാണിച്ചു. സായ്പ് ഒരു കത്തിൽ എഴുതിയ പ്രകാരം എങ്ങിനേയെങ്കിലും

ഒരു ൧൦൦ തൊണ്ടുകൊണ്ടു അവൎക്ക ഏററു കിട്ടി. പൂഴിയിൽകൂടേ വേഗം ഓടുവാൻ അവൎക്ക കഴിയായ്കയാൽ സായ്പ് കുതിരപ്പുറത്തു കയറി പോയ്ക്കളഞ്ഞു. തോമാസ് ഉപദേശിയെയോ അവർ പിടിച്ചു നല്ലകണക്കിൽ അടിച്ചശേഷം വലിച്ചുകൊണ്ടു പോകുവാൻ ഭാവിച്ചു, അവൎക്ക സാധിച്ചില്ലതാനും. ഈ ഉപദ്രവം നിമിത്തം വളരേ പേർ യേശുക്രിസ്തുവിന്റെ നാമത്തെക്കൊണ്ടു സംസാരിപ്പാനും കേൾപ്പാനും സംഗതിവന്നു. ദിസെമ്പ്രമാസത്തിൽ അവർ കീഴൂരിലേക്കും പോയി. അവിടേ ചെന്നു പ്രസംഗിച്ചപ്പോൾ ഒരുത്തൻ "നിങ്ങൾ ഇപ്രകാരം എല്ലാമനുഷ്യരെയും ദൂഷിക്കുന്നുവെങ്കിൽ നിങ്ങളെത്തന്നേയും ആക്ഷേപിക്കുന്നുവല്ലോ" എന്നു പറഞ്ഞപ്പോൾ തോമാസ് ഉറക്കേ "അതേ ഞങ്ങളെയും ആക്ഷേപിക്കുന്നു, എന്നെയും ഈ നില്ക്കുന്ന സായ്പിനെയും എല്ലാ ഉപദേശിമാരെയും സകലക്രിസ്ത്യാനികളെയും ആക്ഷേപിക്കുന്നു. ഞങ്ങളുടെ രക്ഷയും നീതിയും ആയിരിക്കുന്നവൻ ഏകനത്രേ; അതോ, കൎത്താവായ യേശുക്രിസ്തൻ തന്നേ" എന്നു വിളിച്ചു പറഞ്ഞു. അന്നു ബിംബത്തെ തറമേൽ നിറുത്തി അതിന്റെ മുമ്പാകേ വെച്ചു പൂക്കുററി ബാണം മുതലായ വെടിമരുന്നു പ്രയോഗങ്ങൾ ചെയ്വാൻ തുനിഞ്ഞപ്പോൾ മരുന്നിന്നു തീപ്പററിയില്ല. അതിന്നു സംഗതി നാം പാതിരി സായ്പിനെ ഈ പ്രാവശ്യം വളരേ ഹാസ്യമാക്കിയതുകൊണ്ടുള്ള ദൈവകോപം നിമിത്തമാകുന്നു എന്നു പലരും പറഞ്ഞു. ആ കൊല്ലം തന്നേ സായ്പ് "മാനുഷഹൃദയം" എന്ന പുസ്തകവും പ്രസിദ്ധമാക്കി. ൧൮൪൯-ാം കൊല്ലത്തിന്റെ ആരംഭത്തിൽ പൌൽ എന്ന മകൻ ജനിച്ച ഉടനേ ചിറക്കല്ലിലേക്ക മാററം പോവാൻ ബാസലിൽനിന്നു കല്പന വന്നു. സായ്പ് അന്നു "ഈ കല്പനെക്കു ഞാൻ ഹേതുഭൂതൻ അല്ലാത്തതുകൊണ്ടു അതു മുററും കൎത്താവിന്റെ വഴിയത്രേ എന്നു തേറി സന്തോഷത്തോടേ അങ്ങോട്ടു പോകും" എന്നു പറഞ്ഞു.

---

ഏഴാം അദ്ധ്യായം.

## ചിറക്കല്ലിൽ ചെയ്ത വേല.

മിശ്ശൻ ചിറക്കൽ എന്നസ്ഥലത്തു ഒരു പറമ്പു വാങ്ങി ചില ക്രിസ്തീയകുഡുംബങ്ങളെ അവിടേ പാൎപ്പിച്ചിരുന്നു. ഹേബിക് സായ്പിന്നു പ്രസംഗയാത്ര ചെയ്വാനായി അധികം സമയം കിട്ടുവാന്തക്കവണ്ണം കമ്മട്ടിയാർ ഗുണ്ടെൎത്ത് പണ്ഡിതരെ അങ്ങോട്ടു അയച്ചു. അവിടേനിന്നു കണ്ണനൂരിലേ സഭയെ നടത്തുക, ഉപദേശിമാരെ പഠിപ്പിക്ക, ഓരോ സ്കൂളുകളെ മേല്വിചാരം ചെയ്ക, എന്നീവക പ്രവൃത്തികൾ പ്രത്യേകമായി ചെ

യ്യാൻ കല്പിച്ചു. എന്നാൽ "നിങ്ങളുടെ നിനവുകൾ എൻ നിനവുകൾ അല്ലല്ലോ" എന്ന വേദവാക്കിൻ പരമാൎത്ഥം ഈ കാൎയ്യത്തിലും കാണ്മാൻ സംഗതിവന്നു. മേയി ൧൩-ാം ൹ ഗുണ്ടെൎത്ത് മദാമ്മ കണ്ണുനീരോടു കൂടേ ഇല്ലിക്കുന്നിൽനിന്നു ഇറങ്ങി ചിറക്കല്ലിലേക്കു യാത്രയായി. സായ്പ് ചിലദിവസം കഴിഞ്ഞിട്ടു പിൻചെല്ലാമെന്നു ഭാവിച്ചു. ഒടുക്കം പരിചയമുള്ളവരോടു അഭിവാദ്യം ചൊല്ലി അവസാനപ്രസംഗം കഴിച്ചശേഷം കൂട്ടുവേലക്കാരോടൊന്നിച്ചു ഒരു പ്രാൎത്ഥന കഴിക്കുമ്പോൾ പെട്ടന്നു ഒരു വിറപ്പനി പിടിച്ചു. അതു രണ്ടു ദിവസം കൊണ്ടു സായ്പിനെ വളരേ ക്ഷീണിപ്പിച്ചു. എങ്കിലും വൎഷകാലം അടുത്തതുകൊണ്ടു സായ്പ് വളരേ താമസിയാതെ പുറപ്പെട്ടു ഒന്നാം വൎഷത്തോടു കൂടേ ചിറക്കല്ലിൽ എത്തി. സായ്പിന്റെ കുറെറടച്ചു പോയതുകൊണ്ടു പനിമാറിപ്പോയെങ്കിലും മൂന്നു സംവത്സരത്തോളം ഊമൻ എന്നപോലേ നാൾ കഴിക്കേണ്ടിവന്നു. ആഗസ്ത് മാസത്തിൽ ഉപദേശിമാൎക്കു കുശുകുശുത്തുകൊണ്ടു ഒരു പഠിപ്പു കൊടുപ്പാൻ ശ്രമിച്ചു. അതു നിഷ്ഫലമായ്പോയതു കൊണ്ടു മൌനമായി ഇരുന്നു. അന്നു ഒരു കത്തിൽ "സംസാരിക്കയും പ്രവൃത്തിക്കയും ചെയ്യുന്നതിന്നു പകരമായി ഞാൻ ഇപ്പോൾ പൊറുമ ശീലിച്ചു ഒന്നിന്നും കൊള്ളാത്തവൻ എന്നു വിശ്വസിപ്പാൻ അഭ്യസിക്കുന്നു. സംഭാഷണം കഴിക്കുന്നതു വൈദ്യന്മാർ തീരേ നിഷേധിക്കുന്നു. ഞാൻ തപസ്വി എന്നപോലേ നാൾ കഴിക്കുന്നു. ഇതിൽ ഒരു ന്യായവിധി അടങ്ങിയിരിക്കുന്നു. ഞാൻ ഇതുവരേ പറകയും പ്രവൃത്തിക്കയും ചെയ്തതിലൂടേ എല്ലാം ദൈവം വലുതും കറുത്തതുമായ ഒരു രേഖ വരെച്ചു ഇതെല്ലാം സാരമില്ല എന്നു ചൊല്ലിയപ്രകാരം തോന്നുന്നു. എന്നാൽ ന്യായത്തിന്നു പകരം കൃപ ജയിച്ചിരിക്കുന്നു. കാരണം ഈ കറുത്ത രേഖയെ ഒരു ചുവന്ന രേഖ ഇടമുറിക്കുന്നുവല്ലോ, അതു എന്തൊരു ഭാഗ്യം! എന്റെ പ്രിയ ഭാൎയ്യ ഇപ്പോൾ എത്രയും സൂക്ഷ്മവും സ്നേഹവും കാട്ടി എന്റെ ഭാരത്തെ എന്നോടു ഒന്നിച്ചു പേറുവാൻ സൎവ്വദാ ഹാജരായിരിക്കുന്നു. ഞാൻ സംസാരിക്കായ്കകൊണ്ടു കുട്ടികൾക്കുപോലും എന്നോടു കനിവു തോന്നുന്നു. അവർ ഇപ്പോൾ അധികം സ്നേഹാനുസരണങ്ങൾ കാട്ടി എന്നെ സന്തോഷിപ്പിപ്പാൻ നോക്കുന്നു. ഞാൻ പ്രിയ ഹേബിക്സഹോദരന്നു ഒരു സഹായമായിരിക്കുന്നതിന്നു പകരം ഏകദേശം ഒരു ഭാരമായിത്തീൎന്നു. ഒരവസരം കിട്ടുമ്പോൾ അദ്ദേഹം ഇങ്ങു വന്നു എന്നെ ധൈൎയ്യപ്പെടുത്തുകയും വൎത്തമാനങ്ങൾ ഓരോന്നു പറകയും ചെയ്യും. അതു നല്ല കാൎയ്യമല്ലേ! എന്നിട്ടും ദൈവം എന്നിൽ സാധിപ്പിപ്പാൻ താല്പൎയ്യപ്പെടുന്ന കാൎയ്യം സാധിച്ചുവരികയും പ്രവൃത്തിക്കാതെ ഭക്ഷിപ്പാൻ എനിക്കു മനസ്സില്ലാത്തതുകൊണ്ടു അതിന്നു ഇനി സംഗതിയാകാതിരിക്കയും ചെയ്യേണ്ടതിന്നു എന്നോടുകൂ

ടേ പ്രാൎത്ഥിപ്പിൻ" എന്നു എഴുതി. ഇതിനാൽ സായ്പ് പ്രവൃത്തി യാതൊന്നും ചെയ്യാതെകണ്ടു ഭക്ഷിച്ചു എന്നു നമുക്കു തോന്നിപ്പോകാം. കാൎയ്യം അങ്ങിനേയല്ല താനും. പ്രസംഗിപ്പാൻ അസാദ്ധ്യമായിരുന്നെങ്കിലും യാതൊന്നും പ്രവൃത്തിക്കാതെ കണ്ടിരുന്നു എന്നല്ല. മററൊരാളുടെ ആലോചന സാധാരണമായി വളരേ താല്പൎയ്യത്തോടേ കേൾക്കാത്ത ഹേബിക്ക്സായ്പ് ആ മൂന്നു സംവത്സരങ്ങൾക്കകം ഈ ഊമനായ സഹോദരൻ പറഞ്ഞ ആലോചന താല്പൎയ്യത്തോടേ സ്വീകരിച്ചു. അന്നു ചെയ്ത മുഖ്യമായ പ്രവൃത്തിയോ തൂവൽകൊണ്ടായിരുന്നു. ഒരു ജാതി ക്രിസ്തീയ മാൎഗ്ഗത്തെ അംഗീകരിക്കുമ്പോൾ ആ ജാതിയുടെ ഭാഷെക്കും ഒരു മാതിരി പുനൎജ്ജന്മം വരേണം. ഈ ഭാഷ ഒരു പുതിയ ആത്മാവിന്റെയും പുതിയ വിചാരങ്ങളുടെയും ആയുധമായി തീരേണമല്ലോ. കേരളദേശത്തിന്റെ വടക്കുഭാഗത്തു ഈ പ്രവൃത്തിക്കു ഒരു അടിസ്ഥാനം ഇടുവാനായി ദൈവം ഗുണ്ടൎത്ത് പണ്ഡിതരെ നിയോഗിച്ചു. ഓരോ ചെറുവക പുസ്തകങ്ങളും പല സ്കൂൾ പുസ്തകങ്ങളും നവീകരണചരിത്രവും സായ്പ് മുമ്പേ തന്നേ ചമെച്ചു തീൎത്തിരുന്നു. ചിറക്കല്ലിൽ വെച്ചു ഉപദേശിമാരുടെ ഉപകാരാൎത്ഥമായി ഒരു സുവിശേഷസംഗ്രഹത്തെ ചമെച്ചു. ഓരോ ക്രിസ്തീയഗീതങ്ങളെയും രചിച്ചു. രണ്ടു സ്വരമായി പാടുവാൻ തക്കവണ്ണം രാഗങ്ങളെയും ഉണ്ടാക്കി. എങ്കിലും അന്നു ചെയ്ത മുഖ്യമായ പ്രവൃത്തിയോ തിരുവെഴുത്തുകളെ പരിഭാഷപ്പെടുത്തുന്നതായിരുന്നു. ഒരു ഭാഷാന്തരം മുമ്പു തന്നേ ഉണ്ടായിരുന്നെങ്കിലും ഇംഗ്ലീഷു ബോധകർ അതു ഇംഗ്ലീഷു വേദപുസ്തകത്തിൽനിന്നു തങ്ങളുടെ പ്രാപ്തിക്കൊത്തവണ്ണം തൎജ്ജിമ ചെയ്തതാകകൊണ്ടു സാരാംശത്തിലും ഭാഷയിലും കുററവും തെററും വളരേ കണ്ടു. മദ്രാസിലേ വേദവ്യാപാരസംഘം അതു തിരുത്തി നന്നാക്കുവാൻ ഒരു യോഗം നിശ്ചയിച്ചു. ഗുണ്ടൎത്ത് പണ്ഡിതർ അതിന്റെ അഗ്രാസനർ ആയിരുന്നെങ്കിലും തെക്കിലുള്ള സഹോദരന്മാർ സായ്പിന്നു വേണ്ടുന്ന സ്വാതന്ത്ര്യം കൊടുക്കായ്കയാൽ യോഗം പൊളിഞ്ഞു സായ്പ് ഏകനായി ഒരു സ്വന്തഭാഷാന്തരം തയ്യാറാക്കുവാൻ മുതിൎന്നു. സായ്പ് എല്ലായ്പോഴും ഒരു പ്രവൃത്തിയുടെ ഏററവും പ്രയാസമുള്ള ഭാഗത്തെ ഒന്നാമതായി ചെയ്വാൻ തുടങ്ങിയ പ്രകാരം വേദപുസ്തകത്തിൽ ആദ്യമായി പഴയനിയമത്തിലേ കാവ്യപുസ്തകങ്ങളെ ഭാഷാന്തരം ചെയ്തു. അതിന്റെ ശേഷം പുതിയനിയമത്തിൽ ആദ്യമായി പൌലപ്പോസ്തലന്റെ ലേഖനങ്ങളെയും പിന്നേ സുവിശേഷങ്ങളെയും തീൎത്തു. അതിന്നു വേണ്ടുന്ന ചെലവു ഒക്കെയും ബാസലിലേ വേദവ്യാപാരസംഘം നിൎവ്വഹിച്ചു. ഇതു നാം നന്ദിഭാവത്തോടു കൂടേ ഓൎക്കേണ്ടതാകുന്നു. വിലാത്തിയിൽ എത്തിയശേഷമത്രേ ഒടുക്കം പ്രവാചകഗ്രന്ഥങ്ങളെ പരിഭാഷപ്പെടുത്തി

യതു. ൧൦൨൬-ാം കൊല്ലത്തിൽ കൂടിവന്ന ഒരു വലിയ മിശ്ശൻയോഗത്തിൽവെച്ചു ഗുണ്ടെൎത്ത് പണ്ഡിതർ തിരുവെഴുത്തുകളെ ഭാഷാന്തരം ചെയ്യുന്നതിൽ പ്രമാണിക്കേണ്ടുന്ന ൧൧ അതിവിശേഷമായ സൂത്രങ്ങളെ പ്രസ്താവിച്ചിരിക്കുന്നു. പ്രഖ്യാതിപ്പെട്ട നിഘണ്ടു ചമെക്കുന്ന പ്രവൃത്തി വിലാത്തിയിൽ നിന്നത്രെ തീൎത്തതു എന്നു വന്നാലും ഈ അതിശയമാൎന്ന എടുപ്പിന്നായി വേണ്ടുന്ന കല്ലുമരങ്ങൾ മുതലായവ മിക്കവാറും ചിറക്കല്ലിൽ വെച്ചത്രെ ശേഖരിച്ചു ഒരുക്കിയതു എന്നു പറയാം. സായ്പിന്റെ വ്യാകരണത്തെയും ഈ നിഘണ്ടുവിനെയും കുറിച്ചു വിശ്രുതന്മാരായ രണ്ടു പണ്ഡിതശ്രേഷ്ഠന്മാർ ഈ പുസ്തകങ്ങൾ രണ്ടും ദ്രാവിഡഭാഷകളെ അറിവാനായി വഴി ഒരുക്കുന്ന ഗ്രന്ഥങ്ങൾ ആകുന്നു എന്നു സാക്ഷ്യം ചൊല്ലിയിരിക്കുന്നു.

സായ്പ് അന്നു എഴുത്തുപണി മാത്രമല്ല ചെയ്തതു, കഴിയുന്നേടത്തോളം തന്റെ ചുററിലും പാൎക്കുന്നവരോടു സംസൎഗ്ഗം ചെയ്വാനും ശ്രമിച്ചു. ചിറക്കല്ലിലെ രണ്ടു രാജാക്കന്മാർ ബ്രാഹ്മണരോടൊന്നിച്ചു ചിലപ്പോൾ സായ്പിനെ കാണ്മാൻ വന്നു. ഇവരുടെ മലയാളം കേട്ടിട്ടു സായ്പ്: "ഒരു നാൾ കേരളദേശത്തിൽ യേശുവിന്റെ വചനം എത്ര മനോഹരമായ ഭാഷയിൽ പാടുവാനും ഘോഷിപ്പാനും അവസരമുണ്ടാകും എന്നു എനിക്കു ഇപ്പോൾ അല്പം ഊഹിപ്പാൻ കഴിയും" എന്നു പറഞ്ഞു. ചില ഹിന്തുക്കൾ സായ്പിന്നു പിടിച്ച ദീനം ദേവന്മാരുടെ ശിക്ഷയായി വിചാരിച്ചു. സായ്പ് ഒരിക്കൽ ചിറക്കല്ലിലെ ക്ഷേത്രത്തെ കാണ്മാൻ പോയപ്പോൾ അവിടത്തെ ദേവന്നു വിരോധമായി സംസാരിച്ചതുകൊണ്ടു ആ ദേവൻ സായ്പിനെ മൌനമാക്കിക്കളഞ്ഞു എന്നു അവർ പറഞ്ഞു. ചിറക്കല്ലിലെ രാജാവു ഒരിക്കൽ രേഖാമൂലം സായ്പിനോടു കുശലപ്രശ്നം ചെയ്തപ്പോൾ സായ്പ് മറുവടിയിൽ പുറജാതികളിൽ നടക്കുന്ന ആ ശ്രുതിയെ ഉദ്ദേശിച്ചു എഴുതിയതാവിതു: "ഞാൻ ആരുടെ പ്രേരിതനാകുന്നുവോ ആ ദൈവം എന്റെ ദൂതസേവയിൽ വല്ല കുറവും കണ്ടിട്ടുണ്ടായിരിക്കേണം. ഞാൻ പറയേണ്ടതു പറയാതിരുന്നതിനാലോ, പറയരുതാത്തതു പറഞ്ഞതിനാലോ, അല്ല രണ്ടും ചെയ്തതു നിമിത്തമോ ആയിരിക്കാം. ഇതിനെപ്പററി ധ്യാനിപ്പാൻ ഇപ്പോൾ എനിക്കു വേണ്ടുവോളം അവസരമുണ്ടു. ദൈവത്തിന്റെ ആന്തരം എന്നിൽ സാധിച്ചു വേഗം പ്രാഗത്ഭ്യത്തോടും പരസ്യമായും കൎത്താവായ യേശുവിനെ കുറിച്ചു സാക്ഷ്യം ചൊല്ലുവാൻ എനിക്കു അനുവാദം ഉണ്ടാകും എന്നാശിക്കുന്നു." വഴിയിൽവെച്ചു സായ്പ് ചിലപ്പോൾ വഴിപോക്കരോടു ഒന്നു രണ്ടു വാക്കു കുശുകുശുത്തു പറവാൻ തുനിഞ്ഞു. കണ്ണിൽ ചോരയില്ലാത്ത നിൎമ്മൎയ്യാദസ്ഥർ സായ്പിനെ പലപ്പോഴും പരിഹസിച്ചിട്ടുമുണ്ടു.

ആ സമയത്തു (സെപ്തെമ്പ്ര ൧൮൪൯) മാപ്പിളമാരുടെ ഒരു ഭയങ്കരമായ ലഹളയുണ്ടായി. ൬൪ മാപ്പിളമാർ വീരസ്വർഗ്ഗം പ്രാപിക്കേണ്ടതിന്നു കാണുന്ന എല്ലാവരെയും വാളൂരി കൊന്നുകളഞ്ഞ ശേഷം തങ്ങൾ ജീവനോടേ സൎക്കാരുടെ കയ്യിൽ വീഴരുതു എന്നു ശപഥം ചെയ്തു. സിപ്പായിമാർ ശങ്കിച്ചു തങ്ങളുടെ നായകന്മാരെ വിട്ടു പോയ്ക്കളഞ്ഞതുകൊണ്ടു വെള്ളക്കാരെ അവരുടെ നേരേ അയക്കേണ്ടിവന്നു. ആ ൬൪ മാപ്പിളമാരെയും ജീവനോടേ പിടിപ്പാൻ കഴിയാത്തതുകൊണ്ടു കൊന്നുകളയേണ്ടിവന്നു. അതു എല്ലാ മാപ്പിളമാൎക്കും അത്യാവശ്യമായ ഒരു പഠിപ്പിന്നായി തീരേണ്ടതായിരുന്നെങ്കിലും ആ ൬൪ കുലപാതകർ ഇടുക്കവഴിയിലൂടേ ജീവങ്കലേക്കത്രേ പ്രവേശിച്ചതു എന്നു മാപ്പിളജാതി ഉറെച്ചു വിശ്വസിച്ചതു കൊണ്ടു ശേഷമുള്ളവരൊക്കയും നാണിക്കേണ്ടതു എന്നു അവൎക്കു തോന്നി.

എന്നാൽ ൫൦-ാം കൊല്ലത്തിൽ സാധാരണമായി ഭീരുത്വം കാണിക്കുന്ന ഹിന്തുക്കളും ഒരു ലഹളെക്കായി മുതിൎന്നു. അതോ തങ്ങൾ അത്യന്തം പേടിക്കുന്ന മാപ്പിളമാരുടെ നേരേയല്ല രാജ്യത്തിന്റെ പരിഷ്കാരത്തിന്നായും കേരളീയരുടെ ഉണ്മയായ യശസ്സിന്നായും തളരാതെ അദ്ധ്വാനിക്കുന്ന ഒരു ബോധകന്റെ നേരേയത്രേ അവർ കയൎത്തു. ഒക്തോബർ മാസത്തിൽ കണ്ണൂർസഭക്കാർ ഒരു ഉത്സവം കൊണ്ടാടി. അന്നു ൩൨ ആളുകൾക്കു സ്നാനം ലഭിച്ചു. ഈ സ്നാനാൎത്ഥികളുടെ കൂട്ടത്തിൽ ചിറക്കല്ലിൽനിന്നു വന്ന ചില ചാല്യരും ഉണ്ടായിരുന്നു. എന്നാൽ അന്നു ഹിന്തുക്കൾക്കു പ്രത്യേകം നീരസമായി തോന്നിയതു തുക്കി സായ്പായ റോബിൻസൻ സായ്പ് സന്തോഷത്തോടേ ഈ ഉത്സവത്തിൽ ചേൎന്നതു തന്നേ. ഒക്തോബർ ൧൮-ാംനു ഹിന്തുക്കളുടെ ഒരു നല്ല ദിവസമായിരുന്നു. ആ ദിവസത്തിൽ ചില ഹിന്തുക്കൾ ചിറക്കല്ലിലേ മിശ്ശൻവീടു ആക്രമിച്ചു സ്നാനം ലഭിച്ചവരിൽ ഒരുത്തന്റെ മകളായ മന്ദിയെ ബലാല്ക്കാരേണ പിടിച്ചുകൊണ്ടു പോവാൻ നിശ്ചയിച്ചു. ഹിന്തുക്കളിൽ ചില മൎയ്യാദസ്ഥർ ഇക്കാൎയ്യത്തെക്കൊണ്ടു ഗുണ്ടൎത്ത് സായ്പിന്നു അറിവു കൊടുത്തു വീട്ടിൽനിന്നു ഇറങ്ങിപ്പോകരുതു എന്നും മറ്റും പ്രബോധിപ്പിച്ചു. ൧൮-ാംനു പുലച്ചെക്കു അഞ്ചരക്കണ്ടി, തലശ്ശേരി, കണ്ണൂർ ഇത്യാദി ദേശങ്ങളിൽനിന്നു ഒരു വലിയ പുരുഷാരം മിശ്ശൻപറമ്പിൽ വന്നു കൂടി ആ പെൺകുട്ടിയെ ഏല്പിച്ചു തരേണമെന്നു വളരേ നിഷ്കൎഷയോടു കൂടേ ചോദിച്ചു. ഏല്പിച്ചു തരുന്നില്ലെങ്കിൽ സാഹസം ചെയ്യും എന്നു ഭീഷണിവാക്കും പറഞ്ഞു. നാടെങ്ങും അന്വേഷിച്ചിട്ടും ഒരു പോലീസുകാരനെ കണ്ടു കിട്ടിയില്ല. അത്യാവശ്യം വരുമ്പോൾ ഇവർ മിക്കവാറും അദൃശ്യമായിരിക്കുന്നുവല്ലോ! പണിക്കാർ ഈ ആളുകളെ തടുപ്പാൻ ശ്രമിച്ചാറേ അവൎക്കും അടികൊണ്ടു. ഈ ലഹളക്കാർ അഞ്ചു മണിക്കൂറോളം ബങ്കളാവു

വളഞ്ഞു രാത്രിയിൽ തങ്ങളുടെ കാൎയ്യം സാധിപ്പിക്കും എന്നു സ്പഷ്ടമായി പറഞ്ഞു. ഇതിന്നിടയിൽ ഈ കാൎയ്യം കണ്ണൂരിൽ പ്രസിദ്ധമായി. സന്ധ്യയായപ്പോൾ അവിടേനിന്നു പോലീസുകാർ വന്നു ഈ മത്സരക്കാരെ താന്താങ്ങളുടെ വീടുകളിലേക്കു പറഞ്ഞയച്ചു. പിറെറന്നു രാവിലേ ഗുണ്ടെൎത്ത് സായ്പ് ആ പെൺകുട്ടിയെ കണ്ണൂരിലേക്കു അയച്ചു റോബിൻസൻ സായ്പിന്റെ മുമ്പാകേ അന്യായം കൊടുത്തു. ഈ ഉദ്യോഗസ്ഥന്റെ മുമ്പിൽ വെച്ചു തന്നേ ഫെ-൨൦൹ ആ കുട്ടിക്കു സ്നാനവും കൊടുത്തു. ഈ ലഹളക്കാരെ മേല്പറഞ്ഞ തുക്കിടി സായ്പ് ശിക്ഷിച്ചു. കുററക്കാൎക്കു നല്ല ശിക്ഷ കിട്ടിയതുകൊണ്ടും ബോധകർ ഭയഹീനരായി വീണ്ടും തങ്ങളുടെ പ്രവൃത്തി നടത്തിയതുകൊണ്ടും ആളുകൾ ശങ്കിച്ചു എന്നു മാത്രമല്ല, ഈ ലഹളകൊണ്ടു ആളുകൾക്കു താല്പൎയ്യവും വൎദ്ധിച്ചു വന്നു എന്നു സായ്പിന്നു തോന്നി. രാജാവിന്റെ സ്നേഹം അന്നു കുളിൎത്തുപോയി. തമ്പുരാൻ സായ്പിനോടു ഒരിക്കൽ വാദിക്കും സമയം "ദുസ്സംഗതികൾ നിമിത്തമത്രേ ആളുകൾ ക്രിസ്ത്യാനികളായിത്തീരുന്നതു എന്നും നിങ്ങളുടെ സഭക്കാർ എല്ലാം കൈക്കൂലി വാങ്ങിയ ആഭാസന്മാർ അത്രേ" എന്നും ദുഷിച്ചു പറഞ്ഞു. എന്നിട്ടും അതു പറയുന്ന ആ നിമിഷത്തിൽ തന്നേ സായ്പിനോടു "എന്റെ ആളുകൾ നിത്യം എന്നെ വഞ്ചിക്കുന്നതുകൊണ്ടു എനിക്കു ഇന്ന പുസ്തകം സായ്പവർകൾ വരുത്തി തന്നാൽ ഉപകാരം" എന്നു അപേക്ഷിച്ചു. ഇവ്വണ്ണം തമ്പുരാന്നു സ്വന്ത ആളുകളെക്കാൾ ഈ പാതിരിയിൽ അധികം വിശ്വാസം തോന്നി. ആ കൊല്ലത്തിൽ തന്നേ എരിവും ശുഷ്കാന്തിയും ഏറുന്ന തോമാസ് ഗോവിന്ദൻ എന്ന കൎത്തൃശുശ്രൂഷക്കാരൻ കൎത്താവിൻ സ്വസ്ഥതയിൽ പ്രവേശിച്ചു. സ്വന്ത അമ്മയെ കൎത്താവിന്നു വേണ്ടി നേടിയ ശേഷം അമ്മ സമാധാനത്തോടു കൂടേ നിദ്രപ്രാപിച്ചതു കണ്ടു ആനന്ദിച്ചു. അനന്തരം താനും ഛൎദ്ദ്യതിസാരം കൊണ്ടു എത്രയും ക്ഷണത്തിൽ മരിക്കയും അമ്മയെ പിഞ്ചെല്ലുകയും ചെയ്തു. അന്നു ഗുണ്ടെൎത്ത് പണ്ഡിതർ ഒരു കത്തിൽ എഴുതിയതു: "ഒരു ഉണ്മയായ ദൈവപുരുഷൻ പോയ ശേഷമത്രേ കൎത്താവു എത്ര വലുതായ ഒരു ധനം നല്കിയിരുന്നു എന്നു തിരിച്ചറിവാൻ ഇടയായതു. എല്ലാം ആകപ്പാടേ നോക്കുമ്പോൾ അവനെ കൊണ്ടു സന്തോഷം മാത്രമേ ഉണ്ടായുള്ളു എന്നും അവൻ സത്യത്തിൽ നിന്നുള്ളവരെ ഒക്കേയും സ്വന്തദൃഷ്ടാന്തത്താൽ ഭക്തിയിലേ നടപ്പിന്നായി ഉത്സാഹിപ്പിച്ചു എന്നും അവനോടു നീരസം ഭാവിച്ചവർ കേവലം ദുഷ്ടന്മാരായിരുന്നു എന്നും അതേ അവൻ സാക്ഷാൽ ഒരു ദൈവപുരുഷനായിരുന്നു എന്നും ദൈവബഹുമാനത്തിന്നായി പറയാതിരിപ്പാൻ പാടില്ല. ദൈവകൈയ്യിൽ നിന്നു ഒരു സമ്മാനം ആയി ഇവനെ ലഭിച്ചതുകൊണ്ടു പകരമായി

മറെറാരുത്തനെ കിട്ടുവാൻ വളരേ അന്വേഷിക്കുന്നുവെങ്കിലും സാധിച്ചില്ല. ഇനി സാധിക്കയില്ല എന്നും കാണും. അനേകം പുറജാതികൾ ഗോവിന്ദൻ മരിച്ചതുകൊണ്ടു ഉല്ലസിക്കുന്നു. ഹാ! അവൻ പ്രസംഗംകൊണ്ടു ഇനി ഞങ്ങളെ ഉപദ്രവിക്കയില്ല എന്നു പറഞ്ഞുകൊണ്ടു അവർ സന്തോഷിക്കുന്നു. ഞങ്ങൾ അവന്റെ സ്ഥാനത്തു മറെറാരുത്തനെ നിശ്ചയിച്ചാറേ അവർ: ഈ പാതിരിമാരുടെ നേരേ ഞങ്ങൾക്കു ആവതില്ല. ഒരുത്തൻ പോയാൽ പെട്ടന്നു അവർ മറെറാരുത്തനെ നിയോഗിക്കും എന്നു ദുഷിച്ചു പറയുന്നു".

ഗുണ്ടൎത്ത് മദാമ്മ ചിറക്കല്ലിലേ അനാഥശാലയിലും സ്ത്രീകളുടെ ഇടയിലും ബഹുസന്തോഷത്തോടു കൂടേ പ്രവൃത്തിച്ചുപോന്നു. ഗതിയില്ലാത്ത സ്ത്രീജനങ്ങൾക്കു വേണ്ടി അവിടേ ഒരു മാതിരി സങ്കേതസ്ഥലം തുറന്നു വെച്ചിരുന്നു. ആരും ഓരും ഇല്ലാത്ത പത്തോ ഇരുപതോ സ്ത്രീകൾ ശാലയിലേ ൧൦ പെൺകുട്ടികളെക്കാൾ അധികമായി അലമ്പൽ വരുത്തിയിരിക്കുന്നു പോൽ. "ശാരീരികവും ആത്മികവും ആയ ഞങ്ങളുടെ പ്രവൃത്തി മിക്കവാറും ഹാസ്പത്രിയിലേ പ്രവൃത്തിയോടു ഒക്കും. ഈ രോഗശാലയിലേ ദുൎവ്വായുകൊണ്ടു ഞങ്ങളും തളൎന്നു പോയിട്ടു ആളുകളിൽ നിത്യജീവന്റെ പുഴകൾ ഒഴകി വരുന്നതിന്നും പുനൎജ്ജന്മം സംഭവിക്കുന്നതിന്നും വേണ്ടി കാത്തു യാചിക്കുന്നതിന്നു പകരം ഇങ്ങുമങ്ങും ഏതാനും നന്നാകുന്നതിൽ തൃപ്തിപ്പെടുന്ന പരീക്ഷ ഞങ്ങൾക്കും ഉണ്ടു. നമ്മുടെ വൈദ്യനായ കൎത്താവു തൻവചനപ്രകാരം ഞങ്ങളെയും ചികിത്സിച്ചു ജീവിപ്പിക്കേയാവു!" എന്നു സായ്പ എഴുതിയിരിക്കുന്നു. ആ സമയത്തു മേഗ്ലിങ്ങ്, വൈഗ്ലെ എന്നീ സ്നേഹിതർ ചിറക്കല്ലിൽ വന്നു. ദീനത്തിന്നു യാതൊരു ഭേദവും കാണാത്ത സായ്പിന്നു അവരുടെ വരവിനാൽ വളരേ തണുപ്പു വന്നു. അതുകൂടാതെ ലൈപ്സിക്ക് എന്ന പട്ടണത്തിലേ മിശ്ശൻസംഘത്തിന്റെ അഗ്രാസനരായ ഗ്രൌൾപണ്ഡിതരും അടുത്ത സമയം ചിറക്കല്ലിൽ വന്നു. മഹാ വിദഗ്ദ്ധനായ ഈ ശാസ്ത്രി സ്വന്തകണ്ണു കൊണ്ടു സംഭവങ്ങൾ ഏകദേശം ഒന്നും കണ്ടിട്ടില്ലെങ്കിലും നിത്യം പുസ്തകങ്ങൾ രചിച്ചു കൊണ്ടിരിക്കും. അദ്ദേഹം സായ്പിന്റെ എഴുത്തുകളെ നല്ലവണ്ണം ആരാഞ്ഞുനോക്കിയെന്നു മാത്രമല്ല, സായ്പിൽനിന്നു കേട്ടതു ഒക്കെയും സൂക്ഷ്മത്തോടേ എഴുതിവെക്കയും ചെയ്തു. തന്റെ ഈ യാത്രയെക്കൊണ്ടു പിന്നേത്തതിൽ പ്രബന്ധിച്ചു ഒരു വലിയ പുസ്തകത്തിൽ ഗുണ്ടൎത്ത് പണ്ഡിതരുടെ നൈപുണ്യത്തെയും വല്ലതും അറിയിപ്പാനുള്ള താല്പൎയ്യത്തെയും വളരേ ശ്ലാഘിച്ചു പറഞ്ഞിരിക്കുന്നു. ഒരു വൈകുന്നേരം അവരിരുവരും കൂടേ ഒരു പുരാണകോട്ടയുടെ ശേഷിപ്പുകളെ കാണ്മാൻ പോയപ്പോൾ ചില ആളുകൾ അവരിരുവരെയും കല്ലെറി

ഞ്ഞു. ഗ്രൌൽപണ്ഡിതരെ വിചാരിച്ചു ഗുണ്ടെത്ത്സായ്പു അന്യായം കൊടുത്തു. ആ ആഭാസന്മാൎക്ക നല്ല ശിക്ഷ കിട്ടിയപ്പോൾ ശേഷമുള്ളവർ അതിൽപ്പിന്നേ നല്ല ശീലം കാണിച്ചു. ൧൮൫൦-ാം കൊല്ലത്തിലേ ജുലായി മാസത്തിൽ സായ്പു മംഗലപുരത്തേക്ക പോയപ്പോൾ അച്ഛൻ മുമ്പേ എഴുതിയയച്ച പ്രകാരം തന്നേ അവിടത്തേ വൈദ്യനും തൊണ്ടെയുടെ ദീനത്തിന്നു മീനെണ്ണ നന്നായിരിക്കും എന്നു വിധിച്ചതു കേട്ടപ്പോൾ നായമാൻ യോൎദ്ദെൻറ വെള്ളങ്ങളെക്കൊണ്ടു കേട്ട സമയത്തിങ്കൽ വിചാരിച്ചതു പോലേ ഗുണ്ടെത്ത്പണ്ഡിതരും വിചാരിച്ചു. എങ്കിലും പ്രാൎത്ഥനയോടു കൂടേ അനുസരിച്ചു കാലക്രമേണ അതിനാൽ വളരേ ഗുണവും കണ്ടു. ഒരു പത്തുദിവസം കഴിഞ്ഞശേഷം വീണ്ടും വീട്ടുപ്രാൎത്ഥന കഴിപ്പാൻ സാധിച്ചു. മംഗലപുരത്തു പാൎക്കുമ്പോൾ ദീനക്കാരനായ മേഗ്ലിങ്ങ്സായ്പിന്നു എഴുത്തുപണിയിൽ ഓരോ സഹായങ്ങൾ ചെയ്തുകൂടാതെ ഷാംറാവോ എന്ന ഒരു ബ്രാഹ്മണ യുവാവിൻെറ മാനസാന്തരത്തിൽ അവന്നു പ്രയോജനമായി ഉതകത്തക്കവണ്ണം കൎത്താവു സായ്പിനെ അന്നു ഒരു ആയുധമായി പ്രയോഗിക്കയും ചെയ്തു. സപ്തെമ്പ്രമാസത്തിൻെറ അവസാനത്തിൽ വീണ്ടും ചിറക്കല്ലിൽ മടങ്ങി എത്തിയാറേ കനിഷ്ഠപുത്രനായ ദാവീദ് ജനിച്ചു. ഉറക്കേ സംസാരിപ്പാൻ അപ്പോഴും സാധിക്കായ്കയാൽ ഫെമ്രുവരി തുടങ്ങി ഒക്തോബർ വരേ നീലഗിരിയിൽ ചെന്നു താമസിച്ചു. അവിടേ വെച്ചു പ്രത്യേകമായി ദൈവവചനം ഭാഷാന്തരപ്പെടുത്തുവാൻ സന്തോഷത്തോടേ ഉത്സാഹിച്ചു. മേഗ്ലിങ്ങ് സായ്പും അപ്രകാരം തന്നേ നീലഗിരിയിൽ വെച്ചു കൎണ്ണാടക വേദപുസ്തകഭാഷാന്തരത്തെ തിരുത്തുന്ന പ്രവൃത്തി ചെയ്തു. അന്നു നീലഗിരിയിൽ ദൈവവചനം വിതെക്കുന്ന കാലം ആയിരുന്നു. ഒരൊററ ബഡകൻ പോലും വിശ്വസിച്ചിരുന്നില്ല. അതുകൊണ്ടു അവിടേ പ്രവൃത്തിച്ചിരുന്ന മേറിക്കേ, മെത്സ് എന്നീ വിശ്വസ്തരായ വേലക്കാരെ ആശ്വസിപ്പിച്ചു ധൈൎയ്യപ്പെടുത്തുവാൻ അത്യാവശ്യമായിരുന്നു. നീലഗിരിയിലേ വാസം അതിന്നും ഉതകി.

ആ സംവത്സരം തന്നേ ഒക്തോബർ ൧൯-ാം തിയ്യതി ചില പുതിയ ശുശ്രൂഷക്കാരോടു ഒന്നിച്ചു ബാസൽമിശ്ശൻെറ ഇൻസ്പെക്ടരായ യോസൻഹൻസ്സായ്പു മംഗലപുരത്തു എത്തി. ഇന്ത്യയിലേ മിശ്ശൻ പ്രവൃത്തിയെ പരിശോധന കഴിക്കേണ്ടതിന്നായിട്ടു മാത്രമല്ല, മേല്ക്കുമേൽ വൎദ്ധിച്ചുവരുന്ന ഈ പ്രവൃത്തിയെ ക്രമപ്പെടുത്തി, ഒരു സമുദായത്തിന്നൊത്ത വ്യവസ്ഥയെ സ്ഥാപിച്ചു ചട്ടമാക്കി തീൎപ്പാനായിട്ടുമാകുന്നു കമ്മട്ടിയാർ ഈ മഹാനെ അന്നു അയച്ചതു. അതുവരേ ഓരോ സ്റ്റേഷനിലേ മൂപ്പൻസായ്പു തനിക്ക ഉചിതമായി തോന്നുംവണ്ണം എല്ലാം പ്രവൃത്തിച്ചു

പോന്നിരിക്കേ മേലാൽ ഓരോ ഉദ്യോഗസ്ഥനും തന്നെത്താൻ ഒരു വലിയ സമുദായത്തിന്റെ അവയവമായി വിചാരിച്ചിട്ടു ബാസലിൽനിന്നു വരുന്ന കല്പന അനുസരിച്ചു എല്ലാം ചെയ്യേണ്ടതു എന്നു നിശ്ചയിച്ചു. അതു തൃപ്തികരമായ വിധത്തിൽ സാധിപ്പിക്കേണ്ടതിന്നായിട്ടു കമ്മട്ടിയാരുടെ സ്ഥാനാപതികൾ ആയി ചില ഉദ്യോഗസ്ഥന്മാരെയും ആലോചനസഭകളെയും ഏൎപ്പെടുത്തി. ഇപ്രകാരമാകുന്നു നമ്മുടെ മിശ്ശനിൽ ഇപ്പോൾ നടപ്പായിത്തീൎന്ന സഭാക്രമവും സഭാപരിപാലനാവിധവും ഉത്ഭവിച്ചു വന്നതു. ഗുണ്ടെൎത്ത് പണ്ഡിതൎക്കു ഈ വക ചട്ടങ്ങളും രാജ്യവ്യവസ്ഥയോടു തുല്യമായ ക്രമങ്ങളും സഹോദരഭരണവും രസമായി തോന്നീട്ടില്ലെങ്കിലും സമുദായത്തിന്നു ആകപ്പാടേയും പ്രവൃത്തിക്കാരിൽ മിക്ക പേൎക്കും ഈവക ഉപകാരമായി ഭവിക്കും എന്നു വിചാരിച്ചു അവർ അതിലും സമ്മതിച്ചു. ൫൨ ജനുവരിമാസത്തിൽ ഇൻസ്പെക്ടർസായ്പു ചിറക്കല്ലിൽ എത്തി. അന്നു വീണ്ടും മാപ്പിളമാരുടെ ഒരു ലഹളകൊണ്ടു നിവാസികൾ ഒക്കെയും ഞെട്ടി അമ്പരന്നു പോയിരുന്നു. മാപ്പിളമാർ ബ്രാഹ്മണരുടെ ഒരു ഇല്ലത്തു ചെന്നു ൧൮ പേരെ കൊന്നു കഷണം കഷണമാക്കിക്കളഞ്ഞു. ക്ഷേത്രങ്ങളെയും ഭവനങ്ങളെയും ചുട്ടു ഭസ്മമാക്കുവാനും തുടങ്ങി. ദൈവകൃപയാൽ അന്നു നമ്മുടെ ആളുകൾക്കു യാതൊരു ഹാനിയും സംഭവിച്ചില്ല. ഈ ലഹള ഉത്ഭവിക്കുന്നതിന്നു മുമ്പേ തന്നേ അയല്ക്കാർ പലരും സായ്പിൽ വളരേ ആശ്രയിച്ചു. രോഗം മുതലായ വിവിധമായ പ്രയാസങ്ങൾ നേരിടുമ്പോൾ സായ്പിന്റെ ആലോചനാസഹായങ്ങൾ അന്വേഷിപ്പാൻ തുടങ്ങിയിരുന്നു. ഈ അവസരങ്ങളിൽ ഒക്കെയും സായ്പു ആത്മരക്ഷയെക്കൊണ്ടു അവരോടു സംസാരിക്കയും അവരെ അതിന്നായി ക്ഷണിക്കയും ചെയ്തിരുന്നു. എന്നിട്ടും മിക്ക പേർ അന്നും ആത്മാവിന്റെ കാൎയ്യം അവിടേനില്ക്കട്ടേ എന്നു വെച്ചു സ്പൎശിപ്പാൻ കഴിയുന്നതിനെ മാത്രം വിലമതിച്ചുപോന്നു. ഈ സംബന്ധത്തിൽ ഗുണ്ടെൎത്ത് പണ്ഡിതരുടെ ചികിത്സയെക്കൊണ്ടു ഒന്നു രണ്ടു വാക്കു പറവാൻ ആവശ്യം തോന്നുന്നു. ഈ കാൎയ്യത്തിലും അവൎക്കു ആശ്ചൎയ്യമുള്ള ഒരു പ്രാപ്തിയുണ്ടായിരുന്നു. സൎവ്വവിദ്യാശാലയിൽനിന്നു വൈദ്യം അല്പം ശീലിച്ചു ശേഷം ഈ ദേശത്തിൽ വന്നതിൽ പിന്നേ പുസ്തകങ്ങളിൽനിന്നും വൈദ്യന്മാരോടുള്ള സംഭാഷണങ്ങളിൽനിന്നും വിശേഷിച്ചു അനുഭവത്തിൽനിന്നും വളരേ പഠിച്ചു. ഒരിക്കൽ കുടകിലേക്കു യാത്ര ചെയ്യുമ്പോൾ വഴിക്കൽവെച്ചു ഒരു മകൻ വണ്ടിയിൽനിന്നു വീണു കൈ പൊട്ടിപ്പോയി. ക്ഷണത്തിൽ അച്ഛൻ ഒരു മരത്തിൽനിന്നു ചില കൊമ്പുകളെ മുറിച്ചു കൊണ്ടുവന്നു ഉഴിഞ്ഞു നന്നാക്കി ഒരു വൈദ്യനെപ്പോലേ മകന്റെ കൈ അവയോടു ചേൎത്തു വരിഞ്ഞു കെട്ടി ശരിയാക്കി.

മററൊരിക്കൽ ഒരു പേനക്കത്തികൊണ്ടു മകന്റെ കരളിലുള്ള ഒരു കുരുവിനെ മുറിച്ചു. അല്പം മാത്രം തെററിപ്പോയിരുന്നെങ്കിൽ അന്നു മകന്നു പെട്ടന്നു പ്രാണഹാനി വന്നു പോകുമായിരുന്നു. അപ്രകാരം തന്നേ നാട്ടുകാരിലും അസംഖ്യരോഗികളെ സൌഖ്യമാക്കി. മരണാനന്തരം ഈ വക സഹായങ്ങൾ നിമിത്തം സായ്പിനെ ഹിന്തുക്കൾ പോലും ഒരു വൎത്തമാനക്കടലാസ്സിൽ വളരേ ശ്ലാഘിച്ചു പറഞ്ഞിരുന്നു. വസൂരി കൊണ്ടു മരിച്ചുപോയ ഒരാളെ ഒരിക്കൽ സ്വന്തകൈകൊണ്ടു കുഴിച്ചിട്ടിട്ടുമുണ്ടു പോൽ.

ഫിബ്രവരി മാസത്തിൽ ഇൻസ്പെക്ടർസായ്പിനോടു ഒന്നിച്ചു കോഴിക്കോട്ടിലേക്കു ചെന്നു അന്നുണ്ടായ വലിയ യോഗത്തിൽ ചേൎന്നു. അന്നു ചട്ടമാക്കിയ പുതിയ ക്രമങ്ങൾ ആദിയിൽ എല്ലാവൎക്കും ഒരു നുകം എന്ന പോലേ തോന്നിയാലും പ്രവൃത്തിയുടെ വൎദ്ധനെക്കായും ഓരോരുത്തന്റെ അനാമയത്തിന്നായും ഇവ കൂടാതെ കഴികയില്ല എന്നു ക്രമേണ കണ്ടു എല്ലാവരും സന്തോഷിച്ചു. ഗുണ്ടൎത്ത് പണ്ഡിതരെക്കൊണ്ടു യോസൻ ഹൻസ് സായ്പ് പറഞ്ഞതാവിതു: “അദ്ദേഹം ഏകദേശം മൌനവ്രതം ദീക്ഷിക്കുന്നെങ്കിലും പറയുന്ന അല്പം ചില വാക്കുകൾ വളരേ തിട്ടമായും ഖണ്ഡിതമായും പറയുന്നതുകൊണ്ടു അവ വേഗത്തിൽ ഫലിച്ചു മനസ്സിൽ ഉരുവായിത്തീരുന്നു.” കോഴിക്കോട്ടിൽനിന്നു ഇൻസ്പെക്ടർസായ്പിനോടു ഒന്നിച്ചു മംഗലപുരത്തേക്കും പോകേണ്ടിവന്നു. അവിടേവെച്ചു അമ്മൻ, വൈഗ്ലെ എന്നീ ഉപദേഷ്ടാക്കന്മാരോടു കൂടേ നമ്മുടെ പ്രാൎത്ഥനാപുസ്തകം പ്രബന്ധിച്ചുണ്ടാക്കി. പ്രയാസം തോന്നുന്ന ഓരോ ചോദ്യങ്ങളെ ഇൻസ്പെക്ടർസായ്പ് താന്തന്നേ തീൎച്ചപ്പെടുത്തി. “ഈ പുസ്തകം നമ്മുടെ സഭകൾക്കു ഒരു അനുഗ്രഹമായിത്തീരേണമേ! ഈ വക കാൎയ്യങ്ങൾ നിമിത്തം സഭയിൽ ഒരിക്കലെങ്കിലും ഒരു ശണ്ഠ ഉണ്ടാകരുതേ!” എന്നു അപേക്ഷിച്ചു കൊണ്ടു ആ പ്രവൃത്തിയും തീൎത്തു. അവസാനയോഗത്തിൽ ഹേബിക് സായ്പിന്റെ മുനിഷിയായ യാക്കോബ് രാമവൎമ്മൻ എന്ന പ്രഭുസുതൻ ഒരു ഉപദേഷ്ടാവിന്റെ വേല എല്ലാന്തക്കവണ്ണം പ്രാപ്തനായിത്തീരേണ്ടതിന്നു അദ്ദേഹം ചില സംവത്സരത്തോളം ഗുണ്ടൎത്ത് പണ്ഡിതരുടെ കീഴിൽ പഠിക്കേണ്ടതു എന്നു നിശ്ചയിച്ചു. ഇതിന്നിടയിൽ ഗുണ്ടൎത്ത് സായ്പിന്റെ സൌഖ്യം വൎദ്ധിച്ചു. ൧൮൫൯ ഏപ്രിൽ ൧൮-ാംനു വീണ്ടും ഒന്നാം പ്രാവശ്യം പ്രസംഗപീഠം കയറി ഒരു പ്രാൎത്ഥന കഴിപ്പാൻ സംഗതിയായി. സഭയോടു കൂടേ സ്തുതിച്ചു പ്രാൎത്ഥിപ്പാൻ സാധിച്ചതു ഒരു വലിയ അനുഗ്രഹമായി വിചാരിച്ചു. ചില ആഴ്ച കഴിഞ്ഞ ശേഷം അഞ്ചരക്കണ്ടിയിലേക്കു പോകുമ്പോൾ വഴിയിൽവെച്ചു കേവലം നനഞ്ഞുപോയെങ്കിലും അതിനാൽ തരക്കേടു ഒന്നും വരാതെ അരമണിക്കൂ

റോളം പ്രസംഗിച്ചു. മേയിമാസം വീണ്ടും കണ്ണനൂരിൽവെച്ചു പ്രസംഗിച്ചു. ആ സമയംതൊട്ടു ദിവസേന മൂന്നുമണിക്കൂറോളം അദ്ധ്യാപകവേലയും ചെയ്തുപോന്നു. ആ മാസത്തിൽ തന്നേ തലശ്ശേരിയിൽ വെച്ചു പുതിയനിയമത്തിലേ ലേഖനങ്ങളെ ഛാപിതമാക്കുവാനും തുടങ്ങി. ജൂലായി മാസത്തിൽ ൮൫ വയസ്സുള്ള ഒരു നായർ സായ്പിന്റെ വീട്ടിൽ വന്നു. മുമ്പേ എല്ലാവരെയും ചേലാകൎമ്മം ചെയ്വാൻ ഭാവിച്ച ടിപ്പുസുല്ത്താന്റെ ആളുകളോടു ഇംഗ്ലീഷുകാർ എതിരിടുന്നതു വരേ കാട്ടിൽവെച്ചു ധൈൎയ്യത്തോടേ യുദ്ധം ചെയ്ത ഈ വൃദ്ധൻ കീൎത്തിപ്പെട്ട ഒരു യുദ്ധവീരനും അന്നത്തേ യുദ്ധപ്പാട്ടുകളുടെ ഗായകനും ആയിരുന്നു. ആ യുദ്ധത്തിൽ അതിഭയങ്കരമായ സാഹസങ്ങൾ കണ്ടനുഭവിച്ച ഈ നായകൻ ഇംഗ്ലീഷുകോയ്മയാൽ ഉണ്ടായ്വന്ന സമാധാനത്തിൽ ആ കാലത്തു വളരേ സുഖമായി ജീവിച്ചുപോന്നു. ഈ വയസ്സന്റെ മനസ്സു ഏകദേശം കല്പിച്ചു പോയിരുന്നതുകൊണ്ടു ദൈവവചനപ്രസംഗം ബോധിപ്പാൻ അദ്ദേഹത്തിന്നു മിക്കവാറും പ്രയാസം തോന്നി. ഒടുക്കം താൻ ഇക്കാൎയ്യത്തിൽ ശ്രദ്ധവെച്ചു ദിവ്യപ്രകാശത്തിന്നായി ദൈവത്തോടു അപേക്ഷിക്കും എന്നു വാഗ്ദത്തം ചെയ്തു വീട്ടിലേക്കു പോയി. ഈ വയോധികൻ പ്രയാസം കൂടാതെ ദിവസേന ൨൰ നാഴികയോളം നടന്നു ഒരു യുവാവു എന്ന പോലേ ചിന്താഹീനനായി തന്റെ ജീവനാൾ കഴിക്കുന്നു എന്നു സായ്പു അവനെക്കൊണ്ടു എഴുതിയിരിക്കുന്നു.

ആ മാസത്തിൽ തന്നേ സായ്പ് ൫൦ പെങ്കുട്ടികളെയും സ്ഥിരീകരണത്തിന്നായി ഒരുക്കുവാൻ ആരംഭിച്ചു. ഏകദേശം ഒരു കൊല്ലം കഴിഞ്ഞ ശേഷം സ്ഥിരീകരണോത്സവം കൊണ്ടാടുന്ന സമയത്തിങ്കൽ "ഈ പത്തിൽ ൧ യേശുവിന്നുള്ളവർ" എന്നു ആശയോടേ പറഞ്ഞു. ആ കൊല്ലത്തിൽ ചില ഇംഗ്ലീഷുനായകന്മാരും പടയാളികളും ദൈവവചനം താല്പൎയ്യത്തോടേ കേട്ടു മാനസാന്തരപ്പെട്ടപ്രകാരം സായ്പിന്റെ എഴുത്തുകളിൽനിന്നു വായിക്കുന്നു. ഇതിനാൽ ശത്രുത്വവും വിരോധവും അത്യന്തം വൎദ്ധിച്ചു. ഈവക മാനസാന്തരത്തിൽ സായ്പ് അത്യന്തം സന്തോഷിച്ചാലും ഹിന്തുക്കളുടെ ഇടയിൽ കാണുന്ന ഉദാസീനത നിമിത്തം കൂടക്കൂടേ ഞരങ്ങുകയും ചെയ്തിരിക്കുന്നു. ഒരിക്കൽ ഒരു പണ്ഡിതശ്രേഷ്ഠൻ വന്നു പുതിയനിയമത്തിലേ ഓരോ അദ്ധ്യായങ്ങളെ സംസ്കൃതശ്ലോകങ്ങളിൽ പരിഭാഷപ്പെടുത്തുകയും ഹിന്തുക്കളുടെ ദേവന്മാരെക്കാൾ ദൈവനരനാകുന്ന യേശുവിനെ അത്യന്തം സ്നേഹിക്കയും ചെയ്തെങ്കിലും പാപബോധം, അനുതാപം എന്നീ കാൎയ്യങ്ങളെക്കൊണ്ടു ലേശംപോലും ഗ്രഹിക്കാതെ രക്ഷാകാൎയ്യത്തെക്കൊണ്ടു നിത്യം പുഞ്ചിരിയോടേ സംസാരിച്ചതേയുള്ളു. ചിറക്കല്ലിലേ രാജാവു വീണ്ടും ഒരിക്കൽ സായ്പിന്റെ അടു

കൽ വന്ന ശേഷം സായ്പ ഒരു കത്തിൽ "ഈ മഹാന്മാരെക്കൊണ്ടു എനിക്കു ആശ അല്പം മാത്രമേയുള്ളു. എന്നാൽ അപ്രകാരം തന്നേ സാധുക്കൾക്കും ഏററവും എളുപ്പമായതു ബോധിപ്പാനായിട്ടു പല വൎഷങ്ങൾ വേണ്ടിവരുന്നതുകൊണ്ടു അവരും വലിയോരെ പോലേ ബദ്ധരത്രേ എന്നേ പറവാനുള്ളു. പുതിയ ജീവൻ എവിടേനിന്നു ഉത്ഭവിച്ചുവരും എന്നറിയാ. എന്നിട്ടും ദൈവത്തിന്റെ നാഴിക ഉദിക്കുമ്പോൾ അതു വരാതിരിക്കയില്ല നിശ്ചയം. 'എത്ര താമസം' എന്നു മാത്രം കൂടക്കൂടേ ഉള്ളിൽ ചോദിക്കേണ്ടിവരുന്നു. കഴിഞ്ഞ കൊല്ലത്തിൽ ഇംഗ്ലീഷ്കാരിൽനിന്നു എത്രപേർ വന്നാലും ജാതികളിൽനിന്നു ഒരുത്തനെ പോലും സ്നാനപ്പെടുത്തുവാൻ സാധിച്ചില്ല. സഭക്കാരിൽ ചിലർ പാപങ്ങളിലകപ്പെട്ടുതാനും" എന്നെഴുതി. ൧൮൨-ാം കൊല്ലത്തിൽ സായ്പ മേഗ്ലിങ്ങ്സായ്പിന്നു പകരം മിശ്ശന്റെ അഗ്രാസനരായി തീൎന്നതുകൊണ്ടു കത്തുകളെഴുതുന്നതിൽ വളരേ സമയം ചെലവഴിക്കേണ്ടിവന്നു. എന്നാൽ കത്തെഴുതുകയാകട്ടേ കണക്കു ചെയ്കയാകട്ടേ ഏതു പണി ചെയ്താലും എല്ലാററിലും എത്രയും സൂക്ഷ്മതയും വിശ്വസ്തതയും കാണിച്ചു. ഈ വക പണിയിൽ സായ്പിന്നു രസം തോന്നീട്ടില്ലെങ്കിലും ഇതിന്നായി തന്നേ സായ്പ ജനിച്ചു എന്നു തോന്നത്തക്കവണ്ണം അതിലും വളരേ പ്രാപ്തിയും ശുഷ്കാന്തിയും കാട്ടി.

ഈ നാട്ടിൽ നടക്കുന്ന മിശ്ശൻപ്രവൃത്തിയെ സംബന്ധിച്ചു പലവക കാൎയ്യങ്ങൾ അന്നു കൂടക്കൂടേ കമ്മട്ടിയാരോടു ഉണൎത്തിപ്പാൻ സംഗതി വന്നതിനാൽ മിശ്ശൻവേലയുടെ ഭാരവും വേണ്ടുവോളം അനുഭവിപ്പാനിടയായി. അഭിപ്രായഭേദങ്ങളും ചിലപ്പോൾ സംഭവിച്ചു. വിശേഷിച്ചു അന്നു നാട്ടുഭാഷ വിചാരിയാതെ ഉപദേഷ്ടാക്കന്മാരെ നിത്യം ഒരു സ്ഥലത്തുനിന്നു മറെറാരു സ്ഥലത്തേക്കു മാററുന്നതിൽ ഗുണ്ടെൎത്ത് പണ്ഡിതൎക്കു വളരേ അനിഷ്ടം തോന്നി. ആ സമയത്തു മിശ്ശന്റെ ആയം വളരേ കുറഞ്ഞുപോയതുകൊണ്ടു ബാസലിൽനിന്നു വന്ന കത്തുകളിലെല്ലാം "നിങ്ങൾ വ്യയത്തെ ചുരുക്കിക്കളവാൻ ശ്രമിക്കേണം" എന്നു എഴുതിയിരുന്നു. അതിനാൽ സായ്പ നന്ന ബുദ്ധിമുട്ടിപ്പോയി. ൧൩ മാൎച്ച് ൩-ാംനു യോസൻഹൻസ്സ് ഇൻസ്പെക്ടർ എഴുതിയ ഒരു കത്തിൽനിന്നു ഈ മഹാൻ ഒരു കീഴുദ്യോഗസ്ഥനോടു തന്റെ ഹൃദയം തുറന്നു പറയുന്നപ്രകാരം നല്ലവണ്ണം തെളിയും. "ഈ ഞെരുക്കകാലത്തെ വിചാരിച്ചാൽ നാമും മിശ്ശൻവേലയോടൊന്നിച്ചു താണുപോകുംസമയം വന്നിരിക്കുന്നു എന്നു കാണുന്നു. മററുള്ളവരുടെ മാനസാന്തരത്തിന്നായി ശ്രമിക്കുമളവിൽ നാം തന്നേ നശിച്ചുപോകാതെകണ്ടിരിപ്പാനും അധികം ഫലം കാണ്മാനും തക്കവണ്ണം മിശ്ശൻവേലയുടെ ചുററിലുമുള്ള എല്ലാ കാൎയ്യവും പ്രതാപവും മങ്ങി നമ്മെ ദീനതച്ചൂളയിൽ ശോധന ചെയ്വാനാവശ്യമാകുന്നു. യേശുക്രിസ്തൻ താന്ത

ന്നേ തന്റെ രാജ്യത്തെ സ്ഥാപിച്ചു വിശാലമാക്കയും പുറജാതികളെയും നമ്മെയും നിത്യവിശ്വസ്തതയോടേ സേവിക്കയും അത്യന്തം പതിതരായി ചമഞ്ഞവരെ എഴുനീല്പിപ്പാൻ ശക്തനാകയും ചെയ്യുന്നു എന്നതത്രേ എന്റെ ഏക ആശ്വാസം ആയിരിക്കുന്നതു. ഉദ്യോഗസംബന്ധമായി ഞാൻ ചെയ്ത എല്ലാ പാപങ്ങളെയും അവൻ തന്നേ എന്നോടു ക്ഷമിച്ചു ഞാൻ ചെയ്ത പ്രവൃത്തികളിലേ കുറവുകളൊക്കേ തീൎത്തു തെറ്റുകൾ എല്ലാം നന്നാക്കിത്തരട്ടേ! തന്റെ കാലം വരുമ്പോൾ എനിക്കു സഹായം അയക്കയും ചെയ്യട്ടേ!” എന്നു അവർ എഴുതിയിരുന്നു. ഗുണ്ടൎത്ത് പണ്ഡിതർ എഴുതിയ കത്തുകളെയും കമ്മട്ടിയാർ അത്യന്തം വിലമതിച്ചു. കമ്മട്ടിയിൽ സ്നേഹിതനായ ഒരു അംഗം ഒരു കത്തിൽ എഴുതിയതു എന്തെന്നാൽ: “നിന്റെ കത്തുകൾ എനിക്കു മാത്രമല്ല, കമ്മട്ടിയിലേ എല്ലാ അംഗങ്ങൾക്കും ഉണ്മയായ ആശ്വാസവും സാക്ഷാൽ ഒരു തണുപ്പും വരുത്തുന്നവയാകുന്നു. നീ നമ്മുടെ വേലയുടെ ഊനങ്ങളെ അശേഷം മറെച്ചുവെക്കാതെ എല്ലാം ഉള്ളപ്രകാരം വെളിപ്പെടുത്തി തരുന്നെങ്കിലും നിന്റെ സകലപത്രങ്ങളിലും വ്യാപിക്കുന്ന വിശ്വാസധൈൎയ്യങ്ങൾ നിന്നെ താങ്ങുന്നതുപോലേ തന്നേ ഞങ്ങളെയും ശക്തീകരിക്കുന്നു. മുഴുകമ്മട്ടിയാൎക്കു നീ വലിയൊരു ആശ്വാസം ആയിരിക്കുന്നതു കൂടാതെ നിന്റെ വിശ്വസ്തതയും സ്നേഹവും താഴ്മയും നിൎമ്മലതയും വിവേകവും വിശേഷിച്ചു നിത്യജീവനിൽനിന്നു ഉത്ഭവിച്ചു വരുന്ന നിന്റെ വിശ്വാസവും ഞങ്ങൾക്കെല്ലാവൎക്കും വനത്തിൽ നിന്നു പുറപ്പെന്നൊഴുകുന്ന വെള്ളം എന്നപോലേ തോന്നുന്നു. നിന്നെ ധൈൎയ്യപ്പെടുത്തേണ്ടതിന്നു ഞാൻ അതു കള്ളി തുറന്നു നിന്നോടു പറയുന്നു.”

ആ സമയത്തു കൂടക്കൂടേ വിരഹതാപവും വീട്ടിൽ പ്രവേശിച്ചു. ൧൮൰-ാം കൊല്ലത്തിന്റെ അവസാനത്തിൽ വയസ്സനായ അച്ഛൻ കൎത്താവിൽ നിദ്രപ്രാപിച്ചു. ഈ മരണവാൎത്ത കേട്ടാറേ ഈ വിശ്വസ്തനായ അച്ഛൻമുഖാന്തരം ദൈവം ചെയ്ത എല്ലാ കൃപാവേലകളെയും മകൻ ഓൎത്തു ദൈവത്തിന്നു കണ്ണുനീരോടു കൂടേ സ്തോത്രം ചൊല്ലി. അന്നു തന്റെ രണ്ടാം അമ്മെക്കു ഒരു കത്തെഴുതി. അതിൽ യേശു കൎത്താവിന്റെ അമിതമായ പുണ്യമാഹാത്മ്യതയെക്കൊണ്ടും കൎത്താവു പ്രാപിച്ച നിത്യദിഗ്ജയത്തെക്കൊണ്ടും വിവരിച്ചു. അതിനാൽ അമ്മയെ ആശ്വസിപ്പിക്കയും ചെയ്തു. ആ സമയം മൂത്ത മകന്നു എഴുതിയ ഒരു കത്തിൽ എബ്രായർ ൧൨, ൧-ാം വാക്യപ്രകാരം മൂത്തച്ഛനെ മാതിരിയാക്കി അവർ മുന്നടന്ന വഴിയിൽ പിഞ്ചെല്ലേണ്ടതിന്നു വളരേ പ്രബോധിപ്പിച്ചു. “നീ മുതിൎന്നു ആളുകളോടു അധികമായി പരിചയിക്കുമ്പോൾ മൂത്തച്ഛന്റെ മുഖ്യമായ ഗുണങ്ങൾ തികഞ്ഞ ഏകാഗ്രതയും പരമാൎത്ഥമായ താഴ്മയും ആയിരുന്നു എന്നു കാണും. നിന്നെ അവരോടു ഒപ്പിച്ചു നോക്കിയാലോ

നിന്നിൽ കേവലം ബാഹ്യഭാവവും മൂത്തച്ഛനിൽ അതിന്റെ നേരേ വിപരീതവും കാണായ്വരും. അവർ പുറമേ വിളങ്ങിച്ചതിനെക്കാൾ അത്യന്തം അധികമായി ഉള്ളിൽ ധരിച്ചു. നീയോ കൂടക്കൂടേ നിനക്കില്ലാത്തതായ ഭാവം നടിക്കുന്നു. അതിനാൽ മൂത്തച്ഛന്നു അനുഗ്രഹവും നിനക്കും നിന്നെപ്പോലത്തേവൎക്കും ചഞ്ചലവും അത്രേ ഉണ്ടായുള്ളൂ. ഈ രണ്ടു ഭാവങ്ങളും ഒന്നാകുവാൻ അസാദ്ധ്യം. മനന്തിരിഞ്ഞു കുട്ടിയായി ചമയുന്നതത്രേ സാക്ഷാൽ പുരുഷനായി തീരുവാൻ ഏകവഴി. ഇതു നിനക്കു ബോധിക്കുന്നുവോ? പക്ഷേ ബോധിക്കും എങ്കിലും ഇതിന്നായി കാംക്ഷിക്കുന്നുവോ? നിനക്കു ഇഷ്ടമുണ്ടോ ഇല്ലയോ എന്നത്രേ ഈ കാൎയ്യത്തിൽ ഏകചോദ്യമായിരിക്കുന്നതു. എനിക്കു അതിന്നു ഇഷ്ടം ഉണ്ടു എന്നു ദൈവം അറിയുന്നു. ഒടുക്കം "നല്ലവനും വിശ്വസ്തനുമായ ദാസനേ" എന്ന വാക്കു കൎത്താവിൻ വായിൽനിന്നു കേൾപ്പാൻ സാധിച്ചാൽ ലോകത്തിന്നു എന്നെക്കൊണ്ടുള്ള അഭിപ്രായം എന്തു എന്നു ഞാൻ ചോദിക്കയില്ല. ഇതിലത്രേ എന്റെ അഭിമാനം കിടക്കുന്നതു. ഈ ലാക്കിൽ ഗുണ്ടെൎത്ത് എന്ന കച്ചവടക്കാരനും അവരുടെ അച്ഛനായ ഗുണ്ടെൎത്ത് എന്ന അദ്ധ്യാപകനും എത്തിയിരിക്കുന്നുവല്ലോ. ഗുണ്ടെൎത്ത് എന്ന ഉപദേഷ്ടാവും കൂടേ കുഡുംബസഹിതം അങ്ങെത്തിയാൽ എന്തൊരു ഭാഗ്യമായിരിക്കും!" ചിലമാസം കഴിഞ്ഞശേഷം ഫ്രെദ്രിക്, പൌൽ എന്നീ രണ്ടു മക്കളെയും വിലാത്തിക്കു അയക്കേണ്ടി വന്നു. ഇതിനാലുളവായ വിരഹതാപം ഗുണ്ടെൎത്ത് പണ്ഡിതൎക്കും മദാമ്മെക്കും അല്പമല്ലയായിരുന്നു. കുട്ടികളെ എല്ലാപ്പോഴും കത്തെഴുതുവാനായിട്ടു ഉത്സാഹിപ്പിച്ചു. ഒരു കത്തിൽ "സമയം ചെല്ലുന്തോറും നിങ്ങളുടെ ഖേദം കുറഞ്ഞുപോകുന്നെങ്കിലും അമ്മയച്ഛന്മാരുടെ വിരഹതാപത്തിന്നു ഒരു ഭേദവും വരുന്നില്ല" എന്നെഴുതി. വൈഗ്ലെ സായ്പിന്റെ മദാമ്മ ൧൮൫൫ലേ മാൎച്ച് മാസത്തിൽ ചിറക്കല്ലിൽ വന്നു അതിശയമാന്ന ഓരോ പ്രാപ്തിവരങ്ങളാൽ സായ്പിനെയും മദാമ്മയെയും അത്യന്തം സന്തോഷിപ്പിച്ചു. രണ്ടു മാസം മാത്രം കഴിഞ്ഞപ്പോഴേ വൈഗ്ലെ ഉപദേഷ്ടാർ മരിച്ചു എന്ന സങ്കടവൎത്തമാനം കേൾപ്പാനിടയായി. എത്രയും വിദഗ്ദ്ധനായ ഈ ഉപദേഷ്ടാവു ൨൦ സംവത്സരത്തോളം ഗുണ്ടെൎത്ത് പണ്ഡിതരുടെ ഉറ്റചങ്ങാതിയായിരുന്നു എന്നു ഓൎത്താൽ സായ്പിന്നു ഈ മരണവൎത്തയാൽ ഉണ്ടായ ഖേദം എത്ര എന്നു ഊഹിക്കാമല്ലോ. ദുഃഖാധിക്യത്തിൽ മഗ്നനാകാതിരിക്കേണ്ടതിന്നു ആ കൊല്ലത്തിൽ തന്നേ ആശ്വാസകരമായ ഒരു വൎത്തമാനവും വിലാത്തിയിൽനിന്നു കിട്ടി. രണ്ടു പുത്രന്മാരെ കണ്ണൂരിൽനിന്നു കപ്പൽ കയററി ചിറക്കല്ലിലേക്കു മടങ്ങി വരും വഴിയിൽ അതിദുഃഖിതനായ അച്ഛന്നു ഒരു കത്തു കിട്ടി. അതിൽ

രണ്ടാം മകനായ ശമുവേൽ മാനസാന്തരപ്പെട്ടു എന്നും മിശ്ശനരിയായി ത്തീരുവാൻ മുതിൎന്നിരിക്കുന്നു എന്നും എഴുതിയതു വായിച്ചു അത്യന്തം ആശ്വസിച്ചു. ഈ ശമുവേൽ അച്ചൻെറ അനന്തരവനായി ഹിന്തുദേശത്തിൽ ൧൦ സംവത്സരം പ്രവൃത്തിച്ച ശേഷം മംഗലപുരത്തു വെച്ചു ൧൮൮൦-ാം കൊല്ലത്തിൽ അന്തരിച്ച വിവരം പലരും ഓൎക്കുന്നുവല്ലോ. ഇംഗ്ലീഷുസ്നേഹിതരുടെ ഇടയിലും സായ്പിനെ വളരേ വ്യസനിപ്പിച്ച ഒരു മരണം സംഭവിച്ചു. ഡക്ടർ ഫൂലിസ് (Dr. Foulis) നടപ്പുദീനത്താൽ ജയഘോഷത്തോടേ കൎത്താവിൻെറ സന്തോഷത്തിൽ പ്രവേശിച്ചപ്പോൾ ഗുണ്ടൎത്ത് പണ്ഡിതർ “ഈ വിധമായ സന്മരണം യേശുശിഷ്യൎക്കൊക്കെക്കും ആശ്വാസകരമായ ഒരു വൃത്താന്തം അത്രേ. ഈ സഹോദരൻ വീണ്ടും വീണ്ടും ഞാൻ ആരിൽ വിശ്വസിക്കുന്നു എന്നു ഞാൻ അറിയുന്നു എന്നും നമുക്കു ഒരു തികഞ്ഞ രക്ഷയുണ്ടു എന്നും എനിക്കു പൂൎണ്ണതൃപ്തിയുണ്ടു എന്നും മറ്റുള്ളവരുടെ കഷ്ടങ്ങളോടു ഒപ്പിച്ചുനോക്കിയാൽ എൻെറ കഷ്ടങ്ങൾ ലഘുവായവയത്രേ എന്നും പറഞ്ഞതുകേട്ടപ്പോൾ ഇത്ര പൂൎണ്ണനിശ്ചയത്തോടു കൂടേ എൻെറ അവസാനനാഴികയിൽ ഞാനും കൎത്താവിൻെറ സന്തോഷത്തിൽ പ്രവേശിപ്പാൻ സംഗതിയായാൽ എന്തൊരു ഉത്തമഭാഗ്യം ആയിരിക്കും!” എന്നു പറഞ്ഞു. മാനസാന്തരപ്പെട്ട ചില ഇംഗ്ലീഷ്കാരെക്കൊണ്ടു സായ്പിന്നു വളരേ സന്തോഷമുണ്ടായിരുന്നെന്നു മുമ്പേ പറഞ്ഞുവല്ലോ. വിശേഷിച്ചു ഗോമ്പെൎത്സ് (Gompertz) എന്ന നായകൻ സായ്പിനെ നിത്യം വളരേ സന്തോഷിപ്പിച്ചു. കണ്ണനൂരിൽ വെച്ചു മാനസാന്തരപ്പെട്ട ചില ഇംഗ്ലീഷ്കാരുടെ പുതിയ ജീവൻ ചിലപ്പോൾ വിലാത്തിയിൽ ഇരിക്കുന്ന സംബന്ധക്കാരെയും ജീവിപ്പിപ്പാൻ മതിയായിരുന്നു എന്നു സാക്ഷീകരിക്കുന്ന ദൃഷ്ടാന്തങ്ങൾ പലതും ഉണ്ടു. ഒരിക്കൽ ഒരു നായകൻ അയല്ലാണ്ട് ദേശത്തേക്കു അയച്ച ഒരു കത്തു ൯൦ വയസ്സുള്ള അദ്ദേഹത്തിൻെറ മുത്താച്ചി വായിച്ചു; ജീവകാലം മുഴുവനും ഭക്തിയെ വെറുത്തു രക്ഷ എനിക്കാവശ്യമില്ല എന്നു പറഞ്ഞ ആ കിഴവി ആ കത്തു വായിച്ചശേഷം “അയ്യോ! എൻെറ കാൎയ്യം എന്തായിത്തീരും? ഞാൻ എന്തു ചെയ്യേണ്ടു എന്നു ആൎക്കും എന്നോടു പറവാൻ കഴിവില്ലേ?” എന്നു ചോദിച്ചപ്പോൾ പൌത്രി തക്കതായ ഉത്തരം കൊടുത്തു. മുത്താച്ചിയോ ഒടുക്കം ഭാഗ്യമേറിയ ഒരു ദൈവമകളായി മരിച്ചു. ചില ഇംഗ്ലീഷുസഹോദരന്മാരോടു ഗുണ്ടൎത്ത് പണ്ഡിതർ ജീവപൎയ്യന്തം സംസൎഗ്ഗം ചെയ്തുപോന്നു. കുട്ടികൾ പോലും സായ്പിൻെറ ചങ്ങാതിത്വത്തിൻെറ ഫലങ്ങൾ അനുഭവിച്ചിരിക്കുന്നു.

ഇനിയൊരു വിരഹതാപത്തെ കഥിപ്പാൻ ആവശ്യം തോന്നുന്നു. ചില സംവത്സരത്തോളം സായ്പിന്റെ കുഡുംബത്തിലേ ഒരു അവയവം ആയിരുന്ന എലിസബെത്ത് ബ്ലേൻസ്ഫോൎത്ത് എന്ന യുവതി വിവാഹം നിമിത്തം അവരെ വിട്ടു പിരിയേണ്ടി വന്നു. ഒരിക്കൽ വെള്ളത്തിൽ വീണു മുങ്ങി ചാവാറായ സമയത്തിങ്കൽ ഗുണ്ടൎത്ത്പണ്ഡിതരാകുന്നു ഈ കുട്ടിയുടെ പ്രാണനെ രക്ഷിച്ചതു. ഈ പോററുമകൾ പിന്നേത്തതിൽ നമ്മുടെ പ്രിയ ഡീൽസ് സായ്പിന്റെ മദാമ്മയായിത്തീൎന്നു. അവർ എത്രയും വിശ്വസ്തതയുള്ള സഹായിനിയും അമ്മയുമായി ഈ നാട്ടിൽ പ്രവൃത്തിച്ച ശേഷം ചില സംവത്സരങ്ങൾക്കു മുമ്പേ നിദ്രപ്രാപിച്ചു. ചില സംവത്സരങ്ങളോളം ഗുണ്ടൎത്ത്പണ്ഡിതരോടു കൂടേ പ്രവൃത്തിച്ച ഡീൽസ് ഉപദേഷ്ടാവു ഗുണ്ടൎത്ത്പണ്ഡിതരുടെ സ്മരണെക്കായി എഴുതിയ ഒരു പത്രത്തിൽ സായ്പിൽ പ്രത്യേകമായി കാണ്മാനുണ്ടായിരുന്ന ആൎദ്രസ്നേഹത്തെയും താഴ്മയെയും നിഷ്പക്ഷഭാവത്തെയും ശ്ലാഘിച്ചു പറഞ്ഞിരിക്കുന്നു. അതു കൂടാതെ ഗുണ്ടൎത്ത്പണ്ഡിതർ ഒരു പ്രാൎത്ഥനാപുരുഷനായിരുന്നു എന്നു ഡീൽസ് ഉപദേഷ്ടാവു എഴുതിയതിൽ ഗുണ്ടൎത്ത്പണ്ഡിതരുടെ പ്രാൎത്ഥന കേട്ട ഏവരും സമ്മതിക്കാതിരിക്കയില്ല. ഒരു ശിശു എന്ന പോലേ ദൈവത്തോടു സംസാരിക്കുന്നതു കേട്ടാൽ നിത്യം ദൈവസന്നിധിയിൽ നിന്നുകൊണ്ടു സ്വൎഗ്ഗസ്ഥനായ പിതാവിനോടു സാക്ഷാൽ പരിചയിച്ച ഒരു മനുഷ്യന്നു മാത്രമേ ഇവ്വണ്ണം പ്രാൎത്ഥിപ്പാൻ കഴികയുള്ളു എന്നു അനുമിക്കാതിരിപ്പാൻ കഴികയില്ല. പ്രാൎത്ഥനകളെ ദൈവം കേട്ടു പ്രസാദിക്കയും ഉത്തരം കല്പിക്കയും ചെയ്തിട്ടുമുണ്ടു. ഛൎദ്ദ്യതിസാരത്താൽ അത്യാസന്നസ്ഥിതിയിൽ കിടന്ന മദാമ്മ സൌഖ്യംപ്രാപിക്കയും കണ്ണൂരിൽ ഒരിക്കൽ ഒരു വലിയ തീ പിടിച്ചപ്പോൾ സായ്പിന്റെ പ്രാൎത്ഥനയാൽ അതു കെട്ടുപോകയും ചെയ്തതു അതിന്നു ദൃഷ്ടാന്തങ്ങൾ അത്രേ.

ഇതിന്നിടയിൽ ചിറക്കല്ലിലേ പാഠശാലയിൽ കുട്ടികൾ മേല്ക്കുമേൽ പെരുകി. പുതുതായി ചേരുന്ന കുട്ടികളെ ശിക്ഷിച്ചു വളൎത്തുന്നതിൽ പലപ്പോഴും അല്പമല്ലാത്ത പ്രയാസം നേരിട്ടു. ഗുണ്ടൎത്ത്പണ്ഡിതർ ചിലപ്പോൾ ദുരാത്മാക്കളെ ചൂരൽകൊണ്ടു പുറത്താക്കി. എന്നാൽ ശിക്ഷയും സ്നേഹത്തിൽനിന്നത്രേ ഉത്ഭവിക്കുന്നതു എന്നു കുട്ടികൾ അനുഭവിച്ചു. അതുകൊണ്ടു പലരും ജീവപൎയ്യന്തം നന്ദിഭാവം കാണിച്ചു പോന്നു. ശാലയിൽനിന്നുത്ഭവിച്ച സന്തോഷകരമായ ഒരു ഫലം അബ്രഹാം മൂളിയിൽ എന്ന നാട്ടുബോധകന്റെ ഭാൎയ്യയായിരുന്നു. അവൾ ൧൮൮൯-ാം കൊല്ലത്തിൽ സ്വസ്ഥതയിൽ പ്രവേശിച്ചപ്പോൾ ഭൎത്താവു ഗുണ്ടൎത്ത്പണ്ഡിതൎക്കു ഒരു കത്തിൽ എഴുതിയതാവിതു: "൬൮ സംവത്സരങ്ങൾക്കു മുമ്പേ ഗുണ്ടൎത്ത്മദാമ്മയുടെ കൈയിൽനിന്നു ഈ ദൊക്കാസി

നെ എനിക്കു ലഭിച്ചതുകൊണ്ടു ഞാൻ ദൈവത്തിന്നു സ്തോത്രം ചൊല്ലുന്നു. ഗുണ്ടെത്ത് മദാമ്മയുടെ ഈ കുട്ടി ദിവസേന പ്രാൎത്ഥനയിൽ സ്തോത്രത്തോടേ പോററമ്മയെയും ഓൎത്തിരുന്നു. ദൈവം എനിക്കു ഇങ്ങിനത്തെ ഒരു ഭാൎയ്യയെ നല്കിയതുകൊണ്ടു മേലാലും വളരേ നന്മകൾ എനിക്കു വേണ്ടി സൂക്ഷിച്ചു വെച്ചിരിക്കുന്നു എന്നതിന്നു ഇതു മതിയായ സാക്ഷ്യം ആകുന്നു. അവൾക്കു വളരേ ബുദ്ധിയുണ്ടായിരുന്നു. അവൾ ദരിദ്രരോടും അതിഥികളോടും എത്ര സഹതാപവും മററുള്ളവരോടു പെരുമാറുന്നതിൽ എത്ര സുശീലവും ദയയും കാണിച്ചു. കൎത്തൃവേലെക്കായി എന്നെ നിത്യം ഉത്സാഹിപ്പിച്ചു. പ്രസംഗയാത്ര ചെയ്യുന്നതിൽനിന്നു എന്നെ ഒരിക്കലും തടുത്തിട്ടില്ല. അതിന്നു പകരമായി കൎത്താവിന്നു വേണ്ടി വല്ലതും ചെയ്യേണ്ടതിന്നു എന്നെ എല്ലായ്പോഴും ധൈൎയ്യപ്പെടുത്തുകയത്രേ ചെയ്തതു”.

അതു വിചാരിച്ചാൽ മേല്പറഞ്ഞ സല്ഗുണങ്ങൾ ഒക്കെയും അതിവിശേഷമായി പ്രത്യക്ഷമാക്കിയ ഗുണ്ടെത്ത് മദാമ്മെക്കു ഈ ദൊക്കാസ് എത്രയും യോഗ്യയായ ഒരു പോററുമകൾ ആയിരുന്നു എന്നതു സ്പഷ്ടം. ദൊക്കാസമ്മയുടെ മകളായ യാസ്യേലും താഴ്മയോടും സ്നേഹത്തോടുംകൂടേ കുഡുംബത്തിൽ പെരുമാറുകയും പുറമേയും തളരാതെ സാക്ഷ്യം ചൊല്ലുകയും ചെയ്തശേഷം ൫൬-ാം വയസ്സിൽ ഭയങ്കരമായ യാതനകളിൽ കൂടി നിത്യസന്തോഷത്തിലേക്കു പ്രവേശിച്ചു. അമ്മയുടെ ദീനശയ്യയരികേ നില്ക്കുവേ ഒരു മകനും മാനസാന്തരപ്പെട്ടു സത്യവിശ്വാസത്തിലെത്തി. അദ്ദേഹം ഇപ്പോൾ ഒരു വലിയ പാഠശാലയുടെ തലവനായി പ്രവൃത്തിച്ചു വരുന്നു. ഗുണ്ടെത്ത് പണ്ഡിതരെയും ശമുവേൽ ഗുണ്ടെത്ത് ഉപദേഷ്ടാവിനെയും അദ്ദേഹം ഇന്നും കൃതജ്ഞതയോടേ ഓൎക്കുന്നുണ്ടു. അദ്ദേഹത്തിന്റെ അച്ഛനായ അബ്രഹാം മൂളിയിൽ അയ്യന്റെ മാനസാന്തരം ഗുണ്ടെത്ത് പണ്ഡിതർ എല്ലായ്പോഴും ഏററവും സന്തോഷകരമായ ഫലങ്ങളിൽ ഒന്നായി വിചാരിച്ചു. അദ്ദേഹത്തിന്റെ മുമ്പേത്ത പേർ രാമോട്ടി എന്നായിരുന്നു. മലയാളസംസ്കൃതഭാഷകളിൽ അദ്ദേഹം നിപുണനൻ ആയിവിളങ്ങിയിരുന്നു. ൧൬ വയസ്സുള്ള ചെറുക്കനായിരിക്കുമ്പോൾ രാമോട്ടിക്കു ഒരു അച്ചടിക്കടലാസ്സ് കിട്ടി. അതിൽ വിലയേറിയ ഏകമുത്തിനെ അന്വേഷിച്ചു കച്ചവടക്കാരന്റെ ഉപമ അച്ചടിച്ചതായി കണ്ടു. ൨ കൊല്ലം കഴിഞ്ഞ ശേഷം ൧൦ കല്പനകളെയും പഠിച്ചു ക്രിസ്ത്യാനിയായിത്തീരുവാൻ നിശ്ചയിച്ചു. എന്നാൽ ഈ മുതിൎച്ചെക്കു വേഗത്തിൽ വീണ്ടും ഭംഗം വന്നു. അന്നു കേരളദേശത്തിൽ ആരും മിശ്ശൻവേല ചെയ്യാത്തതുകൊണ്ടു ജനങ്ങളിൽ വിശ്വാസം കൊളുത്തേണ്ടതിന്നു യാതൊരു സഹായവും ഉണ്ടായിട്ടില്ല. തലശ്ശേരിയിൽ മിശ്ശൻപ്രവൃത്തി ആരംഭിച്ചു ഉടനേ രാമോട്ടി അവിടേനിന്നു ഉത്ഭവിച്ചുവന്ന എല്ലാ എഴ

ത്തുകളെയും വായിച്ചു. രാമോട്ടി ഉപദേഷ്ടാക്കന്മാരുടെ മുനിഷിയായി ത്തീൎന്നു. ദീൎഘസമയത്തോളം സംശയസ്ഥിതിയിൽ ഇരുന്ന ശേഷം ഒടുക്കം ൧൮൪൰-ജൂൻ ൧൫-ാംനു ജാതി വിട്ടു ക്രിസ്തീയമതം അവലംബിച്ചു. അല്പസമയം കഴിഞ്ഞിട്ടു സ്നാനവുമേറ്റു. "ഈ മാനസാന്തരത്തിൽ സംശയിപ്പാൻ യാതൊരു ഹേതുവും കാണാത്തതുകൊണ്ടു ദൈവത്തിന്നു സ്തോത്രം" എന്നു ഗുണ്ടെൎത്ത് പണ്ഡിതർ അന്നത്തേ ദിനചരിതത്തിൽ എഴുതി. ഗുണ്ടെൎത്ത് പണ്ഡിതർ അബ്രഹാം അയ്യനെ പഠിപ്പിച്ചു ദൈവ ശുശ്രൂഷെക്കായി ഒരുക്കിയ ശേഷം ആദിയിൽ ഉപദേശിയായും പിന്നേത്ത തിൽ ഉപദേഷ്ടാവായും ഇങ്ങിനേ ൪൰ സംവത്സരത്തോളം വിശ്വസ്തത യോടേ കൎത്തൃവേല ചെയ്തു പോന്നു. ഒടുക്കം കഷ്ടങ്ങളുടെ ചൂളയില്കൂടേ കടന്നു പോയിട്ടു ൧൮൮൭ ഒക്തോബർ ൨൭-ാംനു ഭാൎയ്യയെയും മകളെയും പിരിഞ്ഞു.

---

എട്ടാം അദ്ധ്യായം.

## മംഗലപുരത്തേ വാസം.

വൈഗ്ലെ ഉപദേഷ്ടാവിന്റെ മരണത്താൽ ഇന്ത്ര്യയിലേ ബാസൽ മിശ്ശന്റെ മാതൃകസ്ഥാനം ആയ മംഗലപുരത്തു ഏകദേശം നികത്തു വാൻ കഴിയാത്ത ഒരു ഒഴിവു ഉണ്ടായ്വന്നു. ഈ ഉപദേഷ്ടാവു ഭാഷയിൽ പ്രവീണൻ ആയിരുന്നെന്നു മാത്രമല്ല താഴ്മകൊണ്ടും സമാധാനപ്രിയം കൊണ്ടും വിളങ്ങുന്ന ഒരു ദൈവപുരുഷനും ആയിരുന്നതുകൊണ്ടു മംഗ ലപുരത്തിലുള്ള ഉപദേശിശാലയെയും അവിടത്തേ മറേറാരോ വിശിഷ്ട പ്രവൃത്തികളെയും നടത്തേണ്ടതിന്നു തക്ക ആളായിരുന്നു. ഗുണ്ടെൎത്ത് പ ണ്ഡിതർ കേരളത്തിൽ അത്യാവശ്യം ആകുന്നു എന്നു കമ്മട്ടിയാർ അറി ഞ്ഞിരുന്നെങ്കിലും സായ്പിനോടു മംഗലപുരത്തിലേക്കു പോകേണമെന്നു താല്പൎയ്യപ്പെട്ടു. കേരളദേശത്തിലേ എല്ലാ ഉപദേഷ്ടാക്കന്മാരും ഗുണ്ടെ ൎത്ത് പണ്ഡിതരെ കേരളത്തിൽനിന്നു എടുക്കരുതെന്നു കമ്മട്ടിയാരോടു അ പേക്ഷിക്കയും ഗുണ്ടെൎത്ത് പണ്ഡിതർ താന്തന്നേ താഴ്മയോടേ തന്റെ മന സ്സിൽ തോന്നിയ ഓരോ സംശയങ്ങളെ ബാസലിലേക്കു ഉണൎത്തിക്കയും ചെയ്തെങ്കിലും ഇൻസ്പെക്ടർ സായ്പു ആദ്യകല്പനയെ തന്നേ സ്ഥിരപ്പെടു ത്തിയപ്പോൾ സായ്പു തന്റെ ഹൃദയം തുറന്നു: "ഞാൻ സന്തോഷ ത്തോടേ മംഗലപുരത്തേക്കു പോകുന്നു എന്നു പറഞ്ഞുകൂടാ, എങ്കിലും ഞാൻ അനുസരിക്കുന്ന വിശ്വാസത്തോടു കൂടേ പോകുന്നു. കമ്മട്ടിയാർ കല്പിച്ചതു ശരിയോ അല്ലയോ എന്നു ചില കൊല്ലം കഴിഞ്ഞ ശേഷം മാത്രമേ പ്രത്യക്ഷമാകയുള്ളൂ" എന്നു കമ്മട്ടിയാരോടു ഉണൎത്തിച്ചു മംഗല

പുരത്തേക്ക യാത്രയാകയും ചെയ്തു. രണ്ടു സംഗതിനിമിത്തമത്രേ സായ്പ പ്രത്യേകമായി ഇക്കാൎയ്യത്തിൽ വളരേ സംശയിച്ചതു. അതിൽ ഒന്നു ഭാഷയുടെ കാൎയ്യം ആയിരുന്നു. "മംഗലപുരത്തേക്ക പോയാൽ മലയാളഭാഷയുടെ അറിവു കുറഞ്ഞുപോകും നിശ്ചയം. കൎണ്ണാടക ഭാഷെക്ക ഞാൻ എങ്ങിനേയെങ്കിലും ഒരു അന്ന്യൻ അത്രേ. എന്റെ ഭാൎയ്യയുടെ കാൎയ്യമാകുന്നു അധികം വിഷമം. കേരളദേശത്തിലേ പ്രേരിതരുടെ പ്രവൃത്തികളെക്കൊണ്ടു വല്ലപ്പോഴും എഴുതുമ്പോൾ, പണ്ടു പണ്ടേ ഒന്നാമതു പ്രിസ്സില്ല എന്നും അതിന്റെ ശേഷം മാത്രം അകില്ല എന്നു എഴുതിയതിനെ പോലേ ദൈവരാജ്യകാൎയ്യത്തിൽ എന്റെ ഭാൎയ്യയുടെ പേർ ഒന്നാമതും അതിൽപിന്നേ മാത്രം എന്റെ പേരും കാണുകയുള്ളു. ചിറക്കല്ലിൽ വെച്ചു എത്രയും അനുഗ്രഹകരമായ വേല ചെയ്ത ശേഷം ഇനി മംഗലപുരത്തു വെച്ചു ഉപദേശിശാലയുടെ അടുക്കളപ്പണി മേല്വിചാരം ചെയ്വാനേ ഉണ്ടാകയുള്ളു. അതുകൊണ്ടു ഈ മാററത്തെക്കൊണ്ടു എന്റെ ഭാൎയ്യ കേട്ടപ്പോൾ "നിങ്ങൾ മംഗലപുരത്തേക്ക പോകയും ഞാൻ ഇവിടേ പ്രവൃത്തിക്കയും ചെയ്വാൻ പാടില്ലേ" എന്നു ചോദിച്ചു. മേലാൽ ഒരു മാററം കല്പിച്ചാൽ ഒന്നാമതു എപ്പോഴും എന്റെ മദാമ്മയുടെ കാൎയ്യത്തെ വിചാരിക്കേണമെന്നു ഞാൻ വളരേ താല്പൎയ്യത്തോടേ അപേക്ഷിക്കുന്നു" എന്നും കൂടേ സായ്പ എത്രയും താഴ്മയോടേ അന്നു കമ്മട്ടിയാരോടു ബോധിപ്പിച്ചിരിക്കുന്നു. ൧൮൬൭ ഫിബ്രവരി ൧൮-ാം തിയ്യതി സായ്പ വളരേ വ്യസനത്തോടേ ചിറക്കൽ വിട്ടു മംഗലപുരത്തേക്ക യാത്രയായി. അവിടേ എത്തിയ ശേഷം മൂത്ത മകന്നു ഒരു വിശിഷ്ടപത്രമയച്ചു. അതിൽ എഴുതിയതാവിതു: "൧൯-ാം തിയ്യതി ഞങ്ങൾ മംഗലപുരത്തു എത്തി. ഈ മാററത്തിൽ ഞങ്ങൾക്ക വളരേ ആശ്ചൎയ്യം തോന്നുന്നു. എന്റെ ഈ പ്രായത്തിൽ എന്നെ വേറേ ഒരു രാജ്യത്തിലേക്ക അയച്ചതു ഒരു തപ്പാകുന്നു എന്നു ഞങ്ങൾക്ക തോന്നുന്നു. എങ്കിലും ദൈവം കല്പിച്ചതാകകൊണ്ടു ശരിയായിരിക്കേണം. പക്ഷേ പ്രിയ അമ്മെക്ക ഈ ബല്മഠക്കുന്നിന്മേൽ പാൎക്കുന്നതിനാൽ അധികം സൌഖ്യമുണ്ടാകും. അഥവാ കേരളദേശത്തിൽ മാപ്പിളമാർ മത്സരിച്ചു ചിറക്കല്ലിലുള്ള എല്ലാവരെയും കൊന്നുകളയുന്നുവെങ്കിൽ ഞങ്ങൾ ഒഴിഞ്ഞു പോവാൻ സംഗതിയുണ്ടല്ലോ. അല്ലെങ്കിൽ ദൈവം ചിറക്കല്ലിൽ സാധിപ്പിപ്പാൻ വിചാരിക്കുന്ന കാൎയ്യം വേറെയാളുകളെക്കൊണ്ടു അധികം നന്നായി നിവൃത്തിപ്പിക്കാമെന്നു കണ്ടിട്ടുണ്ടായിരിക്കാം. പക്ഷേ ഞങ്ങൾക്ക ഇവിടേവെച്ചു ഒരു വലിയ അനുഗ്രഹം കിട്ടുവാൻ മതി. ഈ മാററത്തിന്റെ ആന്തരം ഇന്നതെന്നു പലപ്രകാരത്തിൽ തെളിയിപ്പാൻ കഴിയും. ഇതിൽനിന്നു നീയും വല്ലതും പഠിക്കേണം. മിശ്ശനരി, അ

പ്പോസ്തലൻ, പ്രേരിതൻ എന്നീ വാക്കുകളുടെ ധാതുവിന്നു "അയക്ക" എന്നു അൎത്ഥമാകുന്നു. പ്രേരിതർ മാത്രം (അയക്കപ്പെട്ടവർ) ഈ ഉദ്യോഗത്തിന്നായി ഹിതരാകുന്നു. അതായതു ഒരു മിശ്ശനറി എപ്പോഴും അയക്കപ്പെടേണ്ടതിന്നു ഹാജരായിരിക്കേണം. അനിഷ്ടദിക്കിലേക്കും പോവാൻ കല്പിക്കുമ്പോഴും ഹാജരായിരിക്കേണം. അങ്ങിനേത്ത ഒരു പ്രേരിതനായിത്തീരുവാൻ നിനക്കു മനസ്സുണ്ടോ? അല്ല യാത്ര ചെയ്യേണ്ടുന്ന സ്ഥലം ഇന്നതെന്നു നിന്നോടു നീ തന്നേ കല്പിപ്പാൻ ഇച്ഛിക്കുന്നുവോ?" മംഗലപുരത്തു എത്തിയപ്പോൾ ഓരോ പ്രയാസമുള്ള കാൎയ്യങ്ങളെ തീൎപ്പാൻ സംഗതി വന്നു. എന്നാൽ കൎത്താവു അയക്കുമ്പോൾ തന്റെ ദൂതനെയും ഒന്നിച്ചു അയക്കുന്നു എന്നതും കൂടേ സാക്ഷ്യ അനുഭവിച്ചു. മുമ്പറഞ്ഞ ഗോബെൎത്സ് എന്ന നായകനും മംഗലപുരത്തേക്കു മാററമായി. ഇതു ദൈവത്തിന്റെ വലിയൊരു കടാക്ഷമായിരുന്നു എന്നതിന്നു സംശയമില്ല. മറെറാരു സന്തോഷവാൎത്തയും കഥിപ്പാനുണ്ടു. ഗുണ്ടൎത്ത് പണ്ഡിതർ ചില സംവത്സരത്തോളം പഠിപ്പിച്ചു യാക്കോബ് രാമവൎമ്മൻ മംഗലപുരത്തു വെച്ചു പരീക്ഷ കൊടുത്തു എല്ലാ ഉപദേഷ്ടാക്കന്മാരും കേൾക്കേ ഒരു പ്രസംഗം കഴിച്ചു ശേഷം ഹസ്താൎപ്പണത്തിന്നായി ഒരുങ്ങി. ഹസ്താൎപ്പണം നടന്നതു കണ്ണൂരിൽ വെച്ചായിരുന്നു. ഈ അടിയന്തരത്തിന്നായി ഗുണ്ടൎത്ത് പണ്ഡിതരും കണ്ണനൂരിലേക്കു വന്നു ഈശ്ശോൻ മില്ലർ എന്നീ സായ്പ് മാരോടു ഒന്നിച്ചു ഈ മഹത്വമുള്ള കാൎയ്യത്തിന്നു സാക്ഷിയായി നിന്നു. ഒരു ഇംഗ്ലീഷു സഹസ്രാധിപനും ചിറക്കല്ലിലേ രാജാവും അന്നത്തേ ഉത്സവത്തിന്നു പള്ളിയിൽ എഴുന്നെള്ളി. ആ ദിവസത്തിൽ ഈ പുതിയ ശുശ്രൂഷക്കാരന്നു വേണ്ടി വളരേ ശ്രദ്ധയേറിയ പ്രാൎത്ഥനകൾ സ്വൎഗ്ഗത്തേക്കു കയറിപ്പോയിട്ടുണ്ടായിരുന്നു. "നിങ്ങളുടെ വിചാരങ്ങൾ എന്റെ വിചാരങ്ങളല്ല, നിങ്ങളുടെ നിനവുകൾ എന്റെ നിനവുകളുമല്ല." ആറു മാസം മാത്രം പ്രവൃത്തിച്ചു ശേഷം ഈ വേലക്കാരൻ വസൂരി പിടിച്ചു മരിച്ചു. എന്നാൽ അതിന്നു മുമ്പായി തന്റെ അദ്ധ്വാനഫലമായി രണ്ടു ബാല്യക്കാർ സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തി എന്നു കണ്ടു സന്തോഷിച്ചു. പിറേറ മാസത്തിലോ ചിറക്കല്ലിലേ ആ രാജാവും വസൂരിരോഗത്താൽ നാടു നീങ്ങി. ആശ്ചൎയ്യം തന്നേ!

ഒടുക്കം കനിഷ്ഠപുത്രനായ ദാവീദിനെയും വിലാത്തിക്കു അയപ്പാനുള്ള സമയം വന്നു. മിടുക്കനും തമാശക്കാരനുമായ ഈ കുട്ടി അമ്മയച്ഛന്മാരെ പലപ്പോഴും സന്തോഷിപ്പിക്കയും ആൎദ്രസ്നേഹത്താൽ അവരോടു എത്രയും പററിനില്ക്കയും ചെയ്കകൊണ്ടു വിയോഗനാഴിക അടുത്തു വരുന്തോറും അമ്മയച്ഛന്മാരുടെയും കുട്ടിയുടെയും ഖേദം വൎദ്ധിച്ചു

വന്നു. കുട്ടികൾ പലപ്പോഴും ഈ വിയോഗത്തെ പററി ഒരു മുൻരുചി ഉണ്ടാകുംസമയം "വേർ പിരിയാതവണ്ണം തമ്മിൽ ചേൎന്നു വരുമ്പോൾ എന്തൊരു സന്തോഷം" എന്നുള്ള ഇംഗ്ലീഷു പാട്ടു പാടുമളവിൽ ചിലപ്പോൾ വാക്കുകളെ മാററി "ഒരിക്കലും തമ്മിൽ തമ്മിൽ ചേൎന്നു വരാതവണ്ണം വേൎപിരിയുമ്പോൾ എന്തൊരു ഖേദം" എന്നു പാടിക്കൊണ്ടിരിക്കും. ൧൮ ജനുവരി ൩-ാം തിയ്യതി അച്ഛൻ ഈ കുട്ടിയെ കണ്ണനൂരിലേക്കു കൊണ്ടുപോയി. അവിടെനിന്നു ചെറിയ ദാവീദ് വേറേ കുട്ടികളോടൊന്നിച്ചു പീറർ സായ്പിനോടു കൂടേ വിലാത്തിക്കു യാത്രയായി. അച്ഛൻ ഒരു കത്തിൽ അവസാനവേൎപാടിനെയും അമ്മയച്ഛന്മാരുടെ ഖേദത്തെയും വിരഹതാപത്തോടു കൂടേ വിവരിച്ചതിവ്വണ്ണം: "മക്കളിൽ ഞങ്ങൾക്കു ഉണ്മയായ സ്നേഹം ഉണ്ടെങ്കിൽ ഞങ്ങൾ അവരെ വിലാത്തിയിലേക്കു അയക്കയില്ല എന്നു നാട്ടുകാർ സാധാരണമായി വിചാരിക്കാറുണ്ടു. എന്റെ ദാവീദിനെ അയക്കുന്ന ദിവസത്തിൽ ഞാൻ മാൎക്ക് ൧൦, ൧൩—൧൬. എന്നീ വാക്കുകളെ ആധാരമാക്കി: നമ്മുടെ കുട്ടികളെക്കൊണ്ടു ദൈവം ചെയ്യുന്ന പ്രവൃത്തിമുഖാന്തരം അമ്മയച്ഛന്മാർ വിശ്വാസം പഠിച്ചു ശീലിക്കേണം എന്നു ചുററിലും നില്ക്കുന്ന നാട്ടുകാരോടു തെളിയിച്ചപ്പോൾ എന്റെ ദാവീദ് കുറേസംശയത്തോടേ എന്റെ മുഖത്തു ഉററുനോക്കി നിന്നു" എന്നെഴുതി. കത്തിന്റെ സമാപ്തിയിലോ "ഞാൻ ദാവീദിന്നു കൊച്ചിയിലേക്കു ഒരു കത്തെഴുതി. കപ്പൽ അവിടേ നങ്കൂരമിട്ടാൽ പിന്നേ അല്പനേരം താമസിക്കുമല്ലോ. അപ്പോൾ ആ കത്തു അവന്നു കിട്ടിയാൽ അവൻ വളരേ സന്തോഷിക്കും. ഞങ്ങളുടെ മേൽ എന്തൊരു ഭാരം കിടക്കുന്നു എന്നു കൎത്താവു മാത്രമേ അറിയുന്നുള്ളു. ഇന്നു അവനിൽനിന്നു ഓരോ ആശ്വാസവും സന്തോഷവും അനുഭവിച്ചു കൊണ്ടിരിക്കേ ഒടുക്കം എല്ലാം നന്നായി അവസാനിക്കും എന്നു ആശിക്കുന്നു. സന്ധ്യാശ്രുക്കൾ വേഗം നിന്നു പോയിട്ടു ശിശുഭാവത്തോടടുത്ത സന്തോഷവും കളിയും ഞങ്ങളുടെ പ്രിയ കുട്ടിയിൽ പിന്നേയും പ്രത്യക്ഷമായ്വന്നിട്ടു അതു അവനെ ആശ്വസിപ്പിക്കട്ടേ! ഞങ്ങളുടെ ഹൃദയത്തെയോ പ്രിയദൈവം ഇതിന്നിടയിൽ വചനഘോഷണത്താൽ ചൂടാക്കിക്കൊണ്ടും ആശ്വസിപ്പിക്കട്ടേ! ഇവ്വണ്ണം വലിയ ആവശ്യതകൾ ഓരോന്നും ശേഷിക്കയും ഓരോ ചിന്താഭാരങ്ങൾ വൎദ്ധിക്കയും ചെയ്യുന്നെങ്കിലും ഞങ്ങൾ തൃപ്തരാകും" എന്നും എഴുതി.

## ഒമ്പതാം അദ്ധ്യായം.

## ഇംഗ്ലീഷു സ്കൂൾ ഇൻസ്പെക്ടരായ ഗുണ്ടെത്ത് പണ്ഡിതർ.

മംഗലപുരത്തിലേ പ്രവാസം അല്പസമയം കഴിഞ്ഞിട്ടു ആശ്ചൎയ്യമുള്ള വിധത്തിൽ അവസാനിച്ചു. സായ്പിന്റെ ചങ്ങാതിയായ റോബിൻസ്സൻസായ്പു് മലയാളദേശത്തിൽ തുക്ടി സായ്പു് ആയി കുറേകാലത്തോളം പ്രവൃത്തിച്ച ശേഷം പിന്നേത്തതിൽ ദേശാധിപസ്ഥാനം പ്രാപിച്ചാറേ ഈ മഹാൻമുഖാന്തരം സൎവ്വപാഠശാലാദ്ധ്യക്ഷർ ഗുണ്ടെത്ത് പണ്ഡിതരുടെ നൈപുണ്യവിദഗ്ദ്ധതകളെക്കൊണ്ടു കേട്ടു, സായ്പിനെ സൎക്കാർ ഉദ്യോഗം ചെയ്യാനായി നേടുവാൻ ശ്രമിച്ചു തുടങ്ങി. ഫെബ്രുവരി നവെമ്പ്ര മാസത്തിൽ ആകുന്ന സായ്പു് ഒന്നാം പ്രാവശ്യം ആ കാൎയ്യത്തെ കൊണ്ടു കേട്ടതു. മറുപടിയിൽ "എന്നെ മലയാള കൎണ്ണാടക ജില്ലകളിലേ സ്കൂൾ ഇൻസ്പെക്ടരായി നിശ്ചയിക്കുന്ന പക്ഷം അതു എനിക്കു സമ്മതമാണ്. എന്നാൽ ഈ ഉദ്യോഗം ചെയ്യുമളവിൽ കൎത്താവായ യേശുക്രിസ്തുവിനെക്കൊണ്ടു സാക്ഷ്യം ചൊല്ലുകയില്ല എന്നു വാഗ്ദത്തം തരേണമെന്നു എന്നോടു ചോദിച്ചാൽ ഞാൻ ഒരിക്കലെങ്കിലും അതിൽ സമ്മതിക്കയില്ല" എന്നു തീൎച്ച പറഞ്ഞു. അതു പ്രസ്താവിക്കുന്നതിനാൽ കാൎയ്യം നിഷ്ഫലമായിപ്പോകുമല്ലോ എന്നു സായ്പു് ഉള്ളിൽ ആശിക്കയും മദാമ്മ ദിവസേന ഈ കാൎയ്യത്തെ പററി "ഞങ്ങളെ പരീക്ഷയിൽ കടത്തരുതു" എന്നു ദൈവത്തോടു അപേക്ഷിക്കയും ചെയ്തെങ്കിലും ഹേബിക് സായ്പും മററുള്ളവരും ഈ രാജ്യത്തിലേ കുട്ടികളെ വിചാരിച്ചു കാൎയ്യസാദ്ധ്യത്തിന്നായി വളരേ കാംക്ഷിച്ചു. അങ്ങിനേ ഇരിക്കേ ഗുണ്ടെത്ത് പണ്ഡിതർ ഗവൎണ്ണർസായ്പിനെ ഒരിക്കൽ കണ്ടെങ്കിലും ഈ കാൎയ്യത്തിലും ദൈവേഷ്ടം നടക്കട്ടേ എന്നു വിചാരിച്ചിരുന്നതുകൊണ്ടു ഇതിനെ പററി മൌനമായിരുന്നു. ഇക്കാൎയ്യത്തെക്കൊണ്ടും ദീൎഘസമയത്തോളം ഒന്നും കേളാതിരുന്ന ശേഷം ൧൮൫൭ ഏപ്രിൽ മാസത്തിൽ ഗുണ്ടെത്ത് പണ്ഡിതരെ സ്കൂൾ ഇൻസ്പെക്ടരായി നിശ്ചയിച്ച പ്രകാരം മദ്രാസിൽനിന്നു കല്പന വന്നു. ഈ ഒന്നാം സ്കൂൾ ഇൻസ്പെക്ടരുടെ മുറകൾ ഇന്നവയെന്നു സൎക്കാർ അന്നു വിവരമായി അറിയിച്ചുകൊടുത്തിരുന്നു. കമ്മട്ടിയാരും അതിൽ സന്തോഷത്തോടേ സമ്മതിച്ചതുകൊണ്ടു ഗുണ്ടെത്ത് പണ്ഡിതർ സൎക്കാർ സ്കൂൾ ഇൻസ്പെക്ടർ ആയിത്തീരുകയും ചെയ്തു. ആ കൊല്ലത്തിലായിരുന്നു ഹിന്തുസ്ഥാനത്തിന്റെ വടക്കു ആ ഭയങ്കരമായ മത്സരം ഉത്ഭവിച്ചതു. അന്നു ഇംഗ്ലീഷ്കോയ്മ വളരേ ഇളകിപ്പോയിരുന്നു. കേരളദേശത്തിലും അന്നു അതിഭയങ്കരമായ വൎത്തമാനങ്ങൾ എത്തി. അതിന്നു രണ്ടു സംവത്സരങ്ങൾക്കു മുമ്പേ മാപ്പിളമാർ കോഴിക്കോട്ടിൽ വെച്ചു

കൊന്നൊല്ലി എന്ന ദൈവഭക്തനായ തുക്കി സായ്പിനെ അദ്ദേഹത്തിന്റെ മദാമ്മ കാഞ്ചെ സ്വന്തകോലായിൽവെച്ചു വധിച്ചുകളഞ്ഞിരുന്നതു കൊണ്ടു കേരളദേശത്തിലുള്ളവരും അമ്പരന്നു പോവാൻ അന്നു വേണ്ടു വോളം സംഗതിയുണ്ടായിരുന്നു.

ഈ വൎത്തമാനങ്ങളൊക്കയും മദാമ്മ കേൾക്കരുതെന്നുവെച്ചു ഗുണ്ടത്ത് സായ്പ് വളരേ സൂക്ഷിച്ചു. എന്നിട്ടും സായ്പ് ഒരിക്കൽ യാത്രയിൽ നിന്നു തിരിച്ചു വന്നപ്പോൾ മദാമ്മ ഈ ലഹളയെക്കൊണ്ടു വല്ലതും കേട്ടിട്ടു വളരേ ഞെട്ടിപ്പോയിരിക്കുന്ന പ്രകാരം കണ്ടാറേ പ്രാൎത്ഥനയാൽ വിശ്വാസത്തെ ഉറപ്പിച്ചു പോന്നു. മദാമ്മ: "ദിവസേന പ്രാണൻ നിമിത്തം സംശയിച്ചു ഭയപ്പെടുന്നതു ഒരു വിശേഷമായ ഔഷധം അത്രേ" എന്നു പറഞ്ഞു കുട്ടികൾ ഒക്കയും വിലാത്തിയിൽ എത്തിയതു നിമിത്തം സന്തോഷിച്ചു ദൈവത്തെ സ്തുതിക്കയും ചെയ്തു. ആ സമയത്തു വിലാത്തിയിൽ അനേകർ ആ മത്സരക്കാരുടെ കളവു വിശ്വസിച്ചു. മത്സരത്തിന്നു കാരണം ഇംഗ്ലിഷ്കാരുടെ കഠിനതയും ക്രൂരതയും അത്രേ എന്നു വിചാരിച്ചതുകൊണ്ടു ഗുണ്ടത്ത് പണ്ഡിതർ കത്തുകളിൽ ഇംഗ്ലിഷ് കോയ്മെക്കു വേണ്ടി പ്രതിവാദം ചെയ്യേണ്ടിവന്നു. "ഇംഗ്ലിഷ്കാർ ഇവിടേ വാണു കൊണ്ടിരിക്കുന്ന ഈ ൧൦൦ സംവത്സരങ്ങൾക്കുള്ളിൽ ഉണ്ടായപോലേ സുഖം നിവാസികൾക്കു മുമ്പേത്ത വാഴികളുടെ കീഴിൽ ഒരിക്കലും ഉണ്ടായിട്ടില്ല. ജീവന്നും മുതലിന്നും രക്ഷയും സമ്പത്തിന്നു വൎദ്ധനയും നിവാസികൾക്കു അഭിവൃദ്ധിയും ഉണ്ടാകുന്നെങ്കിൽ അതു ഒരു ക്രൂരവാഴ്ചയുടെ ലക്ഷണങ്ങൾ അല്ലല്ലോ. ഈ മത്സരം നിമിത്തം ഇംഗ്ലിഷ്കാരിൽ വല്ല കുററം അന്വേഷിക്കുന്നുവെങ്കിൽ അതു അവർ സിപ്പായികളോടു കാണിച്ച ഓമനസ്നേഹം ആയിരുന്നു എന്നു പക്ഷേ പറയാം. ഹിന്തുക്കൾ നീതി ആവശ്യപ്പെടുമ്പോൾ നാട്ടുകാരുടെ അടുക്കേ അല്ല, വിലാത്തിക്കാരുടെ അടുക്കലത്രേ പോകുന്നതു. കൈക്കൂലി വാങ്ങി സ്വന്തലാഭം മാത്രം അന്വേഷിക്കുന്ന നാട്ടുദ്യോഗസ്ഥന്മാരുടെ കയ്യിൽനിന്നു തങ്ങളെ ഉദ്ധരിപ്പാൻ സഹായിക്കേണമെന്നു പലഗ്രാമങ്ങൾ അതിതാല്പൎയ്യത്തോടേ ഒരു ഇംഗ്ലിഷ്ദ്യോഗസ്ഥനോടു അപേക്ഷിക്കാറുണ്ടു" എന്നു സായ്പ് ഒരു കത്തിൽ എഴുതിയിരിക്കുന്നു. എന്നിട്ടും ഗൎവ്വവും പ്രമാദവും കാണിക്കുന്ന ഇംഗ്ലിഷ്ക്കാൎക്കു ഈ മത്സരം ഒരു ദിവ്യശിക്ഷയാകുന്നു എന്നും കൂടേ സായ്പ് സമ്മതിച്ചു. "എന്നാൽ നിൎദ്ദോഷികളെ ഉപദ്രവിക്കയും ദ്രോഹം ചെയ്കയും വധിച്ചുകളകയും ചെയ്യുന്നതു ഒരു ഇംഗ്ലിഷ് പാപം അല്ല, അതു ഹിന്തുസ്ഥാനത്തിൽ നടപ്പായ പാപമത്രേ" എന്നു സായ്പ് അഭിപ്രായപ്പെട്ടു. ദൈവരാജ്യകാൎയ്യത്തിന്നു ഈ മത്സരം ഒരു അനുഗ്രഹമായിത്തീരാം എന്നും കൂടേ സായ്പ് ആശിച്ചു. പലർ താണു

വന്നിട്ടു കൃപെക്കായി യാചിപ്പാൻ തുടങ്ങും എന്നും ഇംഗ്ലീഷുകാർ ജാതിഭേദത്തെ താങ്ങുന്നതും വിഗ്രഹാരാധനയുടെ കാൎയ്യത്തിൽ കാണിക്കുന്ന ബലഹീനതാഭാവവും ദൈവം ഇപ്പോൾ ശിക്ഷിച്ചതുകൊണ്ടു മേലാൽ ഈ കാൎയ്യങ്ങളിൽ ക്രിസ്തീയഭാവവും ധൈൎയ്യവും അധികമായി കാണിക്കും എന്നും സായ്പ് ആശിച്ചതു പക്ഷേ നിഷ്ഫലമായിപ്പോയി. മേല്പറഞ്ഞ മത്സരം മദ്രാസ്സംസ്ഥാനത്തിൽ ഉണ്ടായിട്ടില്ല. അതുകൊണ്ടു സായ്പിന്നു പുതിയ ഉദ്യോഗത്തെ ഉത്സാഹത്തോടേ ചെയ്വാൻ പാടുണ്ടായിരുന്നു. ക്രിസ്തീയസമുദായത്തിന്നും വിശേഷിച്ചു സായ്പിന്റെ പണിക്കാരനായ രാമന്നും പണ്ഡിതൎക്കു കിട്ടിയ സ്ഥാനമാനം ബഹുമാനമായി തോന്നിയാലും സായ്പിന്നു ഈ ഉദ്യോഗത്തിൽ വളരേ സുഖം തോന്നീട്ടില്ല. താൻ ഈ ഉദ്യോഗം ഭരമേററതിൽ പിന്നേ തന്റെ വലിയ കുഡുംബം നിമിത്തം മിശ്ശൻസംഘത്തിന്നു ഒരു ഭാരം വരാതിരുന്നതു മാത്രം സായ്പിന്നു ഈ കാൎയ്യത്തിൽ ഏകസന്തോഷമായിരുന്നു എന്നു പറയാം. മദാമ്മ മംഗലപുരത്തിൽനിന്നു കോഴിക്കോട്ടു വന്ന ശേഷവും യാതൊരു പ്രതിഫലവും വാങ്ങാതിരുന്നിട്ടും മുമ്പേത്ത പോലേ തന്നേ എത്രയും ശുഷ്കാന്തിയോടേ മിശ്ശൻവേല ചെയ്തുകൊണ്ടിരിക്കേ സായ്പ് സൎക്കാരെയും മിശ്ശനെയും ഒരു പോലേ വിശ്വസ്തതയോടേ സേവിപ്പാൻ ശ്രമിച്ചു. നിത്യം യാത്ര ചെയ്യുമളവിൽ ഒരു സ്ഥലത്തിൽ എത്തിയാൽ എഴുത്തുപള്ളികളെ പരിശോധിക്കയോ പുതിയശാലകളെ സ്ഥാപിക്കയോ സ്കൂൾ പുസ്തകങ്ങളെ ഉണ്ടാക്കുകയോ ചെയ്തു എന്നു മാത്രമല്ല, പുറജാതികളോടും ക്രിസ്ത്യാനികളോടും എത്രയും സന്തോഷത്തോടേ സുവിശേഷത്തെ ഘോഷിക്കയും ചെയ്തിരുന്നു. ൭൫-ാം കൊല്ലത്തിലേ ആദ്യദിവസങ്ങളിൽ കുഡുംബത്തിൽ ഒരു മഹാ സന്തോഷം ഉണ്ടായി. അതോ മറിയ എന്ന ഏകമകൾ വിലാത്തിയിൽനിന്നു എത്തിയതു തന്നേ. അവരെ സ്വന്ത ചെലവിന്മേലാകുന്നു ഇങ്ങോട്ടു വരുത്തിയതു. ആ മകൾ അതിൽപ്പിന്നേ അച്ഛനോടു ഒന്നിച്ചു സഞ്ചരിച്ചു അച്ഛന്നു വലിയ സന്തോഷവും ആശ്വാസവും ആയിത്തീൎന്നു. എന്നാൽ സായ്പ് ഏപ്രിൽ മാസത്തിൽ ഏകനായി കൊച്ചിയിലേക്കു പോയപ്പോൾ അവിടേ വെച്ചു ദീനം പിടിച്ചു അത്യന്തം കലശലായിത്തീൎന്നാറേ മദാമ്മയും മകളും വിരഞ്ഞു അങ്ങോട്ടു ചെന്നു വേണ്ടുന്ന ശുശ്രൂഷകളെല്ലാം ചെയ്തു. ദൈവകൃപയാൽ സൌഖ്യം വന്നാറേ വലിയ ബലഹീനതയോടേ കോഴിക്കോട്ടിൽ എത്തി. ഉടന്തന്നേ സൎക്കാരുടെ പണി രാജി കൊടുത്തു. മുമ്പു തന്നേ മദ്രാസിലേ ചില മഹാന്മാൎക്കു ഉപദേഷ്ടാവായ തന്റെ പ്രവൃത്തിയിൽ കുറേ അനിഷ്ടം തോന്നിയിരിക്കുന്നു എന്നും ദൈവം തനിക്കു നല്കിയ പ്രാപ്തിവരങ്ങളെ താൻ അധികം വിശിഷ്ടകാൎയ്യങ്ങൾ

ക്കായി ഉപയോഗിക്കേണ്ടതാകുന്നു എന്നും സായ്പ് സ്പഷ്ടമായി കണ്ടറിഞ്ഞു. ഈ ഉദ്യോഗം ഭരമേല്ക്കുമ്പോൾ സായ്പിന്നു വളരേ സംശയം തോന്നിയിരുന്നെങ്കിലും രാജികൊടുക്കുന്നതു ദൈവേഷ്ടം അത്രേ എന്നു പൂൎണ്ണനിശ്ചയത്തോടു കൂടേ വിശ്വസിച്ചു. എന്നിട്ടും സൎക്കാർ ഗുണ്ടൎത്ത് പണ്ഡിതരുടെ രാജി അത്ര വേഗത്തിൽ സ്വീകരിച്ചില്ല എന്നു മാത്രമല്ല സായ്പിനെ വിടുവാൻ മനസ്സുമുണ്ടായിട്ടില്ല. ൫൮ ഏപ്രിൽ മാസത്തിൽ രാജി കൊടുത്തിരുന്നുവെങ്കിലും ൫൯ ഫിബ്രുവരി മാസത്തിൽ സായ്പു വീണ്ടും രോഗിയായിത്തീൎന്നപ്പോളത്രേ സൎക്കാർ രാജി സമ്മതിച്ചതു. രക്താതിസാരം സായ്പിനെ വീണ്ടും അത്യന്തം ക്ഷീണിപ്പിച്ചതുകൊണ്ടു താമസിയാതെ വിലാത്തിക്കു പോകേണം എന്നു വൈദ്യന്മാർ കല്പിച്ചു. മദാമ്മയും മകളും സായ്പിനോടു ഒന്നിച്ചു പോകാതെ ഫ്രീത്സ് മദാമ്മ മരിച്ചുപോയതിനാൽ കോഴിക്കോട്ടിൽ തന്നേ പാൎത്തു, പെൺകുട്ടികളുടെ സ്കൂൾ നോക്കുവാൻ നിശ്ചയിച്ചു. ഏപ്രിൽമാസം ൧൧-ാം തിയ്യതി സായ്പ് വിലാത്തിക്കാമാറു പുറപ്പെട്ടു. ഒരു കൊല്ലം കഴിഞ്ഞ ശേഷം വീണ്ടും പൂൎണ്ണശക്തിയോടു കൂടേ മിശ്ശൻവേലയിൽ ചേരുവാൻ ഭാവിച്ചു; എന്നാൽ ദൈവേഷ്ടം അന്യഥാ ആയിരുന്നു. സായ്പ് കേരളദേശത്തെ അതിൽപിന്നേ കണ്ടിട്ടില്ല. പുത്രിയെയും കളത്രത്തെയും ഒരു കൊല്ലം കഴിഞ്ഞിട്ടു കോഴിക്കോട്ടു വെച്ചല്ല, കല്വ് എന്ന ശൎമ്മാനപട്ടണത്തിൽ വെച്ചത്രേ വീണ്ടും ദൎശിപ്പാനും സംഗതിയായതു.

---

## പത്താം അദ്ധ്യായം.

## വിലാത്തിയിൽവെച്ചു ചെയ്ത പ്രവൃത്തി.

൧൮൫൯ മേയി ൨൪-ാംനു സായ്പ് ബാസലിൽ എത്തിയപ്പോൾ കമ്മട്ടിയാർ സായ്പിനെ വളരേ സ്നേഹപൂൎവ്വം കൈക്കൊണ്ടു. മിശ്ശൻവേലയുടെ ജയാഭിവൃദ്ധികളെക്കൊണ്ടു കഥിപ്പാൻ സായ്പിന്നു വളരേ താല്പൎയ്യം ഉണ്ടായിരുന്നെങ്കിലും അതിന്നു തുനിഞ്ഞില്ല. പ്രവൃത്തിയിൽ ഒരു മാതിരി നിൎത്തൽ സംഭവിച്ചിരിക്കുന്നെന്നും സഭകളിൽ മയക്കവും തൃപ്തിഭാവവും വ്യാപിക്കുന്നെന്നും പ്രവൃത്തിക്കാരിൽ സൂക്ഷ്മതയും എരിവും വൎദ്ധിച്ചു വരുന്നുണ്ടെങ്കിലും മുടപ്പും ധാരാളം പ്രത്യക്ഷമായ്വരുന്നെന്നും സത്യപ്രകാരം അറിയിച്ചാലും ഗുണ്ടൎത്ത് പണ്ഡിതരിൽ വല്ല ആശാഭംഗമോ അധൈൎയ്യമോ ലവലേശം ഉണ്ടായിരുന്നില്ല. അതിന്നു പകരമായി ക്ഷണത്തിൽ വീണ്ടും തിരിച്ചുപോവാനുള്ള ആഗ്രഹം ഹൃദയത്തെ നിറക്കുന്നെന്നു മാത്രമേ എപ്പേരും കണ്ടുള്ളു. എന്നിട്ടും രക്താതിസാരത്തിന്നു ഉടനേ ഭേദം കാണായ്കയാൽ വളരേ പ്രവൃത്തിപ്പാൻ ശക്തി ഉണ്ടായിട്ടില്ല.

ആ സമയത്തു തന്നേ ദൈവരാജ്യത്തിൽ ഒരു വൻപ്രവൃത്തി ചെയ്തുവന്നിരുന്ന ബാൎത്ത് പണ്ഡിതർ ഒരു സഹായക്കാരനെയും അനന്തരവനെയും അന്വേഷിച്ചുകൊണ്ടിരുന്നു. ഗുണ്ടൎത്ത് പണ്ഡിതർ സ്വരാജ്യത്തിൽ എത്തിയാറേ ഇവർ പ്രവൃത്തിക്കു തക്ക ആളായിരിക്കുമെന്നു വിചാരിച്ചു അവരെ കൈവശപ്പെടുത്തുവാൻ വളരേ കൊതിച്ചാലും ൧൦-ാം കല്പന ഓൎത്തിട്ടു അതിനെപ്പററി ആദ്യം കമ്മട്ടിയാരോടു ചോദിപ്പാൻ തുനിഞ്ഞില്ല. എന്നാൽ ഒടുക്കം നന്ന ബുദ്ധിമുട്ടിപ്പോയപ്പോൾ ചോദിക്കേണ്ടിവന്നു. യോസൻഹൻസ്സ് ഇൻസ്പെക്ടർ ഈ കാൎയ്യം കമ്മട്ടിയുടെ മുമ്പാകേ വെച്ചു. സായ്പിന്റെ വിദഗ്ധതയും വാഗ്വൈഭവവും നോക്കിയാൽ ബാൎത്ത് പണ്ഡിതൎക്കു യോഗ്യനായ അനന്തരവനായിത്തീരും എന്നും വിശേഷിച്ചു സ്വന്തനാട്ടിൽ സഹോദരന്മാരെ മിശ്ശൻപ്രവൃത്തിക്കായി ഉത്സാഹിപ്പിപ്പാൻ തക്ക ആളായിരിക്കും എന്നും കമ്മട്ടിയാർ വിചാരിച്ചു തല്ക്കാലം ഈ പ്രവൃത്തി ഏല്ക്കാമെന്നു അനുവദിച്ചു. എന്നാൽ മലയാള നിഘണ്ടുവിന്റെ സമാപ്തിക്കു എങ്ങിനേയെങ്കിലും സമയം തരാം എന്നും ഹിന്തുദേശത്തിലേക്കു തിരിച്ചുപോവാൻ വേണ്ടുന്ന സൌഖ്യം എപ്പോൾ ഉണ്ടാകുമോ അപ്പോൾ സന്തോഷത്തോടേ വീണ്ടും അയക്കും എന്നും കൂടേ കമ്മട്ടിയാർ വാഗ്ദത്തം ചെയ്തപ്പോൾ ഗുണ്ടൎത്ത് പണ്ഡിതരും വ്യസനത്തോടുകൂടേ സമ്മതിച്ചു പുതിയ വേലയിൽ പ്രവേശിക്കയും ചെയ്തു. എന്നാൽ ഒന്നാമതു ഇംഗ്ലന്ത്ദേശത്തിലേ ലിവർപൂൾ എന്ന പട്ടണത്തിൽവെച്ചു മിശ്ശൻപ്രവൃത്തിയെ കുറിച്ചു ആലോചന കഴിക്കുന്ന ഒരു വലിയ യോഗത്തിൽ ചേൎന്നശേഷമത്രേ കല്പ്നഗരത്തിലേക്കു മടങ്ങി വന്നതു. ഒരു താഴ്വരയിൽ കിടക്കുന്ന ഈ ചെറിയ പട്ടണത്തെ പൎവ്വതമുകളിൽനിന്നു കണ്ടപ്പോൾ സായ്പ്: "ഇതാ എലിക്കെണി, ഇതിൽനിന്നു ഞാൻ ഇനി ഒഴിഞ്ഞുപോകയില്ല" എന്നു കളിയായി പറഞ്ഞുപോൽ. അപ്രകാരം തന്നേ സംഭവിച്ചു. അവിടേ സാക്ഷാൽ ൩൩ വൎഷത്തോളം താമസിച്ചു പ്രവൃത്തിച്ചശേഷം ഒടുക്കം അവിടേ വെച്ചു തന്നേ മരിക്കയും ചെയ്തല്ലോ. ഉദ്യോഗം ഏററതു മുതല്ക്കു തന്നേ മൂന്നു മിശ്ശൻകടലാസ്സുകളുടെ രചകനായും ഏകദേശം ഞായറാഴ്ചതോറും ഓരോ മിശ്ശൻ ഉത്സവങ്ങളിൽ തന്റെ ജീവനാകുന്ന മിശ്ശൻവേലയെ കുറിച്ചു പ്രസ്താവിച്ചു അതിന്നായി ആളുകളെ ഉത്സാഹിപ്പിക്കുന്നവരായും തളരാതെ പ്രവൃത്തിച്ചുപോന്നിരിക്കുന്നു. സായ്പിന്നു മടങ്ങിവരാൻ പ്രയാസമെന്നു കണ്ട ഉടനേ കോഴിക്കോട്ടിൽ വേല ചെയ്ത മദാമ്മ മകളോടൊന്നിച്ചു വിലാത്തിക്കു പുറപ്പെട്ടു. യാത്രയിൽ വഴിക്കൽവെച്ചു മദാമ്മയുടെ രോഗം അതികലശലായിത്തീൎന്നതിനാൽ ജീവനോടേ വിലാത്തിയിൽ എത്തുമോ എന്നു മകൾ കൂടക്കൂടേ സംശയിച്ചു. അതുകൂടാതെ വീണ്ടും ഒരു പുതിയ

രാജ്യത്തിലേക്ക ചെല്ലേണ്ടതിന്നും ആ പ്രായത്തിൽ ഒരു പുതിയ ഭാഷ പഠിക്കേണ്ടതിന്നും മദാമ്മെക്ക വളരേ ഭയം തോന്നി. ഒടുക്കം കപ്പിൽ എത്തിയപ്പോൾ കുട്ടിപ്രായത്തിൽ വിലാത്തിയിലേക്ക അയച്ചിരുന്ന പുത്രന്മാർ വളൎന്നു വലിയ യുവാക്കളായിത്തീൎന്നു എന്നു അമ്മ കണ്ടാറേ അവരോടു സംസാരിപ്പാൻ അല്പം ശങ്കിച്ചു. എങ്കിലും ഈ കാൎമ്മേഘങ്ങൾ വേഗം നീങ്ങിപ്പോയി. കൎത്താവിലുള്ള സ്നേഹം എല്ലാററെയും ജയിപ്പാനായിട്ടു മദാമ്മെക്ക സഹായിച്ചു. അവർ വളരേ ഉത്സാഹിച്ചു പുതിയനിയമത്തെ ജൎമ്മാനഭാഷയിൽ വായിപ്പാൻ ക്ഷണേന തുടങ്ങിയതുകൊണ്ടു (സ്വന്തഭാഷ പരന്ത്രീസ്സു ആയിരുന്നുവല്ലോ) ചുററിലുമുള്ള ആളുകളോടു ഒരു ആത്മികസംഭാഷണം കഴിക്കേണ്ടതിന്നു എത്രയും വേഗത്തിൽ സാധിച്ചു. രണ്ടു മൂന്നു ആഴ്ച കഴിഞ്ഞതിൽ പിന്നേ സ്ത്രീകൾ ആഴ്ചതോറും പ്രാൎത്ഥനെക്കായി സ്വഭവനത്തിൽ വന്നു ചേരുവാൻ തുടങ്ങി. മദാമ്മ ഇംഗ്ലീഷുഭാഷയിൽ പ്രാൎത്ഥിച്ചു മകൾ തൎജ്ജിമ ചെയ്തു, ക്രമേണ ശേഷമുള്ള സ്ത്രീകളുടെ ശങ്കയും തീൎന്നു. മദാമ്മ ഹിന്തുദേശത്തിൽ എന്നപോലേ ഈ ജൎമ്മാനനഗരത്തിലും ഏകദേശം ൨൦ സംവത്സരത്തോളം എല്ലാ ദരിദ്രൎക്കും രോഗികൾക്കും ഒരു ആശ്വാസമായി ഭവിച്ചു. ഓരോ താണശുശ്രൂഷകൾ പോലും ചെയ്വാൻ മടിച്ചിട്ടില്ല. പകരുന്ന രോഗങ്ങളെപോലും ഭയപ്പെടാതെ സഹായം ആവശ്യപ്പെടുന്ന ഓരോ വീട്ടിലും ചെന്നു വേണ്ടുന്ന സഹായങ്ങളെല്ലാം ചെയ്യും. വസൂരിയുടെ സ്വദേശം ആകുന്ന രാജ്യത്തിൽവെച്ചു ഈ ദീനം ഒരിക്കലും പിടിച്ചിട്ടില്ലെങ്കിലും വിലാത്തിയിൽവെച്ചു മദാമ്മ ഒരിക്കൽ ഈ വക ദീനക്കാരെ നോക്കുന്ന സമയം വസൂരി പിടിച്ചു അത്യന്തം വലഞ്ഞുപോയി. ദൈവകൃപയാൽ സുഖപ്പെട്ടുതാനും. ചെന്നെത്തിയ ആദ്യവൎഷത്തിൽ കുട്ടികളെയും കൂടേ ഒരു മിശ്ശൻപ്രാൎത്ഥനെക്കായി ചേൎത്തു. ഈ ചെറിയവരുടെ ഹൃദയങ്ങളിൽ ഓരോ നല്ല വിത്തുകളെ വിതെക്കയും ചെയ്തു.

ഇതിന്നിടയിൽ സായ്പിന്റെ രോഗം മാറി. പൂൎണ്ണസൌഖ്യം വന്നെങ്കിലും അതു സായ്പ് പുതിയ പ്രവൃത്തിയെ സ്ഥിരമായി ഏററ ശേഷം വന്നതാകകൊണ്ടു ദൈവേഷ്ടം എന്തെന്നു ഇപ്പോൾ സ്പഷ്ടമായി കാണ്മാൻ സംഗതിവന്നു. ൨൫-ാം കൊല്ലത്തിലേ മിശ്ശൻഉത്സവസമയം ഗുണ്ടൎത്ത് പണ്ഡിതർ ഒന്നാം പ്രാവശ്യം ബാൎത്ത്പണ്ഡിതൎക്കു പകരമായി അന്നു ബാസലിൽ കൂടിവന്ന വലിയ പുരുഷാരത്തോടു സംസാരിച്ചു. അതിവിശേഷമായ ഈ പ്രസംഗത്തിന്റെ സാരാംശം വായനക്കാരുടെ ഉപകാരാൎത്ഥം ഭാഷാന്തരം ചെയ്തു താഴേ എഴുതുന്നു. “ഒരു അവകാശം ഏല്ക്കുന്നതു സാധാരണമായി വളരേ എളുപ്പമുള്ള ഒരു കാൎയ്യം ആകുന്നു. എന്നാൽ നമ്മുടെ പ്രിയ ബാൎത്ത്പണ്ഡിതരുടെ അവകാശം ഭരമേല്പാൻ പാരം

വിഷമം! ആ വാചാലന്റെ വായിൽനിന്നു കൂടക്കൂടേ ചുരന്നു വന്ന മൊഴികളെ വല്ല വിധത്തിൽ അനുകരിപ്പാൻ ഞാൻ അശേഷം വിചാരിക്കുന്നില്ല. ഒന്നു അദ്ദേഹത്തെക്കൊണ്ടു പറയേണം; അദ്ദേഹം രോഗം നിമിത്തം കുന്നുപോയി, തലവേദന മാറുന്നില്ല, കരൾ വീങ്ങിക്കിടക്കുന്നു, ശ്വാസം മുട്ടൽ ധാരാളം, കാലിൽ ഒരു ഈയക്കട്ട തൂങ്ങുമ്പോലേ ഇരിക്കുന്നു, ആകപ്പാടേ എന്തൊരു ക്ഷയം! ഇതെന്തായി തീരും പോൽ? ഈ ചോദ്യത്തിന്നുത്തരം അദ്ദേഹം താന്തന്നേ ഒരിക്കൽ പ്രയോഗിച്ച ഒരു ഉപമയിൽ അടങ്ങിയിരിക്കുന്നു. അതു ഞാൻ പറയാം: അദ്ദേഹത്തെ ഒരിക്കൽ ഒരു കോവിലകത്തിലേ വലിയതമ്പുരാക്കന്മാർ സല്ക്കാരത്തിന്നു ക്ഷണിച്ചു. അന്നു കോമളാംഗികളായ രണ്ടു പ്രഭുവാട്ടികളും വന്നു ഈ പണ്ഡിതൎക്കു സലാം പറഞ്ഞു. അവരെ നോക്കി പണ്ഡിതർ: ഗേത്തെ എന്ന കവിതക്കാരൻ ചൊല്ലിയ പ്രകാരം വൃക്ഷങ്ങൾ വാനത്തോളം വളരാതെയിരിപ്പാന്തക്കവണ്ണം ദൈവം വേണ്ടുന്ന തടസ്ഥം ചെയ്തിരിക്കുന്നു, എന്നാൽ ഒരു പ്രഭുവിന്റെ കുമാരന്മാർ എങ്ങിനേയെങ്കിലും സ്വൎഗ്ഗത്തോളം വളരുവാൻ ആവശ്യമാകുന്നു എന്നും പറഞ്ഞു പോൽ. നമ്മുടെ പ്രിയ ബാൎത്ത് പണ്ഡിതർ താന്തന്നേ ഇപ്പോൾ സ്വൎഗ്ഗത്തോളം വളരുവാൻ ഇഷ്ടപ്പെടുന്നു. വൃക്ഷങ്ങളെപോലേ അല്ലതാനും. രാജപുത്രൎക്കു സമാനമായി അത്രേ. അതായതു ലോകാപവാദം, മരണം, ശവക്കുഴി എന്നീ വഴികളിലൂടേ അത്രേ സ്വൎഗ്ഗത്തേക്കുള്ള ഈ വളൎച്ച നടക്കുന്നതു. ഈ അവകാശം ആകുന്നു ഞാൻ ഏല്പാൻ ആഗ്രഹിക്കുന്നതു. ശരീരപ്രകാരം കെട്ടുപോകയും ജഡപ്രകാരം താണുപോകയും ചെയ്തുകൊണ്ടിരിക്കേ സ്വൎഗ്ഗത്തോളം വളരുവാൻ തക്കതായ ആ ദൈവപുത്രത്വവും ആ രാജകീയമായ ആത്മാവും എനിക്കും വേണം. ആയതു തന്നേ മിശ്ശൻ വേലയെ സംബന്ധിച്ചും എന്റെ അഭിപ്രായം ആകുന്നു. ഇതിലും മുന്നോട്ടു ചെല്ലേണം എന്നു ആളുകൾ പറകയും അതു എല്ലാ ഭാഗത്തും വൎദ്ധിക്കുന്നപ്രകാരം തോന്നുകയും ചെയ്യുന്നു എന്നു വരികിലും അതു സ്വൎഗ്ഗത്തോളം വളൎന്നാൽ കൊള്ളാമെന്നാകുന്നു എന്റെ മതം. പുതുതായി പുറപ്പെട്ടു പോകുന്ന ബോധകരും മിശ്ശൻവേല ചെയ്യുമളവിൽ ലോകത്തിന്നു വേണ്ടി വളരുവാനോ, സല്കീൎത്തി പ്രാപിപ്പാനോ, സാന്നിദ്ധ്യം സമ്പാദിപ്പാനോ, ലോകപ്രസാദം നേടുവാനോ ശ്രമിക്കുന്നതിന്നു പകരം തങ്ങളും ദൈവം തങ്ങൾക്കു നല്കുംസഭകളും സ്വൎഗ്ഗത്തോളം വളൎന്നാൽ കൊള്ളായിരുന്നു. മലയാളികൾ "ഇളമാൻ കടവറിയാ, മുതുമാൻ ഓട്ടം വല്ലാ" എന്നു പറയുന്നു. വൃദ്ധന്മാൎക്കു കുറവുകൾ ഉണ്ടു സത്യം; യുവാക്കൾക്കും ഉണ്ടു നിശ്ചയം. നാം എവിടേ നോക്കിയാലും വരങ്ങൾ അനവധിയുണ്ടെങ്കിലും വൈകല്യവും ധാരാളമായിട്ടുണ്ടു. ശക്തികൾ വളരേ

ഉണ്ടെങ്കിലും ഊനങ്ങൾക്കും കുറവില്ല. കൎത്താവിന്റെ മനസ്സലിവു നമ്മെ താങ്ങുന്നില്ലെങ്കിൽ നാം അവന്റെ പ്രവൃത്തിയെ വിഷമം ആക്കുന്ന അരിഷ്ടപാപികളായത്രേ കാണപ്പെടുകയുള്ളു. എന്നാൽ ദൈവശക്തിയാൽ ഒരു പുതിയ ജീവൻ നമ്മിൽ ഉറഞ്ഞുവരികയും പിതാക്കന്മാരുടെ അവകാശത്തെ കരസ്ഥമാക്കുന്ന നൂതനവേലക്കാർ ഒക്കെയും കൎത്താവിൽ ഒന്നായി തീരുകയും ഓരോരുത്തനും തനിക്കു കിട്ടിയ വരങ്ങളെയും ദൈവം ഓരോന്നു സൂക്ഷിച്ചുവെച്ച തൻ ദരിദ്രഹൃദയത്തെയും അൎപ്പിച്ചു കൊടുക്കയും ചെയ്താൽ അപ്പോൾ ഹാ അറിവു എത്ര! ക്ഷാന്തി എത്ര! ആലോചന എത്ര! എന്തൊരു വാഗ്വൈഭവം! എന്തൊരു ഔദാൎയ്യശീലം! തന്നെത്താൻ വെറുപ്പാൻ എന്തൊരു താല്പൎയ്യം! ആ കപ്പാടേ ഇനി എന്തെല്ലാം കണ്ടെത്തുവാൻ കഴിയും! വേലയെ വിട്ട വൃദ്ധന്മാരും തങ്ങളുടെ ജ്ഞാനമുള്ള ആലോചനയെക്കൊണ്ടു സേവിച്ചും യുവാക്കൾ ശീഘ്രത്തോടേ പാഞ്ഞും കൊണ്ടിരിക്കേ കൎത്താവായ യേശു എല്ലാവരിലും ഏകശക്തിയും ഏകജ്ഞാനവും ആയി വസിക്കയും എല്ലാവൎക്കും ഏകരൂപം ആയിരിക്കയും ചെയ്യുന്നതു പോലേ തന്നേ ഒടുക്കം അവന്നു മാത്രം സകലബഹുമാനവും സമ്പാദിക്കയും ചെയ്താൽ നമ്മുടെ പഴയശക്തികൾ ദിവസേന കുറഞ്ഞുപോയാലും പ്രലാപിപ്പാൻ യാതൊരു ഹേതുവും കാണുന്നതല്ല സത്യം."

ഒന്നരക്കൊല്ലം കഴിഞ്ഞ ശേഷം മേല്പറഞ്ഞ ബാൎത്ത്പണ്ഡിതർ സ്വൎഗ്ഗത്തോളം വളൎന്നു തന്റെ ഓട്ടത്തെ വിശ്വാസത്തിൽ തീൎത്തതിൽ പിന്നേ ഗുണ്ടെൎത്ത്പണ്ഡിതർ അദ്ദേഹത്തിന്റെ പ്രവൃത്തി മുഴുവനും ഏറ്റു. ഈ ഉദ്യോഗം എന്തു എന്നു അതിനെപ്പറ്റി അറിയാത്തവന്നു ബോധിപ്പാൻ അത്ര എളുപ്പം അല്ല. മുഖ്യമായ പ്രവൃത്തി ഒരു സംഘത്തിന്റെ അഗ്രാസനരായി ക്രിസ്തീയഭാവത്തോടു കൂടേ ഓരോ പുസ്തകങ്ങൾ താന്തന്നേ രചിക്കയോ രചിപ്പാനായിട്ടു മറ്റുള്ളവരെ ഉത്സാഹിപ്പിക്കയോ ചെയ്യുന്നതു അത്രേ. ആളുകൾക്കു അറിവാൻ ആവശ്യമുള്ള ഓരോ കാൎയ്യത്തെ സംബന്ധിച്ചു ക്രിസ്തീയഭാവത്തോടു കൂടേ എഴുതപ്പെട്ട പുസ്തകങ്ങൾ ലഭിക്കുമാറു ആ സംഘം ഏകദേശം സകലവിഷയങ്ങളെ കുറിച്ചും പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തി വന്നു. നമ്മുടെ സഭയിൽ പ്രയോഗിച്ചുവരുന്ന വേദകഥകൾക്കു പുറമേ ക്രിസ്തീയമാൎഗ്ഗത്തെ സംബന്ധിച്ച മറ്റു പലവിധമായ പുസ്തകങ്ങൾ മാത്രമല്ല, സഭാചരിത്രം, ലോകചരിത്രം, സ്വദേശചരിത്രം, ഭൂമിശാസ്ത്രം, പ്രകൃതിശാസ്ത്രം, കണക്കുസാരം മുതലായവയെ സംബന്ധിച്ചും ഉള്ള പുസ്തകങ്ങളെ ആ സംഘം ചമെച്ചു. എന്നാൽ ഏററവും വിശേഷമായ ഗ്രന്ഥങ്ങൾ ഗുണ്ടെൎത്ത് പണ്ഡിതരുടെ സമയത്തിലാകുന്നു ഉത്ഭവിച്ചു വന്നതു. വിശേഷിച്ചു

ദൈവികശാസ്ത്രത്തെ സംബന്ധിച്ചെഴുതിയ മൂന്നു അതിവിശേഷമായ പുസ്തകങ്ങളുടെ കൎത്താവു ഈ പണ്ഡിതർ അത്രേ. ഗുണ്ടൎത്ത് പണ്ഡിതർ പുതിയനിയമത്തിന്റെ വ്യാഖ്യാനവും എഴുതി. ഇവകൾക്കു പുറമേ മേല്പറഞ്ഞ മൂന്നു മിശ്ശൻകടലാസ്സുകളും രചിക്കേണ്ടിവന്നു. ഒരു പത്തു സംവത്സരത്തോളം ഗുണ്ടൎത്ത്പണ്ഡിതർ മാസന്തോറും അഞ്ചു പത്രങ്ങൾ പ്രസിദ്ധമാക്കി. അതിൽ ഒന്നു പ്രത്യേകം ബാലരുടെ പരിഷ്കാരത്തിന്നായി എഴുതിയതാകുന്നു. ഗുണ്ടൎത്ത്പണ്ഡിതർ തൂവൽകൊണ്ടു എന്തെല്ലാം പ്രവൃത്തിച്ചു എന്നു ഈ ചെറിയ പ്രബന്ധത്തിൽ വിവരിപ്പാൻ വഹിയാ. ഇവയെല്ലാം ചെയ്തുകൊണ്ടിരിക്കേ വിലാത്തിയിൽ ചെന്നെത്തിയ ആദ്യ പത്തു സംവത്സരങ്ങൾക്കകം മലയാളികൾക്കു വിലയേറിയൊരു നിധിയെപ്പോലേ ഇരിക്കുന്ന വലിയ നിഘണ്ടുവിനെ ചമെച്ചു തീൎത്തശേഷം മററുള്ളവർ സ്വൈരം അനുഭവിക്കുന്ന സമയത്തു താൻ അനേകഭാഷകളോടൊന്നിച്ചു പ്രത്യേകമായി ജീവപൎയ്യന്തം സ്നേഹിച്ച മലയാളഭാഷയിലേ ഗ്രന്ഥങ്ങളെയും നിത്യം വായിച്ചുകൊണ്ടിരുന്നു. നിഘണ്ടുവിനെ തീൎത്ത ശേഷം പ്രവാചകഗ്രന്ഥങ്ങളെ ഭാഷാന്തരം ചെയ്തു. അതോടുകൂടേ മലയാളഭാഷാസംബന്ധമായി ചെയ്ത പ്രവൃത്തിയും സമൎപ്പിച്ചു. താൻ പാൎത്ത നഗരത്തിൽ ആഴ്ചവട്ടംതോറും രണ്ടു മൂന്നു പ്രാവശ്യം ദൈവവചനം അറിയിച്ചതു കൂടാതെ ഞായറാഴ്ചതോറും ആ രാജ്യത്തിൽ എവിടേ മിശ്ശൻ ഉത്സവം കൊണ്ടാടുന്നുവോ അവിടേയും ചെന്നു മിശ്ശൻവേലെക്കായി ആളുകളെ ഉത്സാഹിപ്പിക്കയോ, ഓരോ സഭകളിൽ ചെന്നു സുവിശേഷം പ്രസംഗിക്കയോ ചെയ്തുപോന്നു. സകലപ്രവൃത്തിയും സായ്പ് എത്രയും സൂക്ഷ്മത്തോടേ ചെയ്തു എന്നും കൂടേ ഓൎത്താൽ ഇതെല്ലാം സാധിപ്പിപ്പാൻ ഒരു മനുഷ്യന്റെ ശക്തി മതിയാകുമോ എന്നു സംശയിക്കാം. ഒരൊററ സംഖ്യനിമിത്തമോ വല്ലൊരുവന്റെ പേരിന്റെ അക്ഷരങ്ങൾനിമിത്തമോ ക്ഷമയോടേ ദീൎഘസമയത്തോളം ഓരോ ഗ്രന്ഥങ്ങളെ ആരാഞ്ഞു അന്വേഷിക്കും. സായ്പ പ്രയോഗിച്ച സ്വന്തനിഘണ്ടു ഈ ജീവചരിത്രം എഴുതുന്നവന്റെ കയ്യിൽ ഉണ്ടു. അതിലേ ൧൧൩ ഭാഗങ്ങളിൽ ഓരോ ഭാഗത്തും സായ്പ് പിന്നേത്തതിൽ വായിച്ച പുസ്തകങ്ങളിൽ കണ്ട ഓരോ പുതിയ പ്രയോഗങ്ങളെ പുതുതായി സ്വന്തകൈകൊണ്ടു കുറിച്ചുചേൎത്തതായി കാണുന്നു. ഏകദേശം ൧൪ ഭാഷകളിൽ എഴുതപ്പെട്ട ഓരോ വൎത്തമാനക്കടലാസ്സുകൾ ആഴ്ചതോറും തപാൽമാൎഗ്ഗമായി സായ്പിന്നു കിട്ടാറുണ്ടു. സായ്പോ ഇവയൊക്കെയും വായിച്ചു അതിന്റെ സാരാംശം താൻ എഴുതുന്ന ലിഖിതങ്ങളിൽ പ്രയോഗിച്ചുപോന്നു.

ഗുണ്ടത്ത്പണ്ഡിതൎക്ക വിലാത്തിയിലും മുഖ്യമായ കാൎയ്യം മിശ്ശൻ വേല തന്നേയായിരുന്നു. മീതേ പ്രസ്താവിച്ച പ്രകാരം മൂന്നോ നാലോ മിശ്ശൻവൎത്തമാനക്കടലാസ്സുകൾ രചിച്ചതു കൂടാതെ അവസരം കിട്ടുമ്പോലേ അതാതു സ്ഥലങ്ങളിൽ നടക്കുന്ന ഓരോ മിശ്ശൻ ഉത്സവങ്ങളിലും ചെന്നു ചേൎന്നു, ഈ വിശുദ്ധവേലെക്കായി ഭക്തരെ ഉത്സാഹിപ്പിക്കയും ചെയ്തു. മിശ്ശൻവേലയിൽ ചേരുവാൻ ഭാവിക്കുന്ന യുവാക്കൾ പലപ്പോഴും സായ്പിനോടു ആലോചന ചോദിക്കാറുണ്ടു. മിശ്ശൻവേലയിൽ ചേൎന്ന ശേഷവും അവർ കൂടക്കൂടേ ഈ പ്രിയ ഉപദേഷ്ടാവിന്റെ ആശ്വാസപ്രബോധനങ്ങളെ അത്യന്തം വിലമതിച്ചു പോന്നു. മിശ്ശൻവേലയെ ആക്രമിച്ചു താഴ്ത്തിപ്പറവാൻ തുനിയുന്നവരെ ബുദ്ധിയുപദേശിപ്പാൻ ഗുണ്ടത്ത്പണ്ഡിതർ തക്ക ആളായിരുന്നു. ൧൮൫൯-ാം കൊല്ലത്തിൽ താൻ രചിച്ച ഒരു വൎത്തമാനക്കടലാസ്സിൽ മിശ്ശൻവേലയെ സംബന്ധിച്ചു ഒരു വിശേഷമായ പ്രതിവാദം എഴുതി. ചിലപ്പോൾ ഈ വക അദ്ധ്വാനങ്ങളുടെ ഫലമായി അപരിചിതന്മാരായ ദരിദ്രരും ധനികന്മാരും തങ്ങളുടെ ദാനങ്ങളെ ദൈവരാജ്യവ്യാപാരത്തിന്നു വേണ്ടി സായ്പിന്റെ കയ്യിൽ ഏല്പിച്ചു. ഒരു കാശു മാത്രം കൊടുത്ത ആ വിധവയെ പോലേ വല്ലവരും ദാരിദ്ര്യത്തിൽനിന്നു തങ്ങൾക്കുള്ളതൊക്കയും കൎത്താവിന്നു അൎപ്പിച്ചു കൊടുക്കുമ്പോൾ സായ്പ് അതിൽ എത്രയും സന്തോഷിച്ചു. അങ്ങിനേയുള്ള ദാതാക്കളെ സായ്പ് ദൈവരാജ്യത്തിലേ കുലീനരെ പോലേ വിചാരിച്ചു ബഹുമാനിക്കയും ചെയ്തു.

ഉപദേഷ്ടാവു ക്രിസ്തീയസഹോദരന്മാരോടും സ്വന്തകുഡുംബത്തിലേ അവയവങ്ങളോടും പെരുമാറിയ വിധംകൊണ്ടു വളരേ പറവാനുണ്ടു. എങ്കിലും അതു ഈ ചെറിയ പ്രബന്ധത്തിൽ വിവരിപ്പാൻ സാധിക്കയില്ല. ഈ ഗുരുനാഥൻ താൻ ഉപദേശിച്ചതിന്നൊത്തവണ്ണം നടന്നു പോന്നതുകൊണ്ടു അവർ അനേക ആത്മാക്കളെ നീതിമാൎഗ്ഗത്തിലേക്കു നടത്തിയ ഒരു വെളിച്ചമായി ശോഭിച്ചു എന്നതിന്നു സന്ദേഹമില്ല. "ആരും തന്നെക്കൊണ്ടു നിറഞ്ഞുവരുന്നില്ല; അതുകൊണ്ടു ഉണ്മയായ വിശ്വാസം എവിടേയോ അവിടേ ദൈവത്തെയും ദൈവമക്കളെയും സ്നേഹിക്ക, ലോകത്തെ ജയിക്ക എന്നീ രണ്ടു ലക്ഷണങ്ങൾ ഉണ്ടാകുമെന്നും, നീ ദൈവത്തെ വല്ലോരു സംഗതിനിമിത്തമെങ്കിലും സ്തുതിക്കാത്ത ദിവസത്തെ നഷ്ടമായിപ്പോയ ദിവസമായി എണ്ണിക്കൊള്ളേണ്ടതു" എന്നും ഗുണ്ടത്ത്പണ്ഡിതർ പറഞ്ഞതു വിചാരിച്ചാൽ തന്റെ സ്വന്ത ജീവന്റെ പ്രാമാണ്യം എന്തായിരുന്നു എന്നു ബോധിക്കാമല്ലോ.

കുഡുംബത്തിലും കാലം ചെല്ലുന്തോറും ക്ലേശദുഃഖാദികളും എത്രയും വൎദ്ധിച്ചുവന്നു. ൧൮൭൦-ാം കൊല്ലത്തിൽ ഏകപുത്രിയുടെ ഭൎത്താവായ ഈസ്സൻബെൎഗ്ഗ് എന്ന ബോധകൻ ക്ഷയരോഗത്താൽ മരിച്ചു കൎത്താവിന്റെ സന്തോഷത്തിൽ പ്രവേശിച്ചപ്പോൾ ഗുണ്ടത്ത്പണ്ഡി

തർ വിശ്വാസത്തിൽനിന്നു ലവലേശം ഇളകിപ്പോകാതെ ജയഘോഷ ത്തോടു കൂടേ മരുമകന്റെ ശവക്കുഴിയുടെ മുമ്പാകേ നില്ക്കുകയത്രേ ചെ യ്തതു. എന്നാൽ ആ സമയത്തു തന്നേ നല്ല പ്രാപ്തിയുള്ള പൌൽ എന്ന മകൻ കൎത്തൃവേലെക്കായി ഒരുങ്ങിക്കൊണ്ടിരിക്കേ വിശ്വാസത്തിൽ നിന്നു പിഴകിപ്പോയതു അച്ഛൻ അധികം വലിയ ക്ലേശമായി വിചാ രിച്ചു. ഉപദേഷ്ടാവു ആ സമയത്തു മകന്നു എഴുതിയ കത്തുകൾ അതി മനോഹരമായിരുന്നു. അച്ഛന്റെ അതിസ്ഥിരമായ വിശ്വാസത്താലും അമ്മയച്ഛന്മാരുടെ നിരന്തരമായ പ്രാൎത്ഥനയാലും ഈ കാൎമ്മേഘവും നീങ്ങി. മകൻ വീണ്ടും മാനസാന്തരപ്പെട്ടു എത്രയും ശുഷ്കാന്തിയുള്ള ഒരു യേശുശിഷ്യനായിത്തീൎന്നു. എന്നാൽ ഈ ജയം പ്രാപിച്ചു ഉടനേ കൎത്താവു ഈ ബാല്യക്കാരനെ തികവിലേക്കു എത്തിപ്പാനായിട്ടു ഘോര കഷ്ടങ്ങളുടെ ചൂളയിൽ ഇട്ടു. അവനോ അന്തത്തോളം വിശ്വസ്തത കാണിച്ചു ശേഷം കൎത്താവു അവനെ സ്വരാജ്യത്തിൽ ചേൎത്തുകൊൾ കയും ചെയ്തു. ൧൮൮൦-ാം കൊല്ലത്തിൽ ഒരു മിന്നൽപിണർ എന്ന പോലേ ദ്വിതീയപുത്രനായ ശമുവേൽ മംഗലപുരത്തു വെച്ചു അന്ത രിച്ചു പോയി എന്നുള്ള കമ്പിവൎത്തമാനം എത്തി. ഒരു കൊല്ലം മാത്രം കഴിഞ്ഞ ശേഷമോ സാഹിബിന്റെ പ്രാണസ്നേഹിതനായ മേഗ്ലിങ്ങ് പ ണ്ഡിതർ തൻ ഓട്ടം തീൎത്തു വിശ്രാമത്തിൽ പ്രവേശിച്ചപ്പോൾ വൃദ്ധ നായ ഉപദേഷ്ടാവിന്നു കൂടക്കൂടേ താൻ ഏകാന്തത്തിൽ പാൎക്കുന്നു എന്നു തോന്നി. എന്നാൽ ഏററവും വലുതായ വിരഹതാപം ൧൮൮൫-ാം കൊ ല്ലത്തിൽ സഹിക്കേണ്ടി വന്നു. രംഗങ്ങളിൽ ചിലവാനം സംവത്സരത്തോളം സൎവ്വസുഖദുഃഖാദികളിലും കൎത്തൃവേലയിലും സാക്ഷാൽ തുണയായി നിന്നു സാഹിബിനോടു ഒന്നിച്ചു എല്ലാം സമാനഭാവത്തോടേ അനുഭവിച്ച പ്രിയ ഗുണ്ടൎത്ത് മദാമ്മ അതിഭയങ്കരമായ രോഗത്താൽ മരിച്ചു, തേജ സ്സിൽ പ്രവേശിക്കയും ചെയ്തു. കൂടക്കൂടേ “എത്രത്തോളം! പിതാവേ ക്ഷമിക്ക! എൻ ദൈവമേ!” എന്നു ദീൎഘശ്വാസത്തോടു കൂടേ നിലവി ളിച്ചു പറഞ്ഞശേഷം അതിവിശ്വസ്തയായ ഈ അമ്മ തൻ ഇടയന്റെ മടിയിൽ എത്തി ഉള്ളവണ്ണം സുഖിപ്പാൻ തുടങ്ങുകയും ചെയ്തു.

൧൮൯൦-ാം കൊല്ലം വരേ സാഹിബ് മേല്പറഞ്ഞ വിധത്തിൽ പ്രവൃ ത്തിച്ചു കൊണ്ടിരുന്നു. ക്രമേണ നടപ്പാൻ പ്രയാസം തോന്നിയെ ങ്കിലും തൂവൽകൊണ്ടു ചെയ്ത പ്രവൃത്തിക്കു ഒരു മുടക്കവും ഉണ്ടായിട്ടില്ല. ആ കൊല്ലം തൊട്ടു മഹോദരം എന്ന രോഗം പിടിച്ചു സാഹിബ് സാക്ഷാൽ ദീനക്കാരനായിത്തീൎന്നു. എന്നിട്ടും ഒരു തൂവൽ പിടിപ്പാനോ വല്ലതും വായിപ്പാനോ ശക്തി ശേഷിക്കുന്നേടത്തോളം തന്റെ പ്രവൃത്തി മതിയാ ക്കീട്ടില്ല. അന്നൊരു പുതിയ പ്രവൃത്തി പോലും ആരംഭിച്ചു. ദിവ സേന സാഹിബിന്റെ മുറിയിൽ വന്ന രണ്ടു പൌത്രിമാരെ സാഹിബ് ലോക ചരിത്രവും ഇംഗ്ലീഷുഭാഷയും പഠിപ്പിച്ചു. ൧൮൯൧-ാം കൊല്ലത്തിന്റെ

ആരംഭത്തിൽ വൈദ്യൻ വന്നു ഉപചാരവാക്കു പറഞ്ഞപ്പോൾ സായ്പ് അദ്ദേഹത്തോടു: "എന്നാൽ ഇഹത്തിൽ ഇതു എന്റെ അവസാന ആണ്ടല്ലേ?" എന്നു ചോദിച്ചപ്പോൾ വൈദ്യൻ ഉത്തരമായി: "അങ്ങിനേ വിചാരിപ്പാൻ വളരേ സംഗതിയുണ്ടു" എന്നു പറഞ്ഞാറേ ഉപദേഷ്ടാവു വളരേ സന്തോഷിച്ചു കുട്ടികളോടു "ഈ കൊല്ലത്തിൽ സ്വദേശത്തിൽ പോകുമെന്നു വൈദ്യൻ വാഗ്ദത്തം ചെയ്തുവല്ലോ" എന്നു പറഞ്ഞു. എന്നാൽ ആ ആണ്ടിന്റെ അവസാനദിവസത്തിൽ സായ്പ് വീട്ടുകാരോടു: "അയ്യോ! വൈദ്യൻ എന്നെ തോല്പിച്ചുവല്ലോ കഷ്ടം!" എന്നു പറഞ്ഞു പോൽ. സായ്പ് ദീൎഘസമയത്തോളം എത്രയും കഷ്ടപ്പെട്ടാലും വല്ലപ്പോഴെങ്കിലും അക്ഷമാഭാവം കാട്ടി പ്രലപിക്കയോ പിറുപിറുക്കയോ ചെയ്തിട്ടില്ല. അന്ത്യത്തോളം സായ്പിനെ ശുശ്രൂഷിച്ച കുഡുംബക്കാർ ഈ വിശ്വാസവീരന്റെ പ്രാൎത്ഥനയും സംഭാഷണവും കേട്ടിട്ടു ഏററവും ആശ്വസിക്കയും ധൈൎയ്യപ്പെടുകയും ചെയ്തു. സ്വന്തകഷ്ടങ്ങളെക്കൊണ്ടു പോലും സായ്പ് ചിലപ്പോൾ കളിവാക്കു പറഞ്ഞു. ൧൮൯൩-ാം കൊല്ലത്തിന്റെ ആരംഭത്തിൽ ഉപദേഷ്ടാവു മേല്പറഞ്ഞ പുത്രിമാരെ സ്ഥിരീകരണത്തിന്നായി ഒരുക്കി. സ്ഥിരീകരണദിവസമായ ഏപ്രിൽ ൨൫-ാം തിയ്യതി രാവിലേ അവർ ഈ കുട്ടികളോടൊന്നിച്ചു എത്രയും ശ്രദ്ധയോടേ പ്രാൎത്ഥിച്ചു. പിറേറ ബുധനാഴ്ച സായ്പിന്റെ കാൎയ്യം കലശലായിത്തീൎന്നു. കുഡുംബത്തിലേ അവയവങ്ങളെല്ലാം വന്നു ചേൎന്നു. വെള്ളിയാഴ്ച ഉച്ചതിരിഞ്ഞശേഷം ശക്തി മേല്ക്കുമേൽ കുറഞ്ഞു പോയതുകൊണ്ടു ഉപദേഷ്ടാവു ഒന്നും മിണ്ടാതെ കിടന്നുറങ്ങി. സന്ധ്യയായപ്പോൾ ഒരു മകൻ ൨൩-ാം സങ്കീൎത്തനം വായിച്ചു തീൎത്തപ്പോൾ സായ്പ് പെട്ടന്നു ഉറക്കേ "അതേ കൎത്താവേ! ഞങ്ങൾ നിന്റെ ഭവനത്തിൽ എന്നേക്കും വസിക്കും എന്നതു നീ തന്നേ ഞങ്ങളിൽ ഉറപ്പിക്കേ ആവു" എന്നു ചൊല്ലി. "ആമെൻ" എന്നു പറയുന്നതിന്നു മുമ്പേ ഉറങ്ങിപ്പോയി. ശനിയാഴ്ച വൈകുന്നേരം അന്ത്യൻ സായ്പിനോടു: "നിങ്ങൾക്കു പൂൎണ്ണസമാധാനവും ധൈൎയ്യാശ്വാസങ്ങളും ഉണ്ടോ?" എന്നു ചോദിച്ചപ്പോൾ, ഉപദേഷ്ടാവു ഉറക്കേ "ഉവ്വ, എനിക്കുണ്ടു" എന്നു പറഞ്ഞു. ഞായറാഴ്ച വൈകുന്നേരം സായ്പ് അത്യാസന്നത്തിൽ കിടക്കുന്നു എന്നു കുഡുംബക്കാർ വിചാരിച്ചതുകൊണ്ടു കുഡുംബത്തിലേ ഓരോ അവയവും അച്ഛന്റെ അടുക്കൽ ചെന്നു കേണു പിതാവിന്റെ കൈ പിടിച്ചപ്പോൾ അവർ ഓരോരുത്തരുടെയും മുഖത്തു സ്നേഹഭാവത്തോടേ നോക്കി എങ്കിലും യാതൊന്നും ഉരിയാടുവാൻ കഴിഞ്ഞില്ല. ഒരു മകൻ എല്ലാവരുടെ നാമത്തിലും അച്ഛന്നു നന്ദി പറഞ്ഞു. "ഞങ്ങൾ എല്ലാവരും നിങ്ങളെ പിഞ്ചെല്ലും" എന്നു ചൊല്ലിയപ്പോൾ ഉപദേഷ്ടാവു: "അതു തന്നേ ജ്ഞാനമായിരിക്കും" എന്നു പറഞ്ഞു. അവസാനനാഴിക വന്നെത്തി എന്നാശിച്ചു മഹാസന്തോഷത്തോടു കൂടേ ചുററിലും നോക്കി,

എന്നാൽ തിങ്കളാഴ്ച രാവിലേ ദീനത്തിന്നു കുറേ ഭേദം കണ്ടു. ഡീസ്റ്റ് സായ്പ് എഴുതി അയച്ച ഒരു കത്തു വായിക്കുന്നതു ശ്രദ്ധയോടേ കേട്ടു. അപ്രകാരം തന്നേ ശെഊഫ്ലർ സായ്പിനെയും അന്നു രാവിലേ കണ്ടു സംസാരിച്ചു ആ സായ്പിനോടു പറഞ്ഞ വാക്കു സ്പഷ്ടമായി കേട്ട അവസാന വാക്കായിരുന്നു. ആ ദിവസത്തിൽ മുഴുവനും ഒന്നും ഉരിയാടാതെ കിടന്നെങ്കിലും സായ്പിന്റെ കണ്ണിൽ സമാധാനവും സന്തോഷവും പ്രത്യക്ഷമായിരുന്നു. അവസാനരാത്രിയിൽ കുഡുംബക്കാരൊക്കയും അച്ഛന്റെ ചുററിലും നിന്നു ഓരോ വേദോക്തങ്ങളെ വായിക്കയും ക്രിസ്തീയ ഗീതങ്ങളെ പാടുകയും ചെയ്തപ്പോൾ ഉപദേഷ്ടാവു കൂടക്കൂടേ കണ്ണു തുറന്നു ചുററിലും നില്ക്കുന്നവരെ ശ്രദ്ധയോടേ നോക്കി, ഒടുക്കം കൂടക്കൂടേ "കൎത്താവേ!" എന്നു ചൊല്ലിയ ശേഷം ചൊവ്വാഴ്ച രാവിലേ നാലര മണിക്കു (ഏപ്രിൽ ൨൫-ാം തിയ്യതി) പ്രാണനെ വിട്ടു താൻ കാംക്ഷിച്ച പ്രകാരം കൎത്താവിന്റെ സ്വസ്ഥതയിൽ പ്രവേശിക്കയും ചെയ്തു.

എന്നാൽ ൨൭-ാംനു- ശവസംസ്കാരത്തിന്നായി വന്നു കൂടിയ വലിയ സമൂഹം ഈ ദൈവപുരുഷന്റെ ജീവപ്രയാണത്തെക്കൊണ്ടു ആലോചിച്ചു നോക്കിയപ്പോൾ "നമ്മുടെ കൎത്താവായ യേശുക്രിസ്തനെക്കൊണ്ടു നമുക്കു ജയത്തെ നല്കുന്ന ദൈവത്തിന്നു സ്തോത്രം" എന്നും "എന്നിൽ വിശ്വസിക്കുന്നവനിൽനിന്നു ജീവനുള്ള വെള്ളത്തിൻ പുഴകൾ ഒഴുകും" എന്നും ഉള്ള രണ്ടു വേദോക്തങ്ങൾ ഈ ദൈവഭക്തനിൽ നിവൃത്തിയായി എന്നു സന്തോഷത്തോടേ സ്വീകരിച്ചിരിക്കുന്നു. ദൂരസ്ഥരായ നമ്മുടെ മേലും നന്ദിയുടെ കടങ്ങൾ ഓരോന്നു കിടക്കുന്നു. എല്ലാ തികഞ്ഞ ദാനങ്ങളും വെളിച്ചങ്ങളുടെ പിതാവായ ദൈവത്തിൽനിന്നു ഇറങ്ങി വരുന്നതുകൊണ്ടു കേരളജനത്തിന്നു അനുഭവമായ പല അനുഗ്രഹങ്ങൾക്കു ആസ്പദീഭവിച്ച ഇദ്ദേഹത്തെ നമുക്കു സമ്മാനിച്ച പരമദൈവത്തിന്നു നാം മനഃപൂൎവ്വം കൃതജ്ഞരായി ഇരിക്കേണ്ടു. അത്രയുമല്ല, "നിങ്ങൾക്കു ദൈവവചനത്തെ പറഞ്ഞുതന്നു നിങ്ങളെ നടത്തിയവരെ ഓൎമ്മയിലാക്കി അവരുടെ നടപ്പുറുതിയെ നോക്കി ധ്യാനിച്ചു വിശ്വാസത്തെ അനുകരിപ്പിൻ" എന്നു ദൈവവചനം കല്പിക്കുന്ന പോലേ ഈ ഗുരുശ്രേഷ്ഠന്റെ വിശ്വാസത്തെ നോക്കി നടപ്പിനെ അനുകരിക്കുന്നതും നമ്മുടെ മുറയാകുന്നു. ലോകരക്ഷിതാവായ യേശുക്രിസ്തന്നു നമ്മുടെ ഹൃദയത്തെയും നമ്മെത്തന്നേ മുഴുവനും സ്നേഹപൂൎവ്വം ഭരമേല്പിച്ചു തൻ സേവ ജീവപൎയ്യന്തം ചെയ്തു സുഖദുഃഖങ്ങളിൽ അവന്റെ ബഹുമാനത്തിന്നായി ജീവിപ്പാൻ ഈ ദൈവപുരുഷന്റെ ജീവചരിത്രവും നമ്മെ ഉത്സാഹിപ്പിക്കട്ടേ!

# MALAYALAM WORKS

BY THE LATE

## Dr. H. GUNDERT.

| | Rs. | As. | P. |
|---|---|---|---|
| The New Testament, translated from the Original, 2nd Edition, 8°, 629 pp. പുതിയ നിയമം . . . . . . . . . | 0 | 6 | 0 |
| The Poetical Books of the Old Testament, do. 8°, 423 pp. . | 0 | 4 | 0 |
| The Book of Psalms, 8°, 2nd rev. Ed. 196 pp. സങ്കീൎത്തനങ്ങൾ . | 0 | 1 | 0 |
| The Prophetical Books of the Old Testament, 8°, 468 pp. പ്രവാചകലേഖകൾ . . . . . . . . . . . . . . . | 0 | 4 | 0 |
| Hymnbook (276 Hymns, whereof 215 by Dr. Gundert), 6th Edition, 8°, 316 pp. ക്രിസ്തീയഗീതങ്ങൾ . . . . . . . . . . . | 0 | 6 | 0 |
| Second Catechism (for Confirmation), 3rd Edition, 12°, 22 pp. സ്ഥിരീകരണത്തിനുള്ള ഉപദേശം . . . . . . . . . . | 0 | 0 | 6 |
| The Life of Christ, in Malayâlam, combined with an English Gospel Harmony, 2nd Edition, 8°, 339 pp. . . . . . . | 1 | 0 | 0 |
| History of the Church of Christ, 2nd Edition, 8°, 364 pp. ക്രിസ്തസഭാചരിത്രം . . . . . . . . . . . . . . | 1 | 0 | 0 |
| History of the Reformation in Germany, 2nd Edition, 12°, 103 pp. ഗൎമ്മാനദേശത്തിലെ ക്രിസ്തസഭാനവീകരണം . . . . . | 0 | 0 | 6 |
| Malayâlam Spelling and Reading Book, 14th Edition, 8°, 39 pp. വലിയ പാഠാരംഭം . . . . . . . . . . . . . . . | 0 | 2 | 0 |
| Malayâlam Anthology, for the Use of Schools. പാഠമാല . . . | | | |
| A First Catechism of Malayâlam Grammar (the Eighth Edition by L. Garthwaite.) മലയാള വ്യാകരണ ചോദ്യോത്തരം . . . . . | 0 | 3 | 9 |
| A First Catechism of the Malayâlam Language, 4th Edition, 247 pp., Diglot Edition, revised by L. Garthwaite. വ്യാകരണ ചോദ്യോത്തരം . . . . . . . . . . . . . . . . . | 0 | 14 | 0 |
| A Grammar of the Malayâlam Language, 2nd Edition, 8°, VI. and 413 pp. മലയാള ഭാഷാവ്യാകരണം . . . . . . . . | 1 | 8 | 0 |
| A Malayâlam and English Dictionary, Royal 8°, XVIII. and 1116 pp. മലയാള ഇംഗ്ലിഷ് നിഘണ്ടു . . . . . . . . . | 7 | 0 | 0 |
| Kêralôlpatti, or the Origin of Malabar, 4th Edition, 12°, 115 pp. കേരളോല്പത്തി . . . . . . . . . . . . . . . . | 0 | 4 | 0 |
| Kêralaparama, or the History of Malabar, A. D. 1498-1631, 12°, 195 pp. കേരളപ്പഴമ . . . . . . . . . . . . . . | 0 | 6 | 0 |
| One Thousand Proverbs, 2nd Ed., 16°, 67 pp. ആയിരം പഴഞ്ചൊല്ലുകൾ | 0 | 2 | 0 |
| The Art of dying Happy, 5th Ed., 16°, 35 pp. സന്മരണവിദ്യ . | 0 | 0 | 2 |
| The Mirror of the Heart, or Heartbook, 3rd Edition, 16°, 64 pp. മനുഷ്യഹൃദയം . . . . . . . . . . . . . . . . . | 0 | 0 | 6 |
| On Religion (from the Canarese), 5th Edition, 16°, 64 pp. മതവിചാരണ . . . . . . . . . . . . . . . . . . | 0 | 0 | 6 |
| Truth and Error in Nala's History, 4th Edition, 12°, 72 pp. നളചരിതസാരശോധന . . . . . . . . . . . . . | 0 | 0 | 6 |
| The Diamond Needle (Vajrasûci), Sanskrit-Malayâlam, 4th Edition, 16°, 35 pp. വജ്രസൂചി . . . . . . . . . . . . . | 0 | 0 | 6 |
| History of Mohammed, 3rd Edition, 16°, 39 pp. മുഹമ്മദ്ചരിത്രം . | 0 | 0 | 3 |
| Malayâlam Proverbs, applied to Christianity, 12°, 88 pp. പഴഞ്ചൊൽമാല . . . . . . . . . . . . . . . . | 0 | 2 | 0 |

1,40

# LIFE

OF

# Dr. H. GUNDERT

ഗുണ്ടൎത്ത് പണ്ഡിതരുടെ

# ജീവചരിത്രം

MANGALORE
BASEL MISSION BOOK & TRACT DEPOSITORY
1896